
# എറണാകുളം മിസ്സം
# ERNAKULAM MISSAM
English & Malayalam Monthly

Vol. No. 67 Issue No. 1 January 2024 Rs. 15/-

എറണാകുളം-അങ്കമാലി അതിരൂപത
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
**ബിഷപ് ബോസ്കോ പുത്തൂർ** പിതാവിന്
സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ!!!





**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്,**
**എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത**
എന്നീ നിലകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച
**കർദിനാൾ ജോർജ് ആലഞ്ചേരി** പിതാവിന്
അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി!!!



എറണാകുളം-അങ്കമാലി അതിരൂപതയുടെ
**അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ**
എന്ന നിലയിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച
***ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത്*** പിതാവിന്
അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി!!!

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 Issue No. 1 January 2024 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. ലോക സമാധാനദിനം
22. മാർപാപ്പ അതിരൂപതയ്ക്കു നൽകിയ സന്ദേശം
29. കത്ത് - കർദിനാൾ ജോർജ് ആലഞ്ചേരി
30. സർക്കുലർ - മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ
35. സർക്കുലർ 5/2023 - ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത്
43. കത്ത് - ആർച്ചുബിഷപ് സിറിൽ വാസിൽ
46. സർക്കുലർ 6/2023 - ബിഷപ് ബോസ്കോ പുത്തൂർ
48. കച്ചേരിക്കാര്യം
50. നിര്യാതരായി
57. വാർത്തകളും വിശേഷങ്ങളും
61. വിശ്വാസപരിശീലന കേന്ദ്രം
63. ഫാമിലി അപ്പോസ്റ്റലേറ്റ്
64. AICO
65. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
69. നൈപുണ്യ ഇന്റർനാഷണൽ
71. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Msgr. Mankuzhikary Mathew, Kokkamangalam | 1909 | 1934 | 2-1-2003 |
| Fr. Parakkal Scaria, Kanjoor | 1881 | 1901 | 4-1-1965 |
| Fr. Thayamkery Joseph, Edappally | 1905 | 1933 | 4-1-1986 |
| Fr. Kottackal George, Angamaly | 1930 | 1955 | 5-1-2006 |
| Fr. Pallippadan Joseph, Thirumudikunnu | 1939 | 1967 | 5-1-2020 |
| Fr. Mundadan Jose, Josepuram | 1960 | 1984 | 6-1-2020 |
| Fr. Vattoly Leon TOCD, Kadukutty | 1856 | 1883 | 7-1-1911 |
| Fr. Chakiath Scaria, Thycattussery | 1876 | 1895 | 7-1-1955 |
| Fr. Vattamkandathil George, Vadayar | 1891 | 1924 | 7-1-1967 |
| Fr. Painumkal Mathew, Kandanad | 1942 | 1967 | 8-1-2021 |
| Mar Augustine Kandathil, Chempu | 1874 | 1901 | 10-1-1956 |
| Fr. Thekkinen Joseph, Manjapra | 1928 | 1956 | 11-1-1991 |
| Fr. Narayamparambil John, Thuravoor S. | 1924 | 1950 | 11-1-1997 |
| Fr. Panikkassery John, Panavally | 1888 | 1913 | 13-1-1953 |
| Fr. Mundadan Thariaku, Angamaly | 1868 | 1894 | 16-1-1950 |
| Fr. Chirackal Isaac, Muttom | 1895 | 1922 | 17-1-1962 |
| Fr. Painadeth Kochouseph, Karukutty | 1881 | 1910 | 19-1-1947 |
| Fr. Sankoorikal Elias TOCD, Narakkal | 1851 | 1876 | 21-1-1900 |
| Fr. Thayamkery Jacob, Kumbalam | 1878 | 1913 | 21-1-1944 |
| Fr. Puthenveliyil Jacob, Pallippuram | 1914 | 1948 | 23-1-2012 |
| Fr. Panjikaren Kuriakose, Muttom | 1864 | 1895 | 24-1-1940 |
| Msgr. Chiramel Kuriakose, Kadukutty | 1906 | 1936 | 24-1-1986 |
| Fr. Vadassery Paul, Palluruthy | 1900 | 1929 | 25-1-1978 |
| Fr. Edathichira Thomas, Chalil | 1922 | 1949 | 25-1-2000 |
| Fr. Edathichira Joseph, Chalil | 1937 | 1962 | 28-1-2015 |
| Fr. Antony (Joy) Elamkuttichira | 1936 | 1966 | 29-1-2019 |
| Fr. Chiramel Varkey, Koratty (Meloor) | | | 30-1-1901 |
| Msgr. Naduvathussery Jacob, Aluva | 1883 | 1909 | 30-1-1967 |
| Fr. Kattuparambil Varghese, Kadavanthra | 1953 | 1978 | 30-1-2015 |
| Msgr. Menachery George , Puthenpally | 1894 | 1924 | 31-1-1969 |
| Fr. Menachery Thomas, Karumaloor | 1945 | 1971 | 31-1-2000 |

# 57-ാമത് ലോകസമാധാനദിനം

(ജനുവരി 1, 2024)

## നിർമ്മിത ബുദ്ധിയും സമാധാനവും

കർത്താവ് നമുക്ക് ഓരോരുത്തർക്കും നൽകുന്ന കൃപയുടെ അവസരമായ പുതുവർഷത്തിന്റെ ആരംഭത്തിൽ, സമാധാനത്തിനായുള്ള എന്റെ ഊഷ്മളമായ ആശംസകൾ നിങ്ങൾക്ക് ഓരോരുത്തർക്കും നൽകാൻ ഞാൻ ആഗ്രഹിക്കുന്നു: ദൈവജനത്തിനും എല്ലാ രാഷ്ട്രങ്ങൾക്കും രാഷ്ട്രഭരണകർത്താക്കൾക്കും മത-സാമൂഹ്യ നേതാക്കൾക്കും നമ്മുടെ ഈ കാലഘട്ടത്തിലെ എല്ലാ സ്ത്രീപുരുഷന്മാർക്കും.

### 1. ശാസ്ത്ര-സാങ്കേതിക പുരോഗതി: സമാധാനത്തിനുള്ള മാർഗം

'സാമർഥ്യവും ബുദ്ധിശക്തിയും വിജ്ഞാനവും എല്ലാത്തരം ശില്പ വേലകളിലുമുള്ള വൈദഗ്ധ്യവും നൽകി (പുറ 35:31) ദൈവം തന്റെ ആത്മാവിനെ മനുഷ്യരുടെമേൽ വർഷിച്ചു എന്ന് വിശുദ്ധ ലിഖിതം സാക്ഷ്യപ്പെടുത്തുന്നു. തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിക്കുകയും (ഉത്പ 1:26 കാണുക) തന്റെ സ്നേഹത്തോടു ബോധപൂർവവും സ്വതന്ത്രവും ആയ വിധം പ്രത്യുത്തരിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്ത സ്രഷ്ടാവ് നമ്മുടെമേൽ ചൊരിഞ്ഞ മാഹാത്മ്യത്തിന്റെ അടയാളമാണ് മനുഷ്യബുദ്ധി. മനുഷ്യബുദ്ധിയുടെ അടിസ്ഥാനപരമായുള്ള ബന്ധുത്വസ്വഭാവത്തെ വളരെ പ്രത്യേകമാംവിധം പ്രകാശിതം ആക്കുന്ന ഒന്നാണ് ശാസ്ത്രവും സാങ്കേതിക വിദ്യയും; മനുഷ്യബുദ്ധിയുടെ സർഗാത്മക സാധ്യതയുടെ ഉജ്ജ്വല നേട്ടങ്ങളാണ് അവ.

'സഭ ആധുനിക ലോകത്തിൽ' എന്ന അജപാലന കോൺസ്റ്റിറ്റ്യൂഷനിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ സത്യം ഊന്നിപ്പറഞ്ഞു: 'മനുഷ്യൻ സ്വപ്രയത്നങ്ങളും ജന്മസിദ്ധമായ കഴിവുകളുംവഴി ജീവിതത്തെ മെച്ചപ്പെടുത്താൻ നിരന്തരം പരിശ്രമിച്ചിട്ടുണ്ട്'.(1) 'സാങ്കേതിക വിദ്യയുടെ സഹായത്തോടെ' 'ഭൂമി ഫലദായകവും മനുഷ്യകുടുംബത്തിനു മുഴുവനും വാസയോഗ്യവുമാക്കാൻ'(2) മനുഷ്യർ ശ്രമിക്കുമ്പോൾ അവർ ദൈവത്തിന്റെ പദ്ധതിയാണ് നടപ്പാക്കുന്നത്; അതോടൊപ്പം

സൃഷ്ടിയെ പൂർണമാക്കാനും എല്ലാ ജനതകളുടെയും ഇടയിൽ സമാധാനം സ്ഥാപിക്കാനും ഉള്ള അവിടത്തെ ഹിതത്തോട് അവർ സഹകരിക്കുകയുമാണ്. മനുഷ്യസമൂഹത്തിൽ കൂടുതൽ ക്രമവും വർധിതവുമായ സാഹോദര്യപൂർവ ഐക്യവും സ്വാതന്ത്ര്യവും നില നിർത്താനായി ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പുരോ ഗതി ഉപകരിക്കുന്നിടത്തോളം അത് മനുഷ്യരാശിയുടെ മേന്മയിലേക്കും ലോകത്തിന്റെ പരിവർത്തനത്തിലേക്കും നയിക്കുന്ന ഒന്നായിരിക്കും.

ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും ആകർഷണീയമായ നേട്ടങ്ങളുടെമേൽ നാം സന്തോഷിക്കുകയും കൃതാർത്ഥരായിരിക്കുക യും ചെയ്യുന്നു. മുമ്പൊക്കെ മനുഷ്യജീവിതത്തെ അലട്ടിക്കൊണ്ടിരുന്ന അസംഖ്യം രോഗങ്ങളെയും അവ വഴി ഉണ്ടായ വലിയ സഹനത്തെയും നിർമാർജനം ചെയ്യാൻ പ്രസ്തുത നേട്ടങ്ങൾ കാരണമായിട്ടുണ്ട്. അതേ സമയം, ശാസ്ത്ര-സാങ്കേതിക വിദ്യയിലെ മുന്നേറ്റങ്ങൾ, മുമ്പൊന്നും സാധ്യമാകാതിരുന്നവിധത്തിൽ യാഥാർഥ്യത്തെ നിയന്ത്രിക്കാൻ പ്രാപ്തമായിരിക്കുന്നു എന്നതിനാൽ, അവ മനുഷ്യകരങ്ങളിൽ വളരെ വലിയ സാധ്യതകളുടെ ഒരു നിര ഒരുക്കി നിർത്തുന്നു; അവയിൽ ചിലതിനു നമ്മുടെതന്നെ അസ്തിത്വത്തെ അപായത്തിലാക്കാനും നമ്മുടെ പൊതു ഭവനത്തെ അപകടപ്പെടുത്താനും സാധിക്കും [3].

പുതിയ വിവരസാങ്കേതിക വിദ്യകളിലുണ്ടായിട്ടുള്ള ശ്രദ്ധേയമായ പുരോ ഗതികൾ, ഏറെ പ്രത്യേകിച്ച് ഡിജിറ്റൽ മേഖലയിൽ, ആവേശം ഉണർ ത്തുന്ന അവസരങ്ങൾ നൽകുമ്പോൾതന്നെ അവയോടൊപ്പം ഗുരുതര മായ അപകട സാധ്യതകളും കൊണ്ടുവരുന്നു; ജനതകളുടെ ഇടയിൽ ഉണ്ടായിരിക്കേണ്ട നീതിക്കും ഒത്തൊരുമയ്ക്കും അവ വലിയ വെല്ലു വിളികൾ ഉയർത്തുന്നു. അടിയന്തരമായ നിരവധി ചോദ്യങ്ങൾ ഇവിടെ ഉന്നയിക്കപ്പെടണം. ഈ പുതിയ ഡിജിറ്റൽ സാങ്കേതിക വിദ്യകൾ വഴിയായി സമീപ-വിദൂര ഭാവിയിൽ ഉണ്ടാകാവുന്ന അനന്തരഫലങ്ങൾ ഏവ? അന്താരാഷ്ട്ര സ്ഥിരതയെയും സമാധാനത്തെയും സംബന്ധിച്ച് വ്യക്തിജീവിതങ്ങളിലും സമൂഹങ്ങളിലും അതുണ്ടാക്കുന്ന ആഘാതം എത്രമാത്രമായിരിക്കും?

## 2. നിർമ്മിത ബുദ്ധിയുടെ ഭാവി: വാഗ്ദാനത്തിനും അപകട ത്തിനും ഇടയിൽ

ഇക്കഴിഞ്ഞ ദശകങ്ങളിലെ വിവരസാങ്കേതിക വിദ്യയിലെ പുരോഗതിയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വികാസവും ആഗോള സമൂഹത്തിലും അതിന്റെ വ്യത്യസ്ത തലങ്ങളിലും ആഴത്തിലുള്ള രൂപപരിണാമങ്ങൾ ഇപ്പോൾതന്നെ ഉണ്ടാക്കികഴിഞ്ഞിരിക്കുന്നു. നവ ഡിജിറ്റൽ ഉപകരണങ്ങൾ ഇപ്പോൾതന്നെ സമ്പർക്ക മാധ്യമങ്ങളുടെയും പൊതുഭരണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഉപഭോഗത്തിന്റെയും വ്യക്തികൾ തമ്മിലുള്ള പരസ്പര വ്യവഹാരത്തിന്റെയും, എന്നല്ല നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അസംഖ്യം കാര്യങ്ങളെ, മാറ്റിമറിച്ചു കൊണ്ടിരിക്കുന്നു.

മാത്രമല്ല, ഇന്റർനെറ്റിൽ പതിഞ്ഞിട്ടുള്ള ഡിജിറ്റൽ കാൽപ്പാടുകളിൽ നിന്ന് വ്യത്യസ്തങ്ങളായ കണക്കുകൂട്ടലുകൾ (algorithms) ഉപയോഗിച്ചു കൊണ്ട് സാങ്കേതികവിദ്യകൾക്ക് വിവരങ്ങൾ കവർന്നെടുത്തു കൊണ്ട് വാണിജ്യപരവും രാഷ്ട്രീയപരവുമായ ലക്ഷ്യങ്ങളോടെ നമ്മുടെ മാനസികവും ബന്ധങ്ങൾ സംബന്ധിച്ചുള്ളതുമായ ശീലങ്ങളെ നിയന്ത്രിക്കാൻപോലും സാധിക്കും; അത് പലപ്പോഴും നമ്മുടെ അറിവുകൂടാതെയും ആയിരിക്കും; അതുവഴി തെരഞ്ഞെടുക്കാനുള്ള നമ്മുടെ ബോധപൂർവമുള്ള സ്വാതന്ത്ര്യം പരിമിതപ്പെടുത്താനും സാധിക്കും. വിവരത്തിന്റെ പ്രളയത്താൽ നിറഞ്ഞിരിക്കുന്ന വെബ്ബിന്റെ (web) അന്തരീക്ഷത്തിൽ ഡേറ്റായുടെ ഒഴുക്കിന്റെ ഘടന ചില തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് നിർണയിക്കാനാകും; അക്കാര്യം ഉപയോക്താവുതന്നെ എപ്പോഴും മനസ്സിലാക്കിയെന്നുവരില്ല.

ശാസ്ത്രീയ ഗവേഷണവും സാങ്കേതികവിദ്യയിലുള്ള കണ്ടുപിടിത്തങ്ങളും അശരീരികളോ 'നപുംസകങ്ങളോ'[4] അല്ലെന്നുള്ള കാര്യം നാം ഓർക്കേണ്ടതുണ്ട്; അവ സാംസ്കാരിക സ്വാധീനങ്ങൾക്ക് വിധേയമാണ്. പൂർണമായും മാനുഷിക പ്രവർത്തനങ്ങൾ എന്ന നിലയിൽ അവ അവലംബിക്കുന്ന ദിശകൾ അതത് കാലഘട്ടത്തിൽ നിലവിലുള്ള വ്യക്തിപരവും സാംസ്കാരികവും ആയ തിരഞ്ഞെടുപ്പുകളാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട് എന്ന കാര്യം വ്യക്തമാക്കുന്നു.

അവയിൽനിന്ന് പുറത്തുവരുന്ന അനന്തരഫലങ്ങൾക്കും അതേ സ്വഭാവം ഉണ്ടെന്ന് പറയേണ്ടിയിരിക്കുന്നു: നമുക്ക് ചുറ്റുമുള്ള ലോകത്തെ നാം കൃത്യമായി മാനുഷികമാംവിധം സമീപിക്കുന്നതിന്റെ ഫലം എന്ന നിലയിൽ നിശ്ചയമായും ഇക്കാര്യത്തിന് ഒരു ധാർമികമായ വശമുണ്ട്; ഈ ധാർമികവശം പ്രസ്തുത പരീക്ഷണങ്ങൾക്കായി പദ്ധതിയിടുകയും ചില പ്രത്യേക ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് അവയെ നിയന്ത്രിക്കുകയും ചെയ്യുന്ന വ്യക്തികളുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്ന ഒന്നായിരിക്കും.

നിർമ്മിത ബുദ്ധിയുടെ രൂപങ്ങളുടെയും കാര്യം ഇതുതന്നെ. ശാസ്ത്ര-സാങ്കേതിക ലോകം ഇന്നുവരെ നിർമ്മിത ബുദ്ധിയുടെ ഒരു ശരിയായ നിർവചനം നൽകിയിട്ടില്ല. ദൈനംദിന വ്യവഹാര ലോകത്തിലേക്ക് പ്രവേശിച്ചിട്ടുള്ള ഈ പദപ്രയോഗം വ്യത്യസ്ത ശാസ്ത്രങ്ങളെയും തിയറികളെയും സാങ്കേതിക വിദ്യകളെയും ആശ്ലേഷിക്കുന്നു; മനുഷ്യരുടെ ധാരണാശക്തി സംബന്ധമായ കഴിവുകളുടെ പ്രവർത്തനം പുനരാവിഷ്കരിക്കുകയോ അല്ലെങ്കിൽ അനുകരിക്കുകയോ ചെയ്യാൻ സാധിക്കുന്ന യന്ത്രങ്ങളെ ഉണ്ടാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 'ബുദ്ധിയുടെ രൂപങ്ങൾ' എന്ന് ബഹുവചനത്തിൽ ഉപയോഗിക്കുക വഴിയായി അവ എത്രമാത്രം ആശ്ചര്യകരവും ശക്തവും ആയ തരത്തിലുള്ള സംവിധാനങ്ങൾ (systems) ആയിരിക്കേ, അവയും മനുഷ്യ വ്യക്തിയും തമ്മിലുള്ള പരസ്പരം ബന്ധിപ്പിക്കാൻ കഴിയാത്ത അകലത്തിന് ഊന്നൽ നൽകാനാകും; ആത്യന്തികമായി അവ കേവലം 'പൂർത്തിയാകാത്ത ഭാഗങ്ങളാണ്'; കാരണം, അവയ്ക്ക് മാനുഷിക ബുദ്ധിയുടെ ചില പ്രവർത്തനങ്ങൾ അനുകരിക്കാനോ അല്ലെങ്കിൽ പുനരാവിഷ്കരിക്കാനോ മാത്രമേ സാധിക്കൂ.

ബഹുവചനം ഉപയോഗിക്കാൻ മറ്റൊരു കാരണം ഈ ഉപകരണങ്ങൾ ഓരോന്നുംതന്നെ തമ്മിൽതമ്മിൽ വളരെയേറെ വ്യത്യസ്തതകൾ ഉള്ളവ ആണെന്ന് ഉള്ളതുകൊണ്ടത്രേ; അവയെ എപ്പോഴും 'സാമൂഹ്യ-സാങ്കേതിക സംവിധാനങ്ങൾ' (socio-technical systems) ആയി മാത്രമേ കണക്കാക്കാൻ പാടുള്ളൂ. എന്തെന്നാൽ, ഓരോ നിർമ്മിത ബുദ്ധി ഉപകരണത്തിന്റെയും – അത് ഏതുതരത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചാലും – അനന്തരഫലം അതിന്റെ സാങ്കേതിക രൂപകൽപ്പനയെ മാത്രം ആശ്രയിച്ചിരിക്കില്ല, മറിച്ച് അതിന്റെ സ്വത്തവ കാശവും രൂപകല്പനാ അവകാശവും ഉള്ള ആളുകളുടെ ലക്ഷ്യങ്ങളും താല്പര്യങ്ങളും

അടിസ്ഥാനപ്പെടുത്തിയായിരിക്കും; എന്നു മാത്രമല്ല, അത് ഉപയോഗിക്കപ്പെടുന്ന സാഹചര്യങ്ങളും കണക്കിലെടുക്കേണ്ടതായിവരും.

ആകയാൽ, നിർമ്മിത ബുദ്ധി വ്യത്യസ്തങ്ങളായ നക്ഷത്രമാലകളുടെ ഒരു യാഥാർത്ഥ്യമായിട്ടുവേണം കണക്കാക്കപ്പെടാൻ. അതിന്റെ വികാസം മനുഷ്യരാശിയുടെ ഭാവിക്കും ജനതകളുടെ ഇടയിൽ സമാധാനം സംജാതമാക്കുന്നതിനും അത് ഉപകാരപ്രദമായിതീരും എന്നു നമുക്ക് മുൻകൂട്ടി പറയാനാവില്ല. ഇത്തരത്തിലുള്ള ക്രിയാത്മകമായ അനന്തര ഫലം സാക്ഷാത്കരിക്കപ്പെടുന്നത്, നമുക്ക് ഉത്തരവാദിത്വപൂർവം പെരുമാറാൻ സാധിക്കുമെന്ന് നാം തന്നെ കാണിച്ചുകൊടുക്കുമ്പോഴാണ്; അതായത്, 'എല്ലാവരെയും ഉൾക്കൊള്ളുക, സുതാര്യത, സുരക്ഷിതത്വം, തുല്യത, സ്വീകാര്യത, വിശ്വസനീയത എന്നീ അടിസ്ഥാന മാനുഷിക മൂല്യങ്ങളെ നമുക്ക് ബഹുമാനിക്കാൻ ആകുമ്പോൾ'[5]

കണക്കുകൂട്ടലുകളും (algorithms) ഡിജിറ്റൽ സാങ്കേതിക വിദ്യകളും രൂപപ്പെടുത്തുന്നവർ ധാർമികപരവും ഉത്തരവാദിത്വപരവുമായ രീതിയിൽ പെരുമാറാൻ താത്പര്യപ്പെട്ടുകൊള്ളും എന്ന് വളരെ എളുപ്പം വിശ്വസിക്കുന്നതും പോരാതെവരും. ഈ രംഗത്ത് ഉയർന്നുവരുന്ന ധാർമിക പ്രശ്നങ്ങളെ പരിശോധിക്കാനായി, ആവശ്യമെങ്കിൽ സ്ഥാപിക്കപ്പെടേണ്ട അല്ലെങ്കിൽ ബലപ്പെടുത്തപ്പെടേണ്ട, സംഘങ്ങൾ ഉണ്ടായിരിക്കുക എന്നത് ഒരു ആവശ്യമാണ്. അത് നിർമ്മിത ബുദ്ധിയുടെ രൂപങ്ങൾ ഉപയോഗപ്പെടുത്തുന്നവരുടെയും അതിന്റെ അനന്തര ഫലങ്ങൾ അനുഭവിക്കുന്നവരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ്.

അങ്ങനെ സാങ്കേതികവിദ്യയുടെ അതിവിശാലമായ വ്യാപനം ഉപയോഗപ്പെടുത്തുന്നതോടൊപ്പം അതിന്റെ ഭാവിയിലുള്ള വികാസത്തിനു ചേർന്നവിധമുള്ള ഉത്തരവാദിത്വത്തിലുള്ളരൂപവൽകരണവും അനിവാര്യമാണ്. സ്വാർത്ഥത, സ്വന്തം താൽപര്യം, ലാഭേച്ഛ, അധികാരഭ്രമം എന്നിവയ്ക്ക് മനുഷ്യർ വശംവദരാകുമ്പോൾ, സ്വാതന്ത്ര്യം സമാധാനപരമായ സഹവർത്തിത്വം എന്നിവ ഹനിക്കപ്പെടുന്നു. ആകയാൽ, നമ്മുടെ കാഴ്ചപ്പാട് വിശാലമാക്കാനും സാങ്കേതിക-ശാസ്ത്ര ഗവേഷണം സമാധാനാന്വേഷണത്തിനും പൊതുനന്മയ്ക്കും ഉപകരിക്കത്തക്കവിധത്തിലും വ്യക്തികളുടെയും സമൂഹങ്ങളുടെയും സമഗ്രമായ വികാസത്തിനും വഴിയൊരുക്കുന്ന വിധത്തിലും നിയന്ത്രിക്കാനുള്ള കടമ നമുക്കുണ്ട്.[7]

ഓരോ മനുഷ്യനിലും അന്തർലീനമായിരിക്കുന്ന വ്യക്തിമഹാത്മ്യവും ഒരേയൊരു മനുഷ്യകുടുംബത്തിന്റെ അംഗങ്ങൾ എന്ന നിലയിൽ നമ്മെ ബന്ധിപ്പിക്കുന്ന സാഹോദര്യവും പുതിയ സാങ്കേതിക വിദ്യകളുടെ വികാസത്തിന് പിൻബലമായി നിൽക്കേണ്ടതുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനു മുമ്പായി അവയെ വിലയിരുത്താനുള്ള നിസ്തർക്ക മാനദണ്ഡങ്ങളായി ഈ യാഥാർഥ്യങ്ങളെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ ഡിജിറ്റൽ പുരോഗതി നീതിക്കും സമാധാനത്തിനും വഴി തെളിക്കുന്നതായി ഭവിക്കും. മനുഷ്യരാശിയുടെ മുഴുവൻ ജീവിതത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാതിരിക്കുകയും മറിച്ച് അസമത്വങ്ങൾ വർദ്ധിപ്പിക്കുകയും സംഘട്ടനങ്ങൾക്ക് വഴിതെളിക്കുകയും ചെയ്യുന്ന സാങ്കേതിക പുരോഗതിയെ ശരിയായ പുരോഗതി ആയി കണക്കാക്കാൻ ആവില്ല.[8]

നിർമ്മിത ബുദ്ധി കൂടുതൽ പ്രാധാന്യം നേടും. അവ നമ്മുടെ മുമ്പിൽ നിരത്തുന്ന വെല്ലുവിളികൾ സാങ്കേതികമാണ്; എന്നാൽ അവ നരവംശശാസ്ത്രപരവും വിദ്യാഭ്യാസപരവും സാമൂഹ്യവും രാഷ്ട്രീയപരവും കൂടിയാണ്. ഉദാഹരണത്തിന്, കഠിനവും വിരസവുമായ ജോലിയിൽ നിന്നു മോചനം, കൂടുതൽ കാര്യക്ഷമമായ ഉൽപാദനം, എളുപ്പമുള്ള കടത്തലും (transport) കമ്പോളവും (market), വിവരശേഖരം (data) ഒരുമിച്ചു കൂട്ടുന്നതിലും ക്രമപ്പെടുത്തുന്നതിലും ഉറപ്പാക്കുന്നതിലും ഉള്ള പ്രക്രിയയിലെ വിപ്ലവകരമായ മാറ്റം എന്നിവ ഇത് വാഗ്ദാനം ചെയ്യുന്നു. ഇപ്പോൾ ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന രൂപപരിണാമങ്ങളെക്കുറിച്ച് നാം ബോധവാന്മാരായിരിക്കണം; അടിസ്ഥാന മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുന്ന വിധത്തിലും സമഗ്രമായ മാനുഷിക വികാസത്തിനു ചേർന്നവിധം സ്ഥാപനങ്ങളെയും നിയമങ്ങളെയും മാനിക്കത്തക്കവിധത്തിലും അവയെ വഴിതിരിച്ചുവിടാനും നാം ശ്രദ്ധാലുക്കൾ ആയിരിക്കണം. നിർമ്മിതബുദ്ധി നമ്മുടെ ഏറ്റവും നല്ല മാനുഷിക സാധ്യതകളെയും നമ്മുടെ പരമോന്നത ലക്ഷ്യങ്ങളെയും സഹായിക്കുന്നതാണ്; അത് അവയുമായി വെല്ലുവിളിക്കുന്ന രീതി ഉണ്ടാവരുത്.

### 3. ഭാവിയിലെ സാങ്കേതികവിദ്യ: സ്വയം 'പഠിക്കുന്ന' യന്ത്രങ്ങൾ

യന്ത്രപഠന സാങ്കേതികവിദ്യയുടെ (machine learning techniques) അടിസ്ഥാനത്തിലുള്ള നിർമ്മിത ബുദ്ധി, അതിന്റെ വിവിധങ്ങളായ രൂപങ്ങളിൽ, അതിന്റെ ആരംഭദിശകളിൽ ആണെങ്കിൽപ്പോലും ഇപ്പോൾ

തന്നെ സമൂഹങ്ങളുടെ ഘടനകളിൽ നിർണായകമായ വ്യതിയാനങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു; അത് സംസ്കാരങ്ങളിലും സാമൂഹ്യ പെരുമാറ്റചട്ടങ്ങളിലും സമാധാന സ്ഥാപനത്തിലും ആഴത്തിലുള്ള സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു.

യന്ത്രപഠനം (machine learning) അഥവാ ആഴമാർന്ന പഠനം (deep learning) എന്നിവ സാങ്കേതിക വിദ്യയുടെയും എൻജിനീയറിങ്ങിന്റെയും തലങ്ങൾക്ക് അപ്പുറത്ത് നിൽക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു; അവ മനുഷ്യ ജീവിതത്തിന്റെ ആഴമായ അർഥം അന്വേഷിക്കുന്നതും ജ്ഞാനം രൂപപ്പെടുത്തുന്നതും സത്യത്തെ പ്രാപിക്കാനുള്ള മനസ്സിന്റെ കഴിവിനെ സംബന്ധിച്ചുള്ളവയുമാണ്.

ഉദാഹരണത്തിന്, വ്യാകരണതലത്തിലും അർഥതലത്തിലും യുക്തിഭദ്രമായ ടെക്സ്റ്റുകൾ നിർമ്മിക്കാനുള്ള ചില ഉപകരണങ്ങളുടെ കഴിവ്, അവയുടെ വിശ്വാസ്യതയുടെ (reliability) ഉറപ്പല്ല. അവ 'വ്യാമോഹ വിധേയം' ആക്കുകയാണ് ചെയ്യുന്നത്; അതായത്, ആദ്യനോട്ടത്തിൽ ന്യായമെന്ന് കരുതാവുന്ന വിധത്തിലുള്ള പ്രസ്താവനകൾ നൽകുന്നതായി തോന്നിയേക്കാം; എന്നാൽ അവ അടിസ്ഥാനരഹിതങ്ങളാണ്; അല്ലെങ്കിൽ അവ മുൻവിധികളോട് കൂടിയവയാണ്. തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുകയും വാർത്താസമ്പർക്ക മാധ്യമങ്ങളിൽ സന്ദേഹം ജനിപ്പിക്കാൻ പോരുന്ന വിധത്തിൽ തെറ്റായ സന്ദേശം നൽകുന്ന തലങ്ങളിലേക്ക് നീങ്ങുന്ന ഇടങ്ങളിൽ നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തുന്നത് ഗൗരവമുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിലേക്ക് വഴിതെളിക്കുന്നു. സ്വകാര്യത (privacy), വിവര ഉടമസ്ഥത (data ownership), ബൗദ്ധിക അവകാശ (intellectual property) മേഖലകളിൽ ഈ സാങ്കേതികവിദ്യകൾ വളരെ ഗൗരവമേറിയ അപകടങ്ങളാണ് ജനിപ്പിക്കുന്നത്. ഇവയോട് ഈ സാങ്കേതികവിദ്യകളുടെ ഇതര നിഷേധാത്മക അനന്തരഫലങ്ങളും കൂട്ടിച്ചേർക്കാവുന്നതാണ്. ഉദാഹരണത്തിന്, വിവേചനം, തെരഞ്ഞെടുപ്പുകളിൽ ഉള്ള ഇടപെടലുകൾ, സദാ നിരീക്ഷണസ്വഭാവമുള്ള ഒരു സമൂഹത്തിന്റെ ഉയർന്നുവരൽ (the rise of a surveillance society), ഡിജിറ്റൽ ആയിട്ടുള്ള ഒഴിവാക്കൽ (digital exclusion), സമൂഹത്തിൽ നിന്നു വർധിതമാംവിധം വേറിട്ടുനിൽക്കുന്ന ഒരു വ്യക്തിത്വഭാവം രൂപവൽകരിക്കുന്നത് തുടങ്ങിയവ. ഈ ഘടകങ്ങൾ എല്ലാം സംഘട്ടനങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കുകയും സമാധാനത്തിനു വിലങ്ങുതടിയായി നിൽക്കുകയും ചെയ്യുന്നു.

**4. സാങ്കേതികശക്തിയുടെ മാതൃകയിലെ പരിമിതിയുടെ സ്പർശം**

നമ്മുടെ ലോകം വളരെ വിശാലവും വൈവിധ്യം നിറഞ്ഞതും സങ്കീർണവും ആണ്; അതിനെ പൂർണമായി അറിയാനോ ഇനംതിരിക്കാനോ സാധിക്കുകയില്ല. സൂക്ഷ്മമായ കണക്കുകൂട്ടലുകളുടെ (algorithms) സഹായത്തോടുപോലും മനുഷ്യമനസിന്റെ സമ്പന്നത അളന്നു തിട്ടപ്പെടുത്താനാവില്ല. അതുപോലെയുള്ള കണക്കുകൂട്ടലുകൾ (algorithms) ഭാവിയെ സംബന്ധിച്ച് ഉറപ്പുള്ള പ്രവചനങ്ങൾ നൽകാൻ കഴിയുന്നവയല്ല; അവയ്ക്ക് സ്ഥിതിവിവരശാസ്ത്രപരമായ (statistical) ഏകദേശകണക്കുകൂട്ടലുകൾ (approximations) മാത്രമേ നൽകാനാവൂ. എല്ലാം പ്രവചിക്കപ്പെടാൻ ആവില്ല, എല്ലാം കണക്കുകൂട്ടപ്പെടാനും ആവില്ല; സത്യത്തിൽ 'ആശയങ്ങൾക്കും ഉപരിയാണ് യാഥാർഥ്യങ്ങൾ'[9] നമ്മുടെ കണക്കുകൂട്ടൽശക്തി എത്രമാത്രം വലുതായിരുന്നാൽ പോലും നമുക്ക് അപ്രാപ്യമായ ഒരു ശിഷ്ടഭാഗം എപ്പോഴും ഉണ്ടായിരിക്കും; അത് എല്ലാ തരത്തിലുമുള്ള നിർണയങ്ങളെയും അതിലംഘിക്കുന്നതായിരിക്കും.

മാത്രമല്ല, നിർമ്മിത ബുദ്ധി അപഗ്രഥിക്കുന്ന വളരെ വിശാലമായ വിവരശേഖരം (data) അതിൽത്തന്നെ നിഷ്പക്ഷത ഉറപ്പുവരുത്തുന്ന ഒന്നല്ല. കണക്കുകൂട്ടൽരൂപങ്ങൾ (algorithms) വിവരശേഖരത്തെ പുറത്തുനിന്ന് അപഗ്രഥിക്കുമ്പോൾ വക്രീകരിക്കൽ എന്ന അപകടസാധ്യത എപ്പോഴും നിലനിൽക്കുന്നു; അതായത്, അവ എവിടെ ഉദ്ഭവിക്കുന്നുവോ ആ സാഹചര്യങ്ങളുടെ അനീതികളും മുൻവിധികളും അവ പ്രതിഫലിപ്പിക്കും. എത്രമാത്രം വേഗത്തിലും സങ്കീർണഭാവത്തിലും അവ ആയിരിക്കുന്നുവോ, അത്രമാത്രം ബുദ്ധിമുട്ടുള്ളതായിരിക്കും എന്തുകൊണ്ട് അവ ഒരു പ്രത്യേകതരം ഫലത്തിനു കാരണമായിത്തീർന്നു എന്ന ചോദ്യത്തിന്റെ ഉത്തരം.

'ബുദ്ധിയുള്ള' യന്ത്രങ്ങൾ വളരെയേറെ കാര്യക്ഷമതയോടെ അവയെ ഏൽപ്പിച്ചിട്ടുള്ള ദൗത്യങ്ങൾ നിർവഹിക്കും. എന്നാൽ അവയുടെ നിർമാതാക്കളായ മനുഷ്യരുടെ മൂല്യങ്ങളാൽ നിർണയിക്കപ്പെടുന്നതും ബലപ്പെടുത്തപ്പെടുന്നതുമായ രീതിയിലായിരിക്കും പ്രസ്തുത യന്ത്രങ്ങളുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യവും അർത്ഥവും നിർണയിക്കപ്പെടുന്നത്; തുടർന്നും അപ്രകാരം തന്നെയായിരിക്കും. ചില തീരുമാനങ്ങളുടെ പിന്നിലുള്ള മാനദണ്ഡങ്ങൾ അവ്യക്തങ്ങളായി തീരാനുള്ള

അപകടവും നിലനിൽക്കുന്നു; പ്രസ്തുത തീരുമാനങ്ങളുടെ പിന്നിലുള്ള ഉത്തരവാദിത്വം ഗോപ്യമാക്കപ്പെട്ടിരിക്കുന്നു; സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കണം എന്ന ഉത്തരവാദിത്വത്തിൽനിന്ന് ചില നിർമാതാക്കൾ ഒഴിഞ്ഞുമാറുകയും ചെയ്തിട്ടുണ്ട്. ഒരർത്ഥത്തിൽ സാങ്കേതികവിദ്യാശക്തിയുടെ സംവിധാനം (technocratic system) തന്നെ ഇതിന് അനുകൂലമായി നിൽക്കുന്നു. കാരണം, അത് സമ്പദ്വ്യവസ്ഥയെ സാങ്കേതികവിദ്യയുമായി ചേർത്താണ് കാണുന്നത്; കാര്യക്ഷമതയാണ് ഏറ്റവും വലിയ മാനദണ്ഡമായി അത് കണക്കാക്കുന്നത്; ഉടനടിയുള്ള ഫലം തരാത്ത എല്ലാറ്റിനെയും അത് അവഗണിക്കുന്നു.[10]

ഇന്നത്തെ നമ്മുടെ സാങ്കേതികശക്തിയും കാര്യക്ഷമതാതാത്പര്യവും ഉന്നംവച്ചുള്ള മനഃസ്ഥിതിയുടെ പശ്ചാത്തലത്തിൽ, പലപ്പോഴും അവഗണിക്കപ്പെടുന്ന ചിലതിനെക്കുറിച്ച് പരിചിന്തനം ചെയ്യാൻ ഇക്കാര്യം നമ്മെ പ്രേരിപ്പിക്കുന്നു; അത് നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ വികാസത്തിനു നിർണായകമാണ്: 'പരിമിതിയുടെ സ്പർശം'. നിർവചനപ്രകാരം, മനുഷ്യജീവികൾ മർത്യരാണ്; എല്ലാറ്റിനെയും കീഴടക്കുക എന്ന അനിയന്ത്രിതമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യവഴി എല്ലാ പരിമിതികളെയും അതിലംഘിക്കാം എന്ന ത്വര മൂലം നാം നമ്മുടെമേൽത്തന്നെയുള്ള നിയന്ത്രണം നഷ്ടപ്പെടുന്ന അപകടത്തിൽ പെടുന്നവരാകാം; കേവല സ്വാതന്ത്ര്യത്തിന്റെ അന്വേഷണം നമ്മെ 'സാങ്കേതികവിദ്യയുടെ സ്വേച്ഛാധിപത്യത്തത്തിന്റെ' ചുഴിയിൽ വീണുപോകുന്ന അപകടം വിളിച്ചു വരുത്താം. സമ്പൂർണ സാക്ഷാത്കാരത്തിൽ എത്തിച്ചേരുക അല്ലെങ്കിൽ അതിനെ സ്വാഗതം ചെയ്യുക എന്നത് ഒരു ദാനമായി നാം സ്വീകരിക്കണമെങ്കിൽ അതിനുള്ള അനിവാര്യമായ വ്യവസ്ഥ സൃഷ്ടികൾ എന്ന നിലയിൽ നാം നമ്മുടെ പരിമിതികൾ അംഗീകരിച്ചു സ്വീകരിക്കുക എന്നതാണ്. പ്രോമത്തേവുസിന്റെ സ്വയംപര്യാപ്തത എന്ന ധാരണയാൽ പ്രചോദിതമായ പ്രത്യയശാസ്ത്രപരമായ സാങ്കേതികവിദ്യാശക്തിയുടെ മാതൃകയുടെ പശ്ചാത്തലത്തിൽ അസമത്വങ്ങൾ ക്രമാതീതമായി വർധിക്കാൻ ഇടയുണ്ട്; അപ്പോൾ അറിവും ധനവും കുറച്ചുപേരുടെ കൈകളിൽമാത്രം ഒതുങ്ങുന്നതാകും; അത് ജനാധിപത്യ സമൂഹങ്ങൾക്കും സമാധാനപരമായ സഹവർത്തിത്വത്തിനും ഗൗരവമേറിയ അപകട സാധ്യത വരുത്തിവയ്ക്കും.[11]

## 5. നീറുന്ന ധാർമിക പ്രശ്നങ്ങൾ

ഭാവിയിൽ, ജാമ്യം നിൽക്കാനുള്ള ഒരാളുടെ വിശ്വാസ്യത, ഒരു ജോലിക്ക് ഒരു വ്യക്തിയുടെ അനുയോജ്യത, ശിക്ഷിക്കപ്പെട്ട ഒരാളുടെ കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സഹജവാസന, രാഷ്ട്രീയ അഭയമോ അല്ലെങ്കിൽ സാമൂഹ്യ സഹായമോ നേടാനുള്ള ഒരാളുടെ അവകാശം എന്നിവ നിർണയിക്കുന്നത് നിർമ്മിത ബുദ്ധി സംവിധാനങ്ങൾ ആകാം. എന്നാൽ ഈ സംവിധാനങ്ങൾ (systems) ഉപയോഗിക്കുന്നതുവഴിയായി പല തലങ്ങളിലുള്ള ഇടപെടലുകളുടെ (mediation) കുറവ് പല തരത്തിലുള്ള മുൻവിധികൾക്കും വിവേചനത്തിനും കാരണമാകാം. സംവിധാനത്തിലുള്ള പിഴവുകൾ (systemic errors) വളരെ എളുപ്പം വർധിക്കാൻ ഇടയുണ്ട്; വ്യക്തികൾക്ക് തങ്ങളുടെ പ്രശ്നപരിഹാരത്തിൽ അനീതി നേരിടേണ്ടിവരുന്നതിലുപരി, കീഴ്പ്പെടുത്തുന്ന സ്വാധീനം (domino effect) വഴിയായി യഥാർഥ സാമൂഹ്യ അസമത്വത്തിന്റെ രൂപങ്ങളിലേക്ക് അതു വഴി തെളിക്കാം.

ചില സമയങ്ങളിൽ, വ്യക്തികളുടെ തീരുമാനങ്ങൾപോലും നിർമ്മിത ബുദ്ധിയുടെ രൂപങ്ങളാൽ സ്വാധീനിക്കപ്പെടാൻ ഇടയുണ്ട്; അത് ഉത്തേജനങ്ങളാലും അധൈര്യപ്പെടുത്തലുകളാലും മുൻകൂട്ടി നിർണയിച്ചിരിക്കുന്ന സാധ്യതകൾ വഴിയായിരിക്കും പ്രവർത്തിക്കുന്നത്; അല്ലെങ്കിൽ നൽകപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ തെരഞ്ഞെടുപ്പുകളെ നിയന്ത്രിക്കുന്ന തലത്തിലും ആകാം. ഈ കൃത്രിമപണിയുടെ രൂപങ്ങളും സാമൂഹ്യനിയന്ത്രണവും വളരെയേറെ ശ്രദ്ധയും മേൽനോട്ടവും ആവശ്യപ്പെടുന്നു; അത് അവയുടെ ഉത്പാദകരുടെയും വിന്യസിപ്പിക്കുന്നവരുടെയും സർക്കാർ അധികാരികളുടെയും ഭാഗത്തുനിന്നു വ്യക്തമായ നൈയാമിക ഉത്തരവാദിത്വം ആവശ്യപ്പെടുന്നു.

അതുപോലെതന്നെ, സ്വയംപ്രവർത്തിക്കുന്ന പ്രക്രിയകളെ (automatic process) ആശ്രയിച്ചുകൊണ്ട് വ്യക്തികളെ തരംതിരിക്കുന്നത് - ഉദാഹരണത്തിന്, സർവവ്യാപിയായ നിരീക്ഷണം വഴിയോ (by pervasive surveillance) അല്ലെങ്കിൽ സാമൂഹ്യ മതിപ്പിന്റെ അടിസ്ഥാനത്തിലോ - സാമൂഹ്യഘടനയിൽ പൗരരുടെ ഇടയിൽ ഒരുതരം ശ്രേണികൾ സൃഷ്ടിക്കത്തക്കവിധമുള്ള ആഴത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്. തരംതിരിക്കലിന്റെ ഈ കൃത്രിമമായ പ്രക്രിയകൾ

അധികാര സംഘർഷങ്ങളിലേക്കും വഴിതെളിക്കാം; കാരണം, അത് സങ്കൽപ്പിക ഉപയോക്താക്കളെ മാത്രം സംബന്ധിക്കുന്നത് അല്ലല്ലോ, യഥാർത്ഥ വ്യക്തികളെ ആണല്ലോ! വ്യക്തിയുടെ വ്യതിരിക്തത ഒരുകൂട്ടം അറിവ് ശേഖരവുമായി (a set of data) തുല്യപ്പെടുത്താൻ പാടില്ലെന്ന് മനുഷ്യമഹത്ത്വത്തോടുള്ള അടിസ്ഥാനപരമായ ആദരം നമ്മോട് ആവശ്യപ്പെടുന്നു. നമ്മൾ മനുഷ്യാവകാശങ്ങളെ എങ്ങനെയാണ് മനസ്സിലാക്കുന്നതെന്ന് നിർണയിക്കാൻ കണക്കുകൂട്ടലുകളെ (algorithms) അനുവദിക്കാൻ പാടുള്ളതല്ല. കാരണം, അപ്രകാരം ചെയ്യുന്നത് ആവശ്യംവേണ്ട അനുകമ്പയുടെയും കരുണയുടെയും ക്ഷമയുടെയും മൂല്യങ്ങളെ മാറ്റി നിർത്തുന്നു; മാത്രമല്ല ഓരോ വ്യക്തിക്കും, തന്റെ പഴയ മാർഗ്ഗങ്ങൾ ഉപേക്ഷിച്ചു പരിവർത്തനപ്പെടാം എന്നുള്ള സാധ്യതയും അത് ഒഴിവാക്കുന്നു.

പുതിയ സാങ്കേതിക വിദ്യകൾ ജോലിസ്ഥലത്ത് സൃഷ്ടിക്കുന്ന ആഘാതത്തെക്കുറിച്ച് ഈ സന്ദർഭത്തിൽ നമുക്ക് പ്രതിപാദിക്കാതിരിക്കാൻ വയ്യ. ഒരിക്കൽ മനുഷ്യപ്രയത്നത്തിന്റെ മാത്രം മേഖലയായിരുന്ന ജോലികൾ നിർമ്മിത ബുദ്ധിയുടെ വ്യാവസായികമായ പ്രയോഗംവഴിയായി വളരെ എളുപ്പം കൈമാററം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഇവിടെയും അനുപാതം ഇല്ലാത്തവിധം കുറച്ചുപേർക്ക് മാത്രം ലാഭം ഉണ്ടാക്കുന്ന അതേസമയം വളരെയേറെപേരെ നിർധനാവസ്ഥയിലാക്കുന്ന അപകടം നിലനിൽക്കുന്നു. നമ്മുടെ ജോലി സ്ഥലങ്ങളിൽ വളരെ ശക്തമായവിധം സാന്നിധ്യം അറിയിച്ചുകൊണ്ടിരിക്കുന്ന ഈ സാങ്കേതികവിദ്യകളുടെ സാഹചര്യത്തിൽ, തൊഴിലാളികളുടെ വ്യക്തിമഹാത്മ്യത്തെ മാനിക്കേണ്ടതും വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും സാമ്പത്തിക ക്ഷേമത്തിന് ജോലി ഉണ്ടായിരിക്കേണ്ടതും തൊഴിൽ സുരക്ഷിതത്വവും ന്യായമായ വേതനവും ഉണ്ടായിരിക്കേണ്ടതും അനിവാര്യമാണെന്നു ബോധ്യപ്പെട്ട് ആ വസ്തുത അന്താരാഷ്ട്ര സമൂഹത്തിന്റെ ഏറ്റവും ഉയർന്ന പരിഗണനയിൽ നിൽക്കുന്ന വിഷയമാകണം.

### 6. നമ്മുടെ വാളുകൾ കൊഴുവാക്കി മാറ്റിക്കൂടെ?

ഈ ദിവസങ്ങളിൽ നാം നമ്മുടെ ലോകത്തിൽ ചുറ്റും നോക്കിയാൽ യുദ്ധോപകരണങ്ങളുടെ മേഖലയിൽ ഗൗരവമായ ധാർമിക പ്രശ്നങ്ങൾ ഉയർന്നുവരുന്നു എന്ന് പറയാതിരിക്കാൻ ആവില്ല. യുദ്ധനടപടികൾ

വിദൂരത്തുനിന്ന് നിയന്ത്രിച്ച് നടത്താം എന്നുള്ള കഴിവ് യുദ്ധസാമഗ്രികളുടെ ഉപയോഗംവഴിയായി ഉണ്ടാകുന്ന നാശത്തെക്കുറിച്ചുള്ള അവബോധവും അവയുടെ ഉപയോഗത്തിലുള്ള ഉത്തരവാദിത്വവും കുറയ്ക്കാൻ ഇടയായിട്ടുണ്ട്; തത്ഫലമായി യുദ്ധം എന്ന വലിയ ദുരന്തത്തിനോടുള്ള സമീപനം കൂടുതൽ മരവിച്ചതും അപക്ഷപാതപരവും ആയിത്തീരുന്നു.

സ്വയം പ്രവർത്തനശേഷിയുള്ള മാരകമായ യുദ്ധസംവിധാനങ്ങൾ (Lethal Autonomous Weapon Systems) മെനഞ്ഞെടുക്കത്തക്കവിധത്തിൽ രൂപം പ്രാപിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ഗവേഷണം, എന്നല്ല നിർമ്മിത ബുദ്ധിയെത്തന്നെ യുദ്ധസജ്ജമാക്കുന്നതിനെക്കുറിച്ചുള്ള ഗവേഷണം, വളരെ ഗൗരവമുള്ള ധാർമിക പ്രശ്നങ്ങൾ ഉയർത്തുന്നു. സ്വയം പ്രവർത്തനശേഷിയുള്ള യുദ്ധോപകരണസംവിധാനങ്ങളെ ധാർമിക ഉത്തരവാദിത്വം പേറുന്ന കർത്താവായി (subject) കണക്കാക്കാൻ സാധിക്കില്ല. ധാർമികമായ വിധി നിർണയിക്കാനും സന്മാർഗപരമായ തീരുമാനം കൈക്കൊള്ളാനുമുള്ള അനുപമമായ മാനുഷിക കഴിവ് സങ്കീർണമായ കണക്കുകൂട്ടലുകളുടെ ശേഖരത്തിനും (complex collection of algorithms) ഉപരിയാണ്. പ്രസ്തുത മാനുഷിക കഴിവ് ഒരു യന്ത്രത്തിന്റെ കർമ്മപരിപാടി രൂപവൽകരിക്കുന്നതിലേക്ക് കുറയ്ക്കാൻ പാടുള്ളതല്ല; അതൊരു ബുദ്ധിയുള്ള യന്ത്രമായിരിക്കും, എന്നിരുന്നാലും അത് 'യന്ത്രമായി'ത്തന്നെ നിലനിൽക്കും. അക്കാരണത്താൽ, മതിയായതും അർഥവത്തും സുസ്ഥിരവും ആയ മാനുഷിക മേൽനോട്ടം യുദ്ധോപകരണ സംവിധാനങ്ങ ളുടെമേൽ ഉറപ്പാക്കണം എന്നത് അനിവാര്യമാണ്.

അതീവ സങ്കീർണമായ യുദ്ധോപകരണങ്ങൾ തെറ്റായ കരങ്ങളിൽ എത്തിച്ചേരാനുള്ള സാധ്യതയും നമുക്ക് ഒഴിവാക്കാനാവില്ല. ഉദാഹരണത്തിന്, നിയമപരമായി സ്ഥാപിതമായ സർക്കാർ സംവിധാനങ്ങളെ അസ്ഥിരമാക്കാനുള്ള ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന തീവ്രവാദ ആക്രമണങ്ങൾക്കും ഇടപെടലുകൾക്കും സാധ്യത ഒരുക്കുന്ന രീതിയിൽ അവ ഉപയോഗപ്പെടുത്താവുന്ന കരങ്ങളിൽ എത്തിച്ചേരാനാവും. ചുരുക്കത്തിൽ, അനീതിപരമായ രീതിയിൽ വാണിജ്യത്തിന്റെ വികസനവും യുദ്ധോപകരണങ്ങളുടെ ക്രയവിക്രയവും പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്ന പുതിയ സാങ്കേതികവിദ്യകൾ ലോകത്തിന് ആവശ്യമില്ല; കാരണം, അത് ആത്യന്തികമായി യുദ്ധത്തിന്റെ വിവേക

ശൂന്യത പ്രോത്സാഹിപ്പിക്കുന്ന ഒന്നായിരിക്കും. അപ്രകാരം ചെയ്യുക വഴിയായി, ബുദ്ധി മാത്രമല്ല മനുഷ്യഹൃദയം തന്നെയും കൂടുതൽ 'നിർമ്മിതമായി' തീരാനുള്ള അപകട സാധ്യത നിലവിൽ വരും. അതീവ പുരോഗതി പ്രാപിച്ച സാങ്കേതികവിദ്യാപരമായ പ്രയോഗങ്ങൾ സംഘട്ടനങ്ങൾ ഒഴിവാക്കാനായുള്ള അക്രമപരമായ പരിഹാരത്തിനായി ഉപയോഗിക്കുവാൻ പാടില്ല, പ്രത്യുത അവ സമാധാനത്തിനുള്ള വഴിയൊരുക്കുന്നവയായിരിക്കണം.

ഭാവാത്മകമായി ചിന്തിച്ചാൽ, നിർമ്മിത ബുദ്ധി സമഗ്രമായ മാനുഷിക വികസനത്തിന് ഉപയോഗിച്ചിരുന്നെങ്കിൽ, അതിന് കാർഷിക മേഖല യിലും വിദ്യാഭ്യാസരംഗത്തും സാംസ്കാരിക രംഗത്തും പ്രധാനപ്പെട്ട കണ്ടുപിടിത്തങ്ങൾ കൊണ്ടുവരാൻ സാധിക്കുമായിരുന്നു; എന്നല്ല, രാഷ്ട്രങ്ങൾക്കും ജനതകൾക്കുമുഴുവനും ഒരു ഉയർന്ന ജീവിത നിലവാര വും മാനുഷിക സാഹോദര്യത്തിലെയും സാമൂഹ്യ സൗഹൃദത്തിലെയും വളർച്ചയും സമ്മാനിക്കാൻ സാധിക്കുമായിരുന്നു. അവസാനമായി, അതിനെ നാം എത്രമാത്രം നമ്മുടെ ഏറ്റവും എളിയവരായ സഹോദരീ സഹോദരന്മാരെയും വ്രണിതരായവരെയും ഏറ്റവും ആവശ്യത്തിൽ ഇരിക്കുന്നവരെയും ഉൾക്കൊള്ളുന്നതിൽ ഉപയോഗപ്പെടുത്തുന്നവോ അത്രമാത്രം ശരിയായിരിക്കും നമ്മുടെ മാനുഷികതയുടെ അളവ്.

സത്യമായും മാനുഷികമായ ഒരു കാഴ്ചപ്പാടും നമ്മുടെ ലോകത്തിനു കൂടുതൽ നല്ല ഒരു ഭാവിയും നാം ആഗ്രഹിക്കുന്നുവെങ്കിൽ വിജ്ഞാന ശാഖകൾ തമ്മിലുള്ള ഒരു സംവാദം നിലവിൽവരേണ്ടതുണ്ട്; അതാ യത്, കണക്കുകൂട്ടലുകളുടെ ധാർമികപരമായ ഒരു വികസനം (ethical development of algorithms) - ഒരു കണക്കുകൂട്ടൽ ധാർമികത - (an algor-ethics) - ആവശ്യമാണ്; അപ്പോൾ പുതിയ സാങ്കേതികവിദ്യകൾ ഏത് മാർഗങ്ങൾ സ്വീകരിക്കണമെന്നു മൂല്യങ്ങൾ തീരുമാനിക്കും.[12] ഗവേഷണങ്ങളുടെ ആരംഭത്തിലും, പരീക്ഷണങ്ങളുടെയും, രൂപപ്പെടു ത്തലിന്റെയും, നിർമ്മാണത്തിന്റെയും വിതരണത്തിന്റെയും വിപണന ത്തിന്റെയും ആയ വിവിധ ഘട്ടങ്ങളിലും ധാർമിക പരിഗണനകൾ കണക്കിലെടുക്കേണ്ടിയിരിക്കുന്നു. രൂപപ്പെടലിൽത്തന്നെയുള്ള ധാർമികമായ സമീപനമാണിത്; ഇതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ക്കും തീരുമാനം കൈക്കൊള്ളുന്നവർക്കും വളരെ നിർണ്ണായകമായ ഒരു പങ്കുവഹിക്കാനുണ്ട്.

## 7. വിദ്യാഭ്യാസത്തിനുള്ള വെല്ലുവിളികൾ

മാനുഷിക മഹാത്മ്യത്തെ മാനിക്കുകയും അതിന് ഉപകരിക്കുകയും ചെയ്യുന്ന രീതിയിലുള്ള സാങ്കേതിക വിദ്യയുടെ വികസനം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സാംസ്കാരിക ലോകത്തിനും വ്യക്തമായ അനന്തരഫലങ്ങൾ പേറുന്നതാണ്. സമ്പർക്ക മാധ്യമങ്ങളുടെ മാർഗങ്ങൾ വർധിപ്പിക്കുകവഴിയായി ഡിജിറ്റൽ സാങ്കേതികവിദ്യകൾ പരസ്പരം കണ്ടുമുട്ടാനുള്ള പുതിയവഴികൾ നമുക്ക് വെട്ടിത്തെളിച്ചു തന്നിട്ടുണ്ട്. എന്നിരുന്നാലും അവ ഏതു ദിശയിലേക്ക് നമ്മുടെ ബന്ധങ്ങളെ നയിക്കുന്നു എന്നതിനെക്കുറിച്ച് സുസ്ഥിരമായ ഒരു വിചിന്തനം ഇനിയും ഒരാവശ്യമായി നിലനിൽക്കുന്നു. സാങ്കേതിക വിദ്യയാൽ പരിപൂരിതമായ ഒരു സാംസ്കാരിക സാഹചര്യത്തിലാണ് നമ്മുടെ യുവതീയുവാക്കൾ വളർന്നുവരുന്നത്; ഇക്കാര്യം നമ്മുടെ അധ്യാപനരീതിയെയും വിദ്യാഭ്യാസത്തെയും ശിക്ഷണരീതിയെയും വെല്ലുവിളിക്കാതിരിക്കുന്നില്ല.

വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ രൂപങ്ങളുടെ ഉപയോഗം പ്രധാനമായും നിരൂപണാത്മക ചിന്തയെ പ്രോത്സാഹിപ്പിക്കുന്നതാകണം. വെബ്ബിൽ നിന്ന് ശേഖരിച്ച വിവരശേഖരണവും (data) ഉള്ളടക്കവും (content) അല്ലെങ്കിൽ നിർമ്മിത ബുദ്ധിയുടെ സംവിധാനങ്ങളുടെ ഫലങ്ങളും ഉപയോഗപ്പെടുത്തുന്നതിൽ എല്ലാ പ്രായത്തിലുമുള്ളവർ, പ്രത്യേകിച്ച് യുവതീയുവാക്കൾ, വിവേചനബുദ്ധ്യാ ഉള്ള ഒരു സമീപനം അവലംബിക്കേണ്ടതുണ്ട്. സ്കൂളുകളും സർവ്വകലാശാലകളും ശാസ്ത്രീയ സമൂഹങ്ങളും ഇക്കാര്യത്തിൽ വിദ്യാർഥികളെയും തൽസംബന്ധ ഉദ്യോഗസ്ഥരെയും സഹായിക്കാൻ വെല്ലുവിളിക്കപ്പെടുന്നു; സാങ്കേതികവിദ്യയുടെ വികസനത്തിലും ഉപയോഗത്തിലും ഉണ്ടായിരിക്കേണ്ട സാമൂഹ്യവും സന്മാർഗികവും ആയ വശങ്ങളെ മനസ്സിലാക്കാൻ അവർ സഹായിക്കപ്പെടണം.

പുതിയ സാമൂഹ്യസമ്പർക്കമാധ്യമങ്ങളിൽ പരിശീലനം നേടുന്നവർ 'തെറ്റായ വാർത്ത' (fake news) തെറ്റായ സന്ദേശം നൽകുന്നു എന്ന വസ്തുത മാത്രം കണക്കിലെടുത്താൽ പോരാ; പുതിയ സാങ്കേതിക വിദ്യകളിൽ ഒളിഞ്ഞിരിക്കാൻ സാധിക്കുകയും അതുവഴി പ്രചരിക്കുകയും ചെയ്യുന്ന അസ്വസ്ഥത ജനിപ്പിക്കുന്ന 'പൂർവികരിൽ നിന്ന് ലഭിച്ച ചില ഭയങ്ങളുടെ' ('certain ancestral fears') പുനരാരംഭത്തെയും അവർ കണക്കിലെടുക്കേണ്ടതുണ്ട്.[13] ദുഃഖകരം എന്നു പറയട്ടെ, 'മറ്റു സംസ്കാ

രങ്ങളുമായും മറ്റു ജനതകളുമായും കണ്ടുമുട്ടലുകൾ ഒഴിവാക്കുന്നതിനായി... മതിലുകൾ നിർമിക്കുകയും, മതിലുകൾ ഉയർത്തുകയും ചെയ്യാനുള്ള പ്രലോഭനത്തെ'[14] പ്രതിരോധിക്കാനുള്ള മാർഗങ്ങൾ ഒരിക്കൽകൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു; അങ്ങനെ ശാന്തവും സഹോദരപൂർണവുമായ ഒരു സഹവർത്തിത്വത്തിനു വേണ്ടിയുള്ള മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു.

## 8. അന്താരാഷ്ട്ര നിയമം വികസിപ്പിച്ചെടുക്കൻവേണ്ടിയുള്ള വെല്ലുവിളി

ആഗോളതലത്തിലുള്ള ഇപ്പോഴത്തെ നിർമ്മിത ബുദ്ധിയുടെ ഉപയോഗം ഒരു കാര്യം വ്യക്തമാക്കുന്നു: ഓരോ രാഷ്ട്രത്തിനും അതതിന്റെ പരിധിക്കുള്ളിൽ ഇതിനെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വത്തോടൊപ്പം, അന്താരാഷ്ട്ര സംഘടനകൾക്ക് ഇകാര്യത്തിൽ നിർണ്ണായകമായ ഒരു പങ്കുവഹിക്കാവുന്നതാണ്; അതായത്, വിവിധ വശങ്ങളിലും തലങ്ങളിലും ഉള്ള സമ്മതപത്രങ്ങളിൽ (agreements) ഏർപ്പെടുകയും അവയുടെ ഉപയോഗത്തിലും നടപ്പാക്കലിലും മേൽനോട്ടം വഹിക്കുകയും ചെയ്യുക എന്നത്.[15] നിർമ്മിത ബുദ്ധി അതിന്റെ വിവിധ രൂപങ്ങളിൽ വികസിപ്പിച്ചെടുക്കുന്നതിലും ഉപയോഗിക്കുന്നതിലും അതിനെ നിയന്ത്രിക്കാൻ അന്താരാഷ്ട്രതലത്തിൽ എല്ലാവരെയും നിർബന്ധിക്കുന്ന ഒരു ഉടമ്പടി (treaty) ആഗോളരാഷ്ട്ര സമൂഹങ്ങൾ ഒരുമിച്ചു ചേർന്നിരുന്നു രൂപപ്പെടുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. നിയന്ത്രണത്തിന്റെ ലക്ഷ്യം, സ്വാഭാവികമായി, തെറ്റായ പ്രവർത്തനശൈലികളെ തടസ്സപ്പെടുത്തുക എന്നു മാത്രമല്ല, മറിച്ച് നല്ല പ്രവർത്തനശൈലികളെ പ്രോത്സാഹിപ്പിക്കുക എന്നുകൂടിയാണ്; പുതിയതും ക്രിയാത്മകവുമായ സമീപനങ്ങളെ പ്രചോദിപ്പിക്കുകയും വ്യക്തിപരവും സംഘാത്മകവുമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതായിരിക്കും അത് [16].

ഡിജിറ്റൽ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നവർക്ക് ധാർമികമായ മാർഗനിർദേശം നൽകാൻ തക്ക നിലവാരം പുലർത്തുന്ന മാതൃകകൾ അന്വേഷിക്കുമ്പോൾ അവയിൽ മാനുഷിക മൂല്യങ്ങൾ ഉണ്ടെന്നുള്ളത് ഉറപ്പുവരുത്തേണ്ട ഒരു കാര്യമാണ്. അവയാണ് അവശ്യം വേണ്ട നിയന്ത്രണ ചട്ടക്കൂടുകൾ രൂപപ്പെടുത്തുകയും സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ സമൂഹങ്ങളുടെ പ്രയത്നങ്ങളുടെ പിന്നിൽ ഉണ്ടായിരിക്കേണ്ടത്. നിർമ്മിത ബുദ്ധിയുടെ രൂപങ്ങൾ

ഉദ്പാദിപ്പിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട ധാർമിക മാർഗനിർദേശങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനത്തിൽ വളരെ പ്രധാനപ്പെട്ട മാനുഷിക പ്രശ്നങ്ങൾ വിട്ടുകളയാൻ പാടില്ല, അതായത് മനുഷ്യാസ്ഥിത്വത്തിന്റെ അർത്ഥം, അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ സംരക്ഷണം, നീതിയും സമാധാനവും അന്വേഷിക്കുക എന്നിവ. ധാർമികവും നിയമപരവുമായ ഈ വിവേചിച്ചറിയൽ പ്രക്രിയ ഒരു അമൂല്യ അവസരമായി ഭവിക്കാം; അതായത്, സാങ്കേതികവിദ്യ നമ്മുടെ വ്യക്തിപരവും സാമൂഹ്യവും ആയ ജീവിതത്തിൽ വഹിക്കുന്ന പങ്കും അതിന്റെ ഉപയോഗം എപ്രകാരം കൂടുതൽ സമത്വസുന്ദരവും മാനുഷികവുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിൽ സഹായകമായി തീരാം എന്നതിനെ സംബന്ധിച്ച കൂടിയാലോചന. അക്കാരണത്താൽ നിർമ്മിത ബുദ്ധിയുടെ നിയന്ത്രണത്തെ സംബന്ധിച്ച ചർച്ചകളിൽ എല്ലാ തല്പരകക്ഷികളെയും കണക്കിലെടുക്കേണ്ടതുണ്ട്; അതിൽ ദരിദ്രരും ശക്തിരഹിതരും ആഗോള തീരുമാനം കൈക്കൊള്ളുന്ന പ്രക്രിയകളിൽ ഒരിക്കലും കേൾക്കപ്പെടാതെ പോകുന്നവരും ഉണ്ടായിരിക്കണം.

നിർമ്മിത ബുദ്ധിയുടെ രൂപങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന്റെ പുരോഗതിയിൽ അത് ആത്യന്തികമായി മാനുഷിക സാഹോദര്യവും സമാധാനവും ഉറപ്പുവരുത്തുന്ന രീതിയിൽ പ്രവർത്തിക്കാനുള്ള പ്രചോദനം നൽകാൻ മേൽപ്പറഞ്ഞ വിചിന്തനം സഹായകമാകും എന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇത് കുറച്ചുപേരുടെ മാത്രം ഉത്തരവാദിത്വമല്ല, പ്രത്യുത മുഴുവൻ മാനവകുടുംബത്തിന്റേതുമാണ്. മറ്റുള്ളവരെ അവരുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത വ്യക്തിമഹാത്മ്യത്തിൽ അംഗീകരിക്കുകയും അവരെ സ്വാഗതം ചെയ്യുകയും ചെയ്യുന്ന ബന്ധങ്ങളുടെ ഫലമാണ് സമാധാനം; മാത്രമല്ല, സമാധാനം സഹകരണത്തിന്റെയും എല്ലാ വ്യക്തികളുടെയും ജനതകളുടെയും സമഗ്രമായ വികസനം അന്വേഷിക്കുന്നതിന്റെയും ഫലമാണ്.

നിർമ്മിത ബുദ്ധിയുടെ രൂപങ്ങളുടെ ധ്രുതഗതിയിലുള്ള വികസിപ്പിച്ചെടുക്കൽ നമ്മുടെ ഇന്നത്തെ ലോകത്തിലുള്ള അസമത്വത്തിന്റെയും അനീതിയുടെയും അവസ്ഥ വർദ്ധിക്കാൻ ഇടവരുത്തരുതേ എന്നതാണ് പുതുവർഷാരംഭത്തിൽ എന്റെ പ്രാർത്ഥന; മറിച്ച് യുദ്ധങ്ങൾക്കും സംഘട്ടനങ്ങൾക്കും അറുതി വരുത്താനും നമ്മുടെ മാനവകുടുംബത്തെ ബാധിച്ചിരിക്കുന്ന പല രൂപത്തിലുള്ള സഹനം കുറയ്ക്കാനും അത് ഇടവരുത്തട്ടെ. ക്രൈസ്തവ വിശ്വാസികളും ഇതര മതാനുയായികളും

സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരും പൊരുത്തത്തോടെ ഒരുമിച്ചു പ്രവർത്തിച്ച് അവസരങ്ങൾ ആശ്ലേഷിക്കാനും ഡിജിറ്റൽ വിപ്ലവം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാനും അങ്ങനെ ഭാവി തലമുറകൾക്ക് കൂടുതൽ ഐകമത്യത്തിന്റെയും നീതിയുടെയും സത്യത്തിന്റെയും ഒരു ലോകം കൈമാറാൻ നമുക്ക് ഇടവരട്ടെ.

വത്തിക്കാനിൽ നിന്ന് 2023 ഡിസംബർ 8-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

Footnotes :

[1] No. 33.
[2] Ibid., 57.
[3] Cf. Encyclical Letter *Laudato Si'* (24 May 2015), 104.
[4] Cf. ibid., 114.
[5] *Address to Participants in the "Minerva Dialogues"* (27 March 2023).
[6] Cf. ibid.
[7] Cf. *Message to the Executive Chairman of the "World Economic Forum" meeting in Davos* (12 January 2018).
[8] Cf. Encyclical Letter *Laudato Si'* (24 May 2015), 194; *Address to Participants in the Seminar "The Common Good in the Digital Age"* (27 September 2019).
[9] Apostolic Exhortation *Evangelii Gaudium* (24 November 2013), 233.
[10] Cf. Encyclical Letter *Laudato Si'* (24 May 2015), 54.
[11] Cf. *Meeting with Participants in the Plenary Assembly of the Pontifical Academy for Life* (28 February 2020).
[12] Cf. ibid.
[13] Encyclical Letter *Fratelli Tutti* (3 October 2020), 27.
[14] Ibid.
[15] Cf. ibid, 170-175.
[16] Cf. Encyclical Letter *Laudato Si'* (24 May 2015), 177.

* * * * *

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് 2023 ഡിസംബർ 7-ാം തീയതി നൽകിയ സന്ദേശം

1) **മാർപാപ്പയുടെ വീഡിയോ:**
https://www.youtube.com/watch?v=W_B7b_susGA

2) **വത്തിക്കാൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചത്:**
https://press.vatican.va/content/salastampa/it/bollettino/pubblico/2023/12/07/0865/01878.html

HOLY SEE PRESS OFFICE
OFICINA DE PRENSA DE LA SANTA SEDE
BUREAU DE PRESSE DU SAINT-SIEGE
PRESSEAMT DES HEILIGEN STUHLS

**BOLLETTINO**
SALA STAMPA DELLA SANTA SEDE

# Videomessaggio del Santo Padre all'Arcieparchia di Ernakulam-Angamaly dei Siro-Malabaresi, 07.12.2023

[B0865]

**Videomessaggio del Santo Padre**

**Traduzione in malayalam**

Pubblichiamo di seguito il testo del Videomessaggio che il Santo Padre Francesco ha inviato all'Arcieparchia di Ernakulam-Angamaly dei Siro-Malabaresi:

**Videomessaggio del Santo Padre**

Fratelli e sorelle dell'Arcieparchia di Ernakulam-Angamaly, io sono vicino a voi!

Vi seguo da anni, conosco la fede e l'impegno apostolico dell'amata Chiesa Siro-Malabarese, che è motivo di gioia e di fierezza per la Chiesa Universale, ed è per questo che il mio cuore oggi è triste mentre vi parlo.

Il vostro Sinodo, dopo un lungo e faticoso lavoro, ha trovato un accordo nel modo di celebrare il Santo Qurbana. La carità e l'amore per la comunione ha spinto i suoi membri a compiere questo passo, anche se alcuni di loro non considerano ideale tale forma di celebrazione. Sono i sacrifici che richiede la comunione!

Ma la Chiesa è comunione. Se non c'è comunione, non c'è Chiesa. È una setta.

So che da anni alcuni, che dovrebbero essere esempi e veri maestri di comunione, soprattutto presbiteri, vi spingono a disobbedire e ad opporvi alle decisioni del Sinodo. Fratelli e sorelle, non seguiteli!

La discussione, quando non è serena, genera violenza. E a voi c'è stata e c'è violenza, tra voi soprattutto contro coloro che vogliono rimanere nella comunione e celebrare come la vostra Chiesa ha stabilito.

Anch'io più volte vi ho esortato ad essere docili alla vostra Chiesa. Come può essere Eucaristia se si rompe la comunione, se si manca di rispetto al Santissimo Sacramento, tra le lotte e le risse?

So che ci sono ragioni di opposizione che non hanno nulla a che fare con la celebrazione dell'Eucaristia e nemmeno con la Liturgia. Sono ragioni mondane. Non vengono dallo Spirito Santo. Se non vengono dallo Spirito Santo, vengono d'altrove.

Per questo ho studiato attentamente e con tempo i motivi che da anni vengono addotti per convincervi. Vi ho già scritto più volte in passato, ma so che non a tutti sono state lette le mie lettere.

Ora ho deciso di rivolgermi a voi, al santo popolo fedele di Dio, al clero, ai religiosi e alle religiose e soprattutto a voi, cari fedeli laici, che avete tanta fede nel Signore e che amate la Chiesa. E lo faccio in questo modo un po' inconsueto, perché nessuno abbia più dubbi su cosa pensa il Papa.

Nel nome del Signore, per il bene spirituale della vostra Chiesa, della nostra Chiesa, vi chiedo di ricomporre questa rottura. È la vostra

Chiesa, è la nostra Chiesa. Ristabilite la comunione, rimanete nella Chiesa cattolica!

E voi, presbiteri, ricordate la vostra ordinazione e gli impegni che avete assunto. Non separatevi dal cammino della vostra Chiesa, ma camminate con il Sinodo, i vostri Vescovi, l'Arcivescovo Maggiore. Accettate di mettere in pratica quanto il vostro Sinodo ha stabilito.

Vi ho inviato un mio Delegato nella persona dell'Arcivescovo Cyril Vasil'. È venuto tra voi e anche lui, a mio nome, vi ha chiesto di porre fine alla lotta, porre fine alle opposizioni e, talvolta, alle violenze – ci sono!

Non vedete che così la Chiesa si blocca e tante iniziative di bene non possono più esercitarsi al servizio del popolo santo di Dio, a servizio della santificazione del popolo di Dio?

Fate sì che per Natale 2023 la vostra Arcidiocesi acconsenta, umilmente e fedelmente, di mettersi al passo con il resto della vostra Chiesa, rispettando tutte le indicazioni del vostro Sinodo.

Vi prego di essere attenti! Stare attenti che il diavolo non vi induca a trasformarvi in una setta. Siete chiese, non diventare setta. Non costringete la competente Autorità ecclesiastica a prendere atto che siete usciti dalla Chiesa, perché non siete più in comunione con i vostri Pastori e con il Successore dell'Apostolo Pietro, chiamato a confermare tutti i fratelli e sorelle nella fede e a conservarli nell'unità della Chiesa. Con grande dolore, allora, dovranno essere prese le relative sanzioni. Io non voglio arrivare a quello.

Per il prossimo Natale, dunque, nell'Arcieparchia di Ernakulam-Angamaly come in tutta la Chiesa Siro-Malabarese, si celebri il Qurbana in comunione, seguendo le indicazioni del Sinodo. Ricordate nella Liturgia il vostro Arcivescovo Maggiore e pregate per lui. Questo è da sempre un segno importante che vi riconoscete nell'unità della Chiesa. Allora sarà Natale per tutto il vostro popolo, per tutti.

Per favore, non continuate a ferire il corpo di Cristo! Non separatevi

più da esso! E anche se ci sono stati dei torti nei vostri confronti, perdonateli con generosità.

L'Eucaristia sia il modello della vostra unità. Non frantumate il Corpo di Cristo che è la Chiesa, per non mangiare e bere la vostra condanna (cfr. 1Cor 11,29).

Il Signore vi benedica e lo Spirito Santo vi illumini. E per favore non dimenticatevi di pregare per me. Grazie!

[01878-IT.01] [Testo originale: Italiano]
**Traduzione in malayalam**
*Link al testo*
[01878-AA.01] [Testo originale: Italiano]
[B0865-XX.01]

---

3) **പരിശുദ്ധ പിതാവ് നൽകിയ വീഡിയോ സന്ദേശത്തിന്റെ മലയാള പരിഭാഷ വത്തിക്കാൻ ന്യൂസ് (മലയാളം) പ്രസിദ്ധീകരിച്ചത്:** https://www.vaticannews.va/ml/pope/news/2023-12/pope-francis-to-ernakulam-angamaly-archdiocese-on-holy-mass.html

**എറണാകുളം-അങ്കമാലി അതിരൂപതയിലെ എന്റെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, ഞാൻ നിങ്ങളോടൊപ്പമുണ്ട്!**

വർഷങ്ങളായി ഞാൻ നിങ്ങളെ അനുഗമിക്കുന്നു; സാർവ്വത്രിക സഭയ്ക്ക് സന്തോഷവും അഭിമാനവും നൽകുന്ന പ്രിയപ്പെട്ട സീറോ-മലബാർ സഭയുടെ വിശ്വാസവും പ്രേഷിത പ്രതിബദ്ധതയും എനിക്കറിവുള്ളതാണ്; അതുകൊണ്ടുതന്നെ, ഇന്ന് നിങ്ങളോടു സംസാരിക്കുമ്പോൾ എന്റെ ഹൃദയം ദുഃഖപൂരിതമാണ്.

നിങ്ങളുടെ മെത്രാൻസിനഡ്, ദീർഘവും ശ്രമകരവുമായ പരിശ്രമത്തിനു ശേഷം, പരിശുദ്ധ കുർബാനയുടെ അർപ്പണരീതി സംബന്ധിച്ച് ഒരു യോജിപ്പിലെത്തിയിരുന്നു. ഏറ്റം ആദർശയോഗ്യമായ തീരുമാനമല്ലിത്

എന്ന് സിനഡിലെ ചില മെത്രാന്മാർ വിലയിരുത്തിയെങ്കിലും ഐക്യത്തിനു വേണ്ടിയുള്ള ആഗ്രഹവും സ്നേഹവുമാണ് ഇതുപോലൊരു തീരുമാനത്തിലെത്താൻ സിനഡ് അംഗങ്ങൾ എല്ലാവരെയും പ്രേരിപ്പിച്ചത്. ഐക്യത്തിനുവേണ്ടിയുള്ള ത്യാഗങ്ങളാണവ!

യഥാർത്ഥത്തിൽ സഭ കൂട്ടായ്മയാണ്. കൂട്ടായ്മ ഇല്ലായെങ്കിൽ സഭയില്ല. ഒരു വിഘടിത വിഭാഗമാവും.

സമൂഹത്തിന്റെ മാതൃകകളും കൂട്ടായ്മയുടെ യഥാർത്ഥ ഗുരുക്കന്മാരും ആയിരിക്കേണ്ട ചിലർ, പ്രത്യേകിച്ച് വൈദികർ, സിനഡിന്റെ തീരുമാനങ്ങളെ അനുസരിക്കാതിരിക്കാനും എതിർക്കാനും വർഷങ്ങളായി നിങ്ങളെ പ്രേരിപ്പിക്കുന്നുണ്ടെന്ന് എനിക്കറിയാം. സഹോദരീ സഹോദരന്മാരേ, അവരെ പിന്തുടരരുത്!

സമാധാനപരമല്ലാത്ത ചർച്ച അക്രമം സൃഷ്ടിക്കുന്നു. നിങ്ങളുടെ ഇടയിൽ അക്രമം നടന്നിട്ടുണ്ട്, ഇപ്പോഴുമുണ്ട്, പ്രത്യേകിച്ച്, നിങ്ങളുടെ സഭ തീരുമാനിച്ചതുപോലെ കൂട്ടായ്മയിൽ തുടരാനും കുർബാനയർപ്പിക്കാനും ആഗ്രഹിക്കുന്നവർക്കെതിരെ.

സഭയോടു വിധേയത്വമുള്ളവരായിരിക്കാൻ ഞാനും പലതവണ നിങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വി.കുർബാനയോട് അനാദരവ് കാട്ടുകയും കൂട്ടായ്മ തകർക്കുകയും പോരും കലഹങ്ങളും തുടരുകയും ചെയ്യുന്നിടത്ത് കുർബാനയുണ്ടാകുന്നത് എങ്ങനെയാണ്?

എതിർപ്പിനുള്ള ചില കാരണങ്ങൾക്ക് കുർബാനയർപ്പണവുമായൊ ആരാധനക്രമവുമായൊ യാതൊരു ബന്ധവുമില്ലായെന്ന് എനിക്കറിയാം. അവ ലൗകിക കാരണങ്ങളാണ്. അവ പരിശുദ്ധാത്മാവിൽനിന്നു വരുന്നവയല്ല. അവ വരുന്നത് പരിശുദ്ധാത്മാവിൽ നിന്ന് അല്ലായെങ്കിൽ, മറ്റിടങ്ങളിൽ നിന്നാണ്.

ഇക്കാരണത്താൽ, നിങ്ങളെ ബോധ്യപ്പെടുത്താനായി വർഷങ്ങളായി മുന്നോട്ടുവെച്ച കാരണങ്ങൾ ഞാൻ ശ്രദ്ധാപൂർവ്വം സമയമെടുത്തു പഠിച്ചു. ഞാൻതന്നെ ഇതിനകം പലതവണ നിങ്ങൾക്ക് കത്തുകൾ എഴുതിയിട്ടുണ്ട്, എന്നാൽ എല്ലാ വിശ്വാസികളുടെയും അറിവിനായി എന്റെ കത്തുകൾ പൊതുവായി വായിച്ചിട്ടില്ലെന്ന് എനിക്കറിയാം.

ദൈവത്തിന്റെ വിശ്വസ്തരായ വിശുദ്ധജനമേ, വൈദികരേ, സന്യാസിനി സന്യാസികളേ, എല്ലാറ്റിനുമുപരിയായി, കർത്താവിൽ വളരെയധികം വിശ്വാസമുള്ളവരും സഭയെ സ്നേഹിക്കുന്നവരുമായ അല്മായ സഹോദരങ്ങളേ, നിങ്ങളെ അഭിസംബോധന ചെയ്യാൻ ഞാൻ തീരുമാനിച്ചു. അസാധാരണമായ രീതിയിലാണ് ഞാൻ ഇത് ചെയ്യുന്നത്, കാരണം മാർപ്പാപ്പ എന്താണ് ചിന്തിക്കുന്നതെന്ന് ഇനിയാർക്കും സംശയം വരാൻ ഇടയാകരുത് .

കർത്താവിന്റെ നാമത്തിൽ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു: നിങ്ങളുടെ സഭയുടെ, നമ്മുടെ സഭയുടെ, ആത്മീയ നന്മയ്ക്കായി ഈ മുറിവ് ഉണക്കുക. ഇത് നിങ്ങളുടെ സഭയാണ്, ഇത് നമ്മുടെ സഭയാണ്. കൂട്ടായ്മ പുനഃസ്ഥാപിക്കുക, കത്തോലിക്കാ സഭയിൽ തുടരുക!

വൈദികരേ, നിങ്ങളുടെ തിരുപട്ടത്തെയും അതിലൂടെ ഏറ്റെടുത്ത പ്രതിബദ്ധതയെയും ഓർക്കുക. നിങ്ങളുടെ സഭയുടെ പാതയിൽനിന്ന് നിങ്ങൾ വ്യതിചലിച്ചു പോകാതെ സിനഡിന്റെയും നിങ്ങളുടെ മെത്രാന്മാരുടെയും മേജർ ആർച്ചുബിഷപ്പിന്റെയും ഒപ്പം സഞ്ചരിക്കുക. നിങ്ങളുടെ സിനഡ് തീരുമാനിച്ചകാര്യങ്ങൾ നടപ്പിലാക്കുക.

ആർച്ചുബിഷപ്പ് സിറിൽ വാസിലിനെ എന്റെ പ്രതിനിധിയായി ഞാൻ നിങ്ങളുടെ അടുക്കലേയ്ക്ക് അയച്ചു. അദ്ദേഹം നിങ്ങളുടെ ഇടയിൽ വന്നു; സമരവും എതിർപ്പുകളും ചിലപ്പോൾ, അക്രമങ്ങളും അവസാനിപ്പിക്കാൻ അദ്ദേഹവും, എന്റെ പേരിൽ, നിങ്ങളോട് ആവശ്യപ്പെട്ടു. നിർഭാഗ്യവശാൽ ഇവയുണ്ട്!

ഈ വിധത്തിലുള്ള സമരങ്ങൾ സഭയുടെ വളർച്ചയെ തടസ്സപ്പെടുത്തി, ദൈവത്തിന്റെ വിശുദ്ധജനശുശ്രൂഷയ്ക്കും ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനും സഹായിക്കുന്ന പല നല്ല സംരംഭങ്ങളും ഇല്ലാതാക്കുന്നതായി നിങ്ങൾ കാണുന്നില്ലേ?

നിങ്ങളുടെ സഭയിലെ മറ്റെല്ലാ രൂപതകളോടും ചേർന്ന്, എളിമയോടും വിശുദ്ധിയോടുംകൂടി, നിങ്ങളുടെ അതിരൂപത 2023 പിറവിത്തിരുനാളിന് കുർബാനയർപ്പണവുമായി ബന്ധപ്പെട്ട സിനഡു തീരുമാനം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

നിങ്ങൾ ശ്രദ്ധാലുക്കൾ ആയിരിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു! പിശാച് നിങ്ങളെ ഒരു വിഘടിത വിഭാഗമായി മാറ്റാതിരിക്കാൻ ശ്രദ്ധിക്കുക.

എല്ലാ സഹോദരീസഹോദരന്മാരെയും വിശ്വാസത്തിലും സഭൈക്യത്തിലും ഉറപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന പത്രോസിന്റെ പിൻഗാമിയുമായും നിങ്ങളുടെ ഇടയന്മാരുമായും നിങ്ങൾ സഹകരിക്കാത്തതു കാരണം നിങ്ങളുടെ ചുമതലപ്പെട്ട സഭാധികാരികൾ നിങ്ങൾ സഭയ്ക്ക് പുറത്തു പോകുന്നത് സാക്ഷ്യപ്പെടുത്തുന്ന നിർബന്ധിത സാഹചര്യം സൃഷ്ടിക്കാതിരിക്കുക. അങ്ങനെവന്നാൽ, ഉചിതമായ സഭാനടപടികൾ, അത്യധികം വേദനയോടെ, എടുക്കേണ്ടതായി വരും. അതിലേക്കെത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.

അതുകൊണ്ട് ഈ വരുന്ന പിറവിതിരുനാളിൽ, സീറോമലബാർസഭയിൽ ഉടനീളം ചെയ്യുന്നതുപോലെ, എറണാകുളം-അങ്കമാലി അതിരൂപതയിൽ സിനഡിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പരിശുദ്ധ കുർബാനയർപ്പണം നടത്തണം. ആരാധനക്രമത്തിൽ നിങ്ങളുടെ മേജർ ആർച്ച്ബിഷപ്പിന്റെ പേരുപറയുകയും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. ഇതെല്ലായ്പ്പോഴും സഭാകൂട്ടായ്മയുടെ ഒരു പ്രധാനപ്പെട്ട അടയാളമായിരുന്നു. അപ്പോൾ നിങ്ങളുടെ വിശ്വാസികൾക്കെല്ലാം, എല്ലാവർക്കും, അതൊരു നല്ല പിറവിതിരുനാൾ ആഘോഷമായിരിക്കും.

ദയവായി ക്രിസ്തുവിന്റെ ശരീരത്തെ മുറിപ്പെടുത്തുന്നത് നിങ്ങൾ തുടരരുത്! സഭാഗാത്രത്തിൽ നിന്ന് സ്വയം വേർപെടരുത്! നിങ്ങൾക്കെതിരെയും അന്യായമായവ സംഭവിച്ചിട്ടുണ്ടെങ്കിൽ അവരോടു ഉദാരതയോടെ ക്ഷമിക്കുക.

പരിശുദ്ധ കുർബാന നിങ്ങളുടെ ഐക്യത്തിന്റെ മാതൃകയാകട്ടെ. സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തെ തച്ചുടയ്ക്കരുത്, അങ്ങനെയായാൽ തന്റെ തന്നെ ന്യായവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും (1 കോറി 11:29).

കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ, പരിശുദ്ധാത്മാവ് നിങ്ങളെ പ്രകാശിപ്പിക്കട്ടെ. എനിക്കുവേണ്ടി പ്രാർത്ഥിക്കാനും നിങ്ങൾ ദയവായി മറക്കരുത്. നന്ദി!

Prot. No. 1197/2023 7 December 2023

പ്രിയപ്പെട്ടവരേ,

**ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!**

ദൈവകൃപയാൽ 2011 മെയ് 29-ാം തീയതി മുതൽ മേജർ ആർച്ചുബിഷപ് എന്ന നിലയിൽ സീറോമലബാർസഭയിൽ ഞാൻ ശുശ്രൂഷ നിർവഹിക്കുകയായിരുന്നു. സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹം കൊണ്ടാണ് മേജർ ആർച്ചുബിഷപിന്റെ ഉത്തരവാദിത്വങ്ങൾ നിറ വേറ്റാൻ എനിക്കു സാധിച്ചത്.

നിങ്ങളിൽ ചിലർക്കെങ്കിലും അറിയാവുന്നതുപോലെ, മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനത്തുനിന്നു വിരമിക്കാനുള്ള എന്റെ ആഗ്രഹം 2019 ജൂലൈ 19-നു ഞാൻ പരിശുദ്ധ പിതാവിനെ അറിയിച്ചിരുന്നു. നമ്മുടെ സഭയിലെ വർധിച്ചുവരുന്ന അജപാലന ആവശ്യങ്ങളും എന്റെ ആരോഗ്യസ്ഥിതിയും ശ്രദ്ധാപൂർവം പരിഗണിച്ചാണു ഞാൻ ആ തീരുമാനം എടുത്തത്. സ്ഥാനമൊഴിയണമെന്ന എന്റെ ആഗ്രഹം അംഗീകരിക്കുന്നതിനുവേണ്ടി ഞാൻ താല്പര്യത്തോടെ അഭ്യർഥിച്ചുവെങ്കിലും, എന്റെ തീരുമാനം സ്വീകരിക്കുന്നതിനുമുൻപു പരിശുദ്ധ പിതാവ് സീറോമലബാർ സഭയുടെ സിനഡിന്റെ അഭിപ്രായം തേടി. സിനഡ് എന്റെ തീരുമാനം അംഗീകരിച്ചില്ല.

പ്രാർഥനാപൂർവകമായ പുനരാലോചനകൾക്കുശേഷം സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വത്തിൽനിന്നു മാറാൻ അനുവദിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് 2022 നവംബർ 15-നു എന്റെ രാജി പരിശുദ്ധ പിതാവിനു വീണ്ടും സമർപ്പിച്ചു. എന്റെ അഭ്യർഥനയിൽ ഉടനടി തീരുമാനമെടുത്തില്ലെങ്കിലും ഒരു വർഷത്തിനുശേഷം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രാജി സ്വീകരിക്കുകയും ഔദ്യോഗിക ഉത്തരവാദിത്വത്തിൽനിന്നു വിരമിക്കാൻ എന്നെ അനുവദിക്കുകയും ചെയ്തിരിക്കുന്നു എന്ന വിവരം നിങ്ങളെ അറിയിക്കാൻ എനിക്കു സന്തോഷമുണ്ട്. അതിനാൽ, ഇന്നേദിവസം 2023 ഡിസംബർ 7-ാം തിയതി പ്രാബല്യത്തിൽ വരുന്നവിധം സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനത്തുനിന്നു ഞാൻ ഔദ്യോഗികമായി വിരമിക്കുന്നു. നിങ്ങളുടെ പ്രാർഥനയും പിന്തുണയും മാറ്റത്തിന്റെ ഈ കാലയളവിൽ ഉണ്ടാകുമല്ലോ.

പൗരസ്ത്യസഭാനിയമപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ സഭയുടെ കൂരിയാബിഷപ് - ഇപ്പോഴത്തെ സാഹചര്യത്തിൽ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ - പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെ സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുന്നതാണ്.

ഈശോയിൽ സ്നേഹപൂർവം,

+ കർദിനാൾ ജോർജ് ആലഞ്ചേരി

---

Prot. No. 1208/2023

# സർക്കുലർ

സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, സഭയിലെ എല്ലാ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരീസഹോദരന്മാർക്കുമായി പുറപ്പെടുവിക്കുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

മാർതോമാശ്ലീഹായാൽ സ്ഥാപിതമായ സീറോമലബാർസഭയുടെ പിതാവും തലവനുമെന്ന നിലയിൽ 2011 മെയ് 29 മുതൽ സഭയെ നയിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മേജർ ആർച്ചുബിഷപ് ശുശ്രൂഷാസ്ഥാനത്തുനിന്നു വിരമിച്ചിരിക്കുകയാണല്ലോ. അഭിവന്ദ്യ പിതാവിന്റെ രാജി സ്വീകരിച്ചുകൊണ്ട് 2023 നവംബർ 29നു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ അതീവഹൃദ്യമായ ഒരു കത്ത് എഴുതിയിരുന്നു. ആഗോളസഭയായി വളർന്നിരിക്കുന്ന സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ് എന്നനിലയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത ചെയ്ത സ്തുത്യർഹമായ ശുശ്രൂഷകളെ ഈ കത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അഭിവന്ദ്യ പിതാവ് കഴിഞ്ഞ 12 വർഷങ്ങളായി തീക്ഷ്ണവും ശക്തവും ധീരവും സഹനബദ്ധവും ആത്മാർത്ഥവുമായിചെയ്ത നേതൃത്വശുശ്രൂഷകളെ നമുക്കു നന്ദിപൂർവം സ്മരിക്കാം.

വത്തിക്കാനിൽനിന്നു നല്കപ്പെട്ട നിർദേശപ്രകാരം 2023 ഡിസംബർ 7ന് ഇന്ത്യൻ സമയം വൈകുന്നേരം നാലരമണിക്കാണ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് വിരമിക്കുന്ന വിവരം ഔദ്യോഗികമായി സഭാമക്കളെയും പൊതുസമൂഹത്തെയും അറിയിച്ചത്. ഇതേസമയത്തു തന്നെ, എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്ന് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മാറിയ വിവരവും തൽസ്ഥാനത്ത് മെൽബൺ രൂപതയുടെ മുൻഅധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ പിതാവ് നിയമിക്കപ്പെട്ട വിവരവും അറിയിക്കപ്പെട്ടു.

മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ കൂരിയമെത്രാനാണ് സഭയുടെ അഡ്മിനിസ്ട്രേറ്ററായി സഭയ്ക്കു നേതൃത്വംകൊടുക്കേണ്ടതെന്നു കാനൻനിയമം അനുശാസിക്കുന്നു. അതിൻപ്രകാരം, ഞാൻ ഏറ്റെടുത്തിരിക്കുന്ന ഈ ശുശ്രൂഷാ നിർവഹണത്തിനു ആവശ്യമായ ദൈവകൃപ ലഭിക്കുന്നതിനുവേണ്ടി എല്ലാവരുടെയും പ്രാർഥനാസഹായം അപേക്ഷിക്കുന്നു.

പുതിയ സഭാതലവനെ തെരഞ്ഞെടുക്കുന്നതിനു മേജർ ആർച്ചുബിഷപ്പു വിരമിച്ച ദിവസം മുതൽ രണ്ടു മാസത്തിനകം മെത്രാൻസിനഡ് വിളിച്ചുകൂട്ടണമെന്ന സഭയുടെ കാനൻ നിയമം ഈ സാഹചര്യത്തിൽ ബാധകമാണ്. സീറോമലബാർ മെത്രാൻമാരുടെ മുപ്പത്തിരണ്ടാം സിനഡിന്റെ ഒന്നാം സമ്മേളനം 2024 ജനുവരിയിൽ നടത്തുന്നതിനുവേണ്ടി നിയമപ്രകാരമുള്ള ഔദ്യോഗിക കല്പന കഴിഞ്ഞ ഒക്ടോബർ 8-നു നല്കപ്പെട്ടിട്ടുള്ളതാണ്. 2023 ഡിസംബർ 7-നു വൈകുന്നേരം കൂടിയ പെർമനെന്റ് സിനഡിന്റെ തീരുമാനപ്രകാരം ജനുവരി 8 മുതൽ 13 വരെ നടക്കുന്ന സിനഡുസമ്മേളനത്തിൽത്തന്നെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്. സിനഡു തെരഞ്ഞെടുക്കുന്ന പുതിയ മേജർ ആർച്ചുബിഷപ്പിന് പരിശുദ്ധ മാർപാപ്പയുടെ സ്ഥിരീകരണം ലഭിച്ചാലുടൻ ഇതുസംബന്ധിച്ച ഔദ്യോഗികപ്രഖ്യാപനവും തുടർന്നു സ്ഥാനാരോഹണവും നടക്കുന്നതാണ്. ഈ കാലഘട്ടത്തിൽ സീറോമലബാർ സഭയെ നയിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തി ഈ ശുശ്രൂഷാപദവിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന്

അഭ്യർത്ഥിക്കുന്നു. സഭമുഴുവനിലും ചൊല്ലുന്നതിനു ഒരു പ്രാർഥന തയ്യാറാക്കി ഈ സർക്കുലറിനൊപ്പം നല്കുന്നു. ഇത് 2023 ഡിസംബർ 10 ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കുശേഷവും കുടുംബങ്ങളിൽ സായാഹ്നപ്രാർഥനക്കുശേഷവും ചൊല്ലണമെന്നു അറിയിക്കുന്നു.

മറ്റൊരു സുപ്രധാനകാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭയുടെ ഹയരാർക്കിസ്ഥാപനത്തിന്റെ ശതാബ്ദിവർഷ സമാപനത്തിലെത്തിയിരിക്കുകയാണ് നാമിപ്പോൾ. 'റൊമാനി പൊന്തിഫിച്ചെസ്' എന്ന തിരുവെഴുത്തുവഴി 1923 ഡിസംബർ 21-ന് പരിശുദ്ധ പിതാവ് പതിനൊന്നാം പിയുസ് മാർപാപ്പയാണ് സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചത്. എറണാകുളത്തെ അതിരൂപതാപദവിയിലേയ്ക്കുയർത്തുകയും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവയെ സാമന്തരൂപതകളായി നിശ്ചയിക്കുകയും ചെയ്തുകൊണ്ടു റോമാ മാർപാപ്പ എടുത്ത ഈ തീരുമാനത്തെത്തുടർന്നു സഭയുടെ നാളിതുവരെയുള്ള വളർച്ച അത്ഭുതാവഹമാണ്. പതിനാറാം നൂറ്റാണ്ടുവരെ ഭാരതം മുഴുവനിലും അജപാലനാധികാരം ഉണ്ടായിരുന്ന സീറോമലബാർസഭയ്ക്ക് ഇടക്കാലത്ത് ഇതിനു പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഇതു പുനഃസ്ഥാപിക്കപ്പെട്ടു. 1887-ലെ വികാരിയാത്തുകളുടെ സ്ഥാപനവും 1923-ലെ ഹയരാർക്കിസ്ഥാപനവുമാണ് ഈ പ്രക്രിയയ്ക്ക് ആക്കംകൂട്ടിയത് എന്നതു പ്രത്യേകം സ്മരണീയമാണ്. ഈ ശതാബ്ദിവർഷത്തിൽ ഹയരാർക്കിസ്ഥാപനത്തിലൂടെ ദൈവം നമ്മുടെ സഭയ്ക്കു നല്കിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കാം. അതിന്റെ ഭാഗമായി 2023 ഡിസംബർ 21 വെള്ളിയാഴ്ച സഭയിലെ എല്ലാ കത്തീഡ്രൽ ദൈവാലയങ്ങളിലും രൂപതാധ്യക്ഷന്മാരുടെ കാർമികത്വത്തിൽ പ്രത്യേക വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് സഭയുടെ കേന്ദ്രകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലും പ്രത്യേക വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

ഹെബ്രായലേഖനത്തിൽ നാം വായിക്കുന്നതുപോലെ, "സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്കു പര്യാലോചി

ക്കാം (10:24). പരസ്പര സ്നേഹത്തോടും ഐക്യത്തോടും സഹകരണമനോഭാവത്തോടുംകൂടി സഭയുടെയും പൊതുസമൂഹത്തിന്റെയും വളർച്ചയ്ക്കുവേണ്ടി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

സമാഗതമാകുന്ന ക്രിസ്മസിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2023 ഡിസംബർ 9-ാം തിയതി നൽകപ്പെട്ടത്.

ഈശോയിൽ സ്നേഹപൂർവം,

ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ

..............................

ഈ സർക്കുലർ 2023 ഡിസംബർ 10 ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

---

# സീറോമലബാർസഭയുടെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിനൊരുക്കമായുള്ള പ്രാർത്ഥന

സ്നേഹനാഥനായ ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ സ്ഥാപിതമായ സീറോമലബാർസഭയെ നിരന്തരം വഴിനടത്തുന്ന അങ്ങയുടെ പരിപാലനയെ ഞങ്ങൾ ഏറ്റുപറയുന്നു. ഈ സഭയ്ക്കു നേതൃത്വം നല്കുന്നതിനായി കാലാകാലങ്ങളിൽ അങ്ങു നിയോഗിച്ച എല്ലാ പിതാക്കന്മാരുടെയും പ്രത്യേകമായി, കർദിനാൾ മാർ ജോർജ്

ആലഞ്ചേരി പിതാവിന്റെയും നേതൃത്വശുശ്രൂഷകളെയോർത്ത് അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത് എന്നു ശിഷ്യന്മാരോട് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് ദൈവപിതാവിനോടു പ്രാർഥിച്ച ഈശോയേ, അങ്ങയുടെ മാതൃക അനുകരിച്ചു ഞങ്ങളും ഇപ്പോൾ പ്രാർഥിക്കുന്നു. ലോകമെമ്പാടുമുള്ള സീറോമലബാർസഭയ്ക്കു നേതൃത്വംനല്കുന്നതിനുവേണ്ടി പുതിയ മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുക്കാനായി ഒരുമിച്ചുകൂടുന്ന മെത്രാന്മാരുടെ സിനഡുസമ്മേളനത്തെ അനുഗ്രഹിക്കണമേ. മാർതോമാശ്ലീഹായുടെ പിൻഗാമിക്കടുത്ത ശുശ്രൂഷാപദവി സ്വീകരിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തിയെ ഞങ്ങൾക്ക് നൽകണമെന്നു പ്രാർത്ഥിക്കുന്നു.

സെഹിയോൻശാലയിൽ ശ്ലീഹന്മാരോടൊപ്പം പ്രാർഥനാനിരതയായിരുന്ന പരിശുദ്ധ അമ്മേ, ഈ സിനഡുസമ്മേളനത്തിൽ പരിശുദ്ധാത്മാവിന്റെ നിറവുണ്ടാകാൻവേണ്ടി തിരുക്കുമാരനോടു പ്രാർഥിക്കണമേ. ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായേ, ഞങ്ങളുടെ സഭയിലെ വിശുദ്ധരേ, വാഴ്ത്തപ്പെട്ടവരേ, ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമേ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.

---

ഈ പ്രാർഥന 2023 ഡിസംബർ 10 ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കുശേഷവും കുടുംബങ്ങളിൽ സായാഹ്നപ്രാർഥനക്കുശേഷവും ചൊല്ലണമെന്നു അറിയിക്കുന്നു.

✠ **സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ

Prot. No. AA71/2023 Date: 07-12-2023

**സർക്കുലർ നമ്പർ: 05/2023**

## എറണാകുളം-അങ്കമാലി അതിരൂപത
## സർക്കുലർ

**പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, പ്രിയ കുട്ടികളേ,**

ക്രിസ്മസിന് ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഏവർക്കും ഉണ്ണീശോയുടെ കൃപകളും അനുഗ്രഹങ്ങളും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യവും ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. ഈശോ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും പ്രവർത്തനങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മേജർ ആർച്ച്ബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരിക്ക് നന്ദി:** 2011 മുതൽ സിറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പുമായി പ്രവർത്തിച്ച മാർ ജോർജ് കർദിനാൾ ആലഞ്ചേരി 2023 ഡിസംബർ 7-ാം തിയതി മുതൽ തൽസ്ഥാനത്തുനിന്നു വിരമിക്കുകയാണ്. 51 വർഷം വൈദികനും 27 വർഷം മെത്രാനും 12 വർഷം മേജർ ആർച്ച്ബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ ആർച്ച്ബിഷപ്പും ആയി ശുശ്രൂഷ ചെയ്ത പിതാവിന് അതിരൂപതാമക്കൾ ഏവരുടെയും കടപ്പാടും നന്ദിയും ആദരവോടെ അറിയിക്കുന്നു. സഭയുടെയും നമ്മുടെ അതിരൂപതയുടെയും സമഗ്രവളർച്ചക്ക് അദ്ദേഹം ചെയ്ത സേവനങ്ങൾ നിസ്തുലങ്ങളാണ്. അദ്ദേഹത്തിന് അനുഗ്രഹപ്രദമായ വിശ്രമജീവിതം നേരുന്നു. തുടർന്നും നമുക്ക് അദ്ദേഹത്തെ നന്ദിയോടെ പ്രാർത്ഥനയിൽ ഓർക്കാം.

**മാർ ബോസ്കോ പുത്തൂർ - പുതിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ:** തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത, സി.ബി.സി.ഐ. പ്രസിഡൻറ് എന്നീ ഭാരിച്ച ഉത്തരവാദിത്വങ്ങളുടെ ഇടയിൽ, എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന ഗൗരവതരമായ ഉത്തരവാദിത്വം നിറവേറ്റുന്നതിന് വലിയ പരിമിതികൾ എനിക്കുണ്ടായ സാഹചര്യത്തിൽ, എനിക്കു പകരം മറ്റൊരു

അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ നിയമിക്കണമെന്ന് പരിശുദ്ധ പിതാവിനോട് ഞാൻ പലപ്രാവശ്യം അഭ്യർത്ഥിച്ചിരുന്നു. മേജർ ആർക്കി എപ്പിസ്കോപ്പൽ മുൻ കൂരിയാമെത്രാനും ഓസ്ട്രേലിയായിലെ മെൽബൺ സീറോമലബാർ രൂപതയുടെ മുൻ മെത്രാനുമായ അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിനെ ഫ്രാൻസിസ് മാർപാപ്പ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി 2023 ഡിസംബർ 7 മുതൽ നിയമിച്ചിരിക്കുകയാണ്. എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണ ചുമതലയേൽക്കുന്ന ബോസ്കോ പിതാവ് മാർപാപ്പയുടെയും പൊന്തിഫിക്കൽ ഡെലഗേറ്റിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഭരണ നിർവ്വഹണം നടത്തുക. മാർപാപ്പ നേരിട്ട് നിയമിച്ച അദ്ദേഹത്തോട് വിധേയപ്പെട്ട് സഭാകൂട്ടായ്മയിൽ പ്രവർത്തിക്കാൻ എല്ലാ അതിരൂപതാംഗങ്ങളോടും ഞാൻ ആഹ്വാനം ചെയ്യുന്നു.

2022 ജൂലൈ 30 മുതൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ പ്രവർത്തിക്കാൻ മാർപ്പാപ്പായിൽ നിന്ന് എനിക്ക് ഉത്തരവാദിത്തം ലഭിച്ചപ്പോൾ നാളിതുവരെ പരി. പിതാവിനോട് വിശ്വസ്തത പുലർത്തി പ്രവർത്തിക്കാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ട്. നിങ്ങൾ എനിക്കു നൽകിയ പ്രാർത്ഥനയ്ക്കും സഹകരണത്തിനും വലിയ നന്ദി. കർത്തവ്യനിർവഹണത്തിനിടയിൽ എന്റെ ഭാഗത്ത് നിന്നും ഏതെങ്കിലും വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ ക്ഷമിക്കണേ! തുടർന്നും എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് വിനീതമായി ഞാൻ അഭ്യർത്ഥിക്കുന്നു.

**പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ച്ബിഷപ്പ് സിറിൽ വാസിൽ:** സീറോമലബാർ സഭാപിതാക്കന്മാരിൽ നിന്നും എറണാകുളത്തുനിന്നും പരിശുദ്ധ പിതാവിന് നൽകിയ വിവിധ നിവേദനങ്ങളുടെ വെളിച്ചത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് പ്രത്യേകമായി പരിശുദ്ധ പിതാവ് അയച്ച പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ച്ബിഷപ്പ് സിറിൽ വാസിലിന്റെ ദൗത്യം ഇപ്പോഴും തുടരുകയാണ്. മാർപാപ്പ അന്തിമമായി അംഗീകരിച്ച ഏകീകൃത കുർബാനയർപ്പണരീതിയെക്കുറിച്ചുള്ള തീരുമാനം നടപ്പിലാക്കുകയും, സഭാകൂട്ടായ്മ ഊട്ടിയുറപ്പിക്കുകയും മറ്റു പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയുമാണ് അദ്ദേഹത്തിന്റെ പ്രധാന ദൗത്യങ്ങൾ. കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ എറണാകുളത്തെത്തിയ അദ്ദേഹത്തിനും, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കുമെതിരെ ഏതാനും പേർ തടസ്സങ്ങൾ സൃഷ്ടിച്ചത് മാർപാപ്പയ്ക്ക് തന്നെ എതിരായ

പ്രവർത്തനമായിട്ടാണ് ലോകം മനസ്സിലാക്കിയത്. അത് സഭയ്ക്ക് മുഴുവൻ വലിയ വേദനയ്ക്ക് കാരണമായി. ഈ ദിവസങ്ങളിൽ അദ്ദേഹം വീണ്ടും വരികയാണ്. മാർപാപ്പയുടെ പ്രതിനിധിയായ അദ്ദേഹത്തെ പൂർണ്ണ ആദരവോടെ സ്വീകരിക്കാനും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാനും ഏവരും ശ്രമിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

**സഭയുടെ കൂട്ടായ്മ:** 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' (എഫേ. 2:19-22) എന്ന ആപ്തവാക്യവുമായി കെ.സി.ബി.സി., കേരളസഭാ നവീകരണ കാലഘട്ടം (2022-2025) പ്രഖ്യാപിച്ചിരിക്കുന്നത് കൂട്ടായ്മയിലൂടെ സഭയെ വളർത്തുക എന്ന ലക്ഷ്യത്തോടെയാണ്. പത്രോസാകുന്ന പാറമേൽ സ്ഥാപിക്കപ്പെട്ട സഭ (മത്താ. 16:18), ഈശോയോട് ചേർന്നുനിൽക്കുന്ന ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതിനാൽ പത്രോസിന്റെയും അപ്പസ്തോലന്മാരുടെയും പിൻഗാമികളോട് നാം ചേർന്നുനിൽക്കുന്നില്ലെങ്കിൽ മിശിഹായുടെ സഭയാകുകയില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് 2023 ഒക്ടോബറിൽ റോമിൽവച്ച് നടന്ന മെത്രാൻമാരുടെ സിനഡിനിടയിൽ 'സിനഡ് ഒരു പാർലമെന്റ് അല്ല' എന്ന് ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ച് പ്രസ്താവിച്ചത്. മാർപാപ്പ തുടർന്ന് പറഞ്ഞു: സിനഡിന്റെ നായകൻ (Protagonist) പരിശുദ്ധാത്മാവ് ആണ്. നാമും പരി. ആത്മാവിനാൽ നയിക്കപ്പെടുന്നവരാകണം.

സഭയുടെ കൂട്ടായ്മയെ തകർക്കുന്ന പലതരത്തിലുള്ള ശ്രമങ്ങൾ സഭാശത്രുക്കളിൽനിന്നും കഴിഞ്ഞ കാലഘട്ടങ്ങളിൽ നമുക്കുണ്ടായിട്ടുണ്ട്. നേതൃത്വശുശ്രൂഷ ചെയ്യുന്നവർതന്നെ കൂട്ടായ്മയിൽ ഉറച്ചുനിൽക്കാതെ അനുസരണത്തിന്റെ കാര്യത്തിൽ എതിർസാക്ഷ്യം നൽകുമ്പോൾ സഭതന്നെ തകരുകയാണ്. പലരും സഭയിൽ നിന്ന് അകന്നുപോകുന്നതിനു ഈ എതിർസാക്ഷ്യങ്ങൾ കാരണമാകുന്നുണ്ട്. നമ്മുടെ അതിരൂപതയിൽ കഴിഞ്ഞ കുറേ നാളുകളായി വിശുദ്ധ കുർബാനയർപ്പണവുമായി ബന്ധപ്പെട്ട് ഉണ്ടായ വിവാദങ്ങൾ ഈ കൂട്ടായ്മയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സഭാപ്രവേശനവുമായി ബന്ധപ്പെട്ട് ആദിമ സഭയിലുണ്ടായ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ കൂടിയ ജെറുസലെം കൗൺസിലിൽ അപ്പോസ്തോലന്മാർ എത്തിച്ചേർന്ന തീരുമാനത്തെ ബൈബിൾ വിവരിക്കുന്നത് ഇപ്രകാരമാണ്: 'പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി' (അപ്പ.15:28). വാദപ്രതിവാദങ്ങൾക്കൊടുവിൽ അപ്പസ്തോലന്മാരോട് ചേർന്ന് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്,

പത്രോസ്ശ്ലീഹ എടുത്ത തീരുമാനം (അപ്പ. 15:7) എല്ലാവരും അംഗീകരിച്ചു. എല്ലാവരും സഭാകൂട്ടായ്മയിൽ ഉറച്ചുനിന്നു. ഇന്നും സഭാകൂട്ടായ്മയുടെ അടിസ്ഥാനവും പ്രതിസന്ധികൾക്കുള്ള പരിഹാരവും ഈ അനുസരണമാണ്. പിതാവിന്റെ ഹിതം മാത്രം നിറവേറ്റിയ ഈശോയും (ലൂക്ക 22:42) ദൈവഹിതത്തിനു വിധേയപ്പെട്ട പരിശുദ്ധ മറിയവും (ലൂക്ക 1:38) ആണ് നമുക്ക് മാതൃക. പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നതും അതാണ് (റോമാ 13:1-6).

പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയുടെ തീരുമാനം സ്വീകരിക്കാതെ ഒരാൾക്ക് ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ കത്തോലിക്ക സഭയുടെ കൂട്ടായ്മയിലായിരിക്കാൻ സാധിക്കുകയില്ല. എറണാകുളം-അങ്കമാലി അതിരൂപതയിൽ കഴിഞ്ഞ ഏതാനും നാളുകളിലായി ഉണ്ടായ ആരാധനാക്രമ വിവാദത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഇപ്പോൾ അന്തിമ തീരുമാനം നൽകിയിരിക്കുകയാണ്. 2021 ജൂലൈ മൂന്നിന് സീറോമലബാർസഭയ്ക്ക് പൊതുവായും, 2022 മാർച്ച് 25ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ ദൈവജനത്തിന് പ്രത്യേകമായും എഴുതിയ ഔദ്യോഗിക കത്തുകളുടെ തുടർച്ചയായാണ് മാർപാപ്പയുടെ 2023 ഡിസംബർ 7-ാം തീയതിയിലെ വീഡിയോ സന്ദേശം. മാർപ്പാപ്പായുടെ തീരുമാനമുൾക്കുള്ളുന്ന ഈ വീഡിയോ സന്ദേശം സ്വീകരിച്ച് എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരും സമർപ്പിതരുമടക്കം ദൈവജനം മുഴുവനും കത്തോലിക്കാ കൂട്ടായ്മയിൽ ഒറ്റക്കെട്ടായി നിലനിൽക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. മാർപാപ്പ നൽകിയ വീഡിയോ സന്ദേശം എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ ഭവനങ്ങളിലും എത്തിക്കാൻ ഇടവക വികാരിമാരും സന്യാസ-സ്ഥാപന അധികാരികളും ശ്രദ്ധിക്കേണ്ടതാണ്. ഈ വീഡിയോയിലെ ആശയങ്ങൾ അടുത്ത ഞായറാഴ്ച (10-12-2023) വിശുദ്ധ കുർബാനമധ്യേ ദൈവജനത്തെ അറിയിക്കേണ്ടതാണ്.

**അതിരൂപത ശതാബ്ദി ആഘോഷം:** മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ ഭാരത ക്രൈസ്തവസഭയിൽ പതിനാറാം നൂറ്റാണ്ടിനു ശേഷം ലത്തീൻ മെത്രാന്മാരാണ് ഭരണം നടത്തിയിരുന്നത്. 1886 ൽ കൊടുങ്ങല്ലൂർ അതിരൂപത നിർത്തലാക്കപ്പെട്ടതിനുശേഷം 1887 മെയ് 20-ന് തൃശ്ശൂർ, കോട്ടയം എന്നീ സീറോമലബാർ വികാരിയാത്തുകൾ സ്ഥാപിതമായി. 1896 ൽ അവയെ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ വികാരിയത്തുകളായി പുനഃക്രമീകരിച്ചു. 1911-ൽ കോട്ടയം

വികാരിയാത്തും സ്ഥാപിതമായി. 1923 ഡിസംബർ 21 നാണ് എറണാകുളം വികാരിയാത്തിനെ അതിരൂപതയായും മറ്റു വികാരിയാത്തുകളെ സാമന്തരൂപതകളായും ഉയർത്തിക്കൊണ്ട് സീറോമലബാർ ഹയരാർക്കി സ്ഥാപിതമായത്. ഇതിന്റെ ശതാബ്ദി സമുചിതമായി ആഘോഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. അതിനാൽ, 2023 ഡിസംബർ 5-ന് ഞാൻ നല്കിയ സർക്കുലറിൽ ആഹ്വാനം ചെയ്തതുപോലെ, 2023 ഡിസംബർ 21-ാം തീയതി (വ്യാഴം) രാവിലെ നമ്മുടെ അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും സന്യാസ ഭവനങ്ങളിലും കൃതജ്ഞതാബലി അർപ്പിക്കുവാനും സ്തോത്രഗീതം ആലപിക്കുവാനും ഞാൻ വീണ്ടും ഓർമ്മിപ്പിക്കുന്നു. അന്ന് ഉച്ചകഴിഞ്ഞ് സഭാകേന്ദ്രത്തിൽ നടക്കുന്ന കൃതജ്ഞതാബലിയിലും മറ്റ് പരിപാടികളിലും പങ്കെടുത്ത് വിജയിപ്പിക്കാൻ ശ്രമിക്കുമല്ലോ.

**തിരുപ്പട്ടങ്ങൾ:** അടുത്തുവരുന്ന നാളുകളിൽ നമ്മുടെ അതിരൂപതക്കും മറ്റ് രൂപതകൾക്കും സമർപ്പിത സമൂഹങ്ങൾക്കുമായി നമ്മുടെ അതിരൂപതയിൽനിന്ന് അഭിഷിക്തരാകുന്ന ബഹുമാനപ്പെട്ട ഡീക്കന്മാർക്കുവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. തിരുപ്പട്ടങ്ങൾ നൽകുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട ഡീക്കന്മാർക്കും മെത്രാന്മാർക്കും മറ്റ് അധികാരികൾക്കും പരി. സിംഹാസനത്തിന്റെ നിർദ്ദേശമനുസിരിച്ച് ഞാൻ നേരത്തെ മാർഗ്ഗരേഖ നൽകിയിരുന്നു. വിശ്വാസപ്രഖ്യാപനം നടത്തിയും, മാർപാപ്പയെയും മേജർ ആർച്ച്ബിഷപ്പിനെയും അതിരൂപതാധ്യക്ഷനെയും അനുസരിക്കാമെന്ന് പ്രതിജ്ഞ എടുത്തുമാണ് ബഹുമാനപ്പെട്ട ഡീക്കന്മാർ പുരോഹിതരായി അഭിഷിക്തരാക്കപ്പെടുന്നത്. അതിനാൽ, നമ്മുടെ അതിരൂപതക്കും മറ്റ് രൂപതകൾക്കും സമർപ്പിത സമൂഹങ്ങൾക്കുമായി തിരുപ്പട്ടം സ്വീകരിക്കാൻ ഒരുങ്ങുന്ന ബഹുമാനപ്പെട്ട ഡിക്കന്മാർക്ക് മേൽപ്പറഞ്ഞ രീതിയിലുള്ള പ്രതിജ്ഞയെടുത്ത് തിരുപ്പട്ടം സ്വീകരിക്കാനും നിയമാനുസൃതമായ രീതിയിൽ മാത്രം വിശുദ്ധ കുർബാന അർപ്പിക്കാനും അവസരം ഒരുക്കണമെന്ന് ബന്ധപ്പെട്ട വികാരിമാരോടും അധികാരികളോടും ഇടവക ജനങ്ങളോടും ഞാൻ ഒരിക്കൽകൂടി വിനീതമായി അഭ്യർത്ഥിക്കുന്നു.

**ഉപസംഹാരം:** പ്രിയ സഹോദരി-സഹോദരന്മാരെ, ഏറെ നാളത്തെ ചർച്ചകൾക്കും പഠനങ്ങൾക്കും പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശങ്ങൾക്കും ശേഷമാണ് മെത്രാന്മാരുടെ സിനഡ് ഏകീകൃത കുർബ്ബാനയർപ്പണരീതിയെക്കുറിച്ചുള്ള തീരുമാനങ്ങൾ എടുത്തതും, മാർപാപ്പ

അത് അംഗീകരിച്ചതും. എന്നാൽ തുടർന്നും നമ്മുടെ അതിരൂപതയെയും സീറോ-മലബാർ സഭയെയും പ്രതിസന്ധിയിലാക്കിയ വിവാദങ്ങൾക്ക് വിരാമമിടാനാണ് വീഡിയോ സന്ദേശത്തിലൂടെ പരി. പിതാവ് തന്റെ അന്തിമ തീരുമാനം ആവർത്തിച്ചത്.

അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയ്ക്ക് നിങ്ങൾ എനിക്ക് നൽകിയ എല്ലാ സ്നേഹത്തിനും കരുതലിനും ഞാൻ ഒരിക്കൽ കൂടി നന്ദി പറയുന്നു. ഈ ഉത്തരവാദിത്വം തുടർന്ന് ഏറ്റെടുക്കുന്ന അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിന് എല്ലാവിധ സഹായസഹകരണങ്ങളും പ്രാർത്ഥനകളും നൽകണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. സീറോ മലബാർ സഭയുടെ കേന്ദ്ര അതിരൂപത എന്ന നിലയിൽ മറ്റു രൂപതകൾക്ക് മുമ്പിൽ മാതൃകയും സാക്ഷ്യവും നേതൃത്വവും നൽകാൻ നമുക്ക് സാധിക്കണം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നല്ല ഇടയനായ ഇശോമിശിഹായോടും അവിടുത്തെ ശിഷ്യരോടും പിന്ഗാമികളോടും ചേർന്നുനിന്ന് ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്ത സിനഡാത്മക ശൈലിയായ 'ഒന്നിച്ചു നടക്കലിന്' (Walking together) നമുക്ക് സാധിക്കട്ടെ. ഏവർക്കും ക്രിസ്മസിന്റെയും നവവത്സര ത്തിന്റെയും ആശംസകൾ നേരുന്നു. ഉണ്ണിയീശോ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

\+ ആൻഡ്രൂസ് താഴത്ത്
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത

.........................................

NB: ഈ സർക്കുലർ 10-12-2023 ഞായറാഴ്ച പള്ളികളിൽ കുർബാനയോടുകൂടി വായിക്കുകയൊ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയൊ ചെയ്യേണ്ടതാണ്.

Prot. N. 207/2023

## DICASTERIUM PRO ECCLESIIS ORIENTALIBUS

---

## DECRETUM

Cum per renuntiationem Em.mi D.ni Georgii Card. Alencherry a munere Archiepiscopi Maioris, ad normam canonis 126 §2 CCEO, Archieparchia Ernakulamensis-Angamaliensis Ecclesiae Syro-Malabarensis vacans exstitisset;

attento quod Exc.mus D.nus Andreas Thazhath, Archiepiscopus Metropolitanus Trichuriensis ac Praeses Catholicorum Episcoporum Conferentiae in India, enixe petiverit ut renuntiatio ab officio Administratoris Apostolici supra dictae Archieparchiae acciperetur;

quo melius spirituali bono christifidelium eiusdem Archieparchiae prospiceretur et speciali modo legibus liturgicis a Synodo Episcoporum Ecclesiae Syro-Malabarensis latis impleretur,

**SUMMUS PONTIFEX FRANCISCUS PP.,**

referente in Audientia die XVIII mensis Novembris hoc vertente anno infrascripto huius Dicasterii Cardinali Praefecto, Administratorem Apostolicum praefatae Archieparchiae ab hodierna die et ad nutum Sanctae Sedis nominare dignatus est **Exc.mum D.num Bosco Puthur**, Episcopum emeritum Sancti Thomae Apostoli Melburnensis Syro-Malabarensium, cunctis cum iuribus, obligationibus et privilegiis Episcopi eparchialis muneri adnexis, ad normam sacrorum canonum 190–211 et salvo canone 154 CCEO.

Praesens Decretum Summus Pontifex fieri et mitti iussit.

Contrariis quibuslibet minime obstantibus.

Datum Romae, ex aedibus Dicasterii pro Ecclesiis Orientalibus,
die VII mensis Decembris A.D. MMXXIII

Claudius Card. Gugerotti
Praefectus

P. Michaël Jalakh, oam
a Secretis

CONGREGATIO
PRO ECCLESIIS ORIENTALIBUS

*Dicasterium* a die 5 Iunii 2022

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

December 7, 2023

Prot. N. 144/2023

Your Excellency,

This Dicastery has received the proposals of the committee for dialogue created during the last session of the Synod of Bishops, which Your Excellency, as Convener of the aforesaid committee, forwarded to the Apostolic See on 12 September 2023 through the Pontifical Delegate for the Archeparchy of Ernakulam-Angamaly, His Grace Cyril Vasil', S.J., Archbishop-Bishop of Košice.

I have presented the matter to His Holiness Pope Francis, who decided to make a final appeal to the conscience of the clergy and lay faithful of the Archeparchy. As indicated by the Holy Father, this Dicastery instructs that the Holy *Qurbana* in the synodal form be implemented in all parishes and other centres in the Archeparchy no later than 25 December 2023. Given the great scandal around Christmas 2022 caused by the abusive Eucharistic celebration and subsequent conflict in the Cathedral, His Holiness has established Christmas 2023 as a symbolic definitive date.

The Holy Father has also directed that His Delegate, Archbishop Vasil', who maintains all of his canonical prerogatives and faculties concerning the Sacred Liturgy, accompany and authenticate the necessary preparations.

With prayerful best wishes and cordial regards in Christ, I remain,

Sincerely yours,

Claudio Card. Gugerotti
Prefect

Fr. Michel Jalakh, oam
Secretary

---

His Excellency
The Most Reverend Bosco PUTHUR
Bishop *emeritus* of St. Thomas the Apostle of Melbourne
Apostolic Administrator of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

Prot. No: PDL2/2023 Date: 21-12-2023

## എറണാകുളം-അങ്കമാലി അതിരൂപതയിലെ ദൈവജനത്തിനുള്ള പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് സിറിൾ വാസിൽ എസ്. ജെ.യുടെ കത്ത്

പ്രിയ സഹോദരീ സഹോദരന്മാരേ

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പിറവിത്തിരുന്നാൾ മനുഷ്യരാശിയോടുള്ള ദൈവസ്നേഹത്തിന്റെ രഹസ്യത്തിലേയ്ക്ക് നമ്മെ ഒരിയ്ക്കൽക്കൂടി കൊണ്ടുവരുന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രൻ മനുഷ്യശരീരം സ്വീകരിക്കുന്നു, ഈ ശരീരത്തിൽ സ്വയം വെളിപ്പെടുത്തുന്നു, അതിന്റെ എല്ലാ ബലഹീനതകളും പരിമിതികളും ഉൾക്കൊള്ളുന്നു. ദൈവശാസ്ത്രപരമായ അർത്ഥത്തിൽ, മിശിഹായുടെ മൗതികശരീരം എന്നാണ് സഭയെ നാം വിളിക്കുന്നത്. ഈ ശരീരത്തിനും അതിന്റേതായ പരിമിതികളും ബുദ്ധിമുട്ടുകളുമുണ്ട്. എന്നിരുന്നാലും, ഇത് എല്ലായ്പ്പോഴും മിശിഹായുടെ ജനത്തിനിടയിൽ അവന്റെ സാന്നിദ്ധ്യത്തിന്റെ ദൃശ്യമായ അടയാളമാണ്.

2023 ഡിസംബർ 7 ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയിൽനിന്ന് ഒരു പ്രത്യേകസന്ദേശം ലഭിച്ച എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് ഈ പിറവിത്തിരുന്നാളിന് ഒരു പ്രത്യേക പ്രാധാന്യമുണ്ട്. തന്റെ സന്ദേശത്തിൽ പരിശുദ്ധ പിതാവ് അസന്നിഗ്ദവും തീക്ഷ്ണവുമായ വാക്കുകളിൽ എല്ലാ അത്മായരേയും സമർപ്പിതരേയും, എല്ലാറ്റിലുമുപരിയായി, വൈദികരെയും കത്തോലിക്കാസഭയുമായുള്ള ഐക്യം ദൃശ്യമായ അടയാളത്തിലൂടെ പ്രകടിപ്പിക്കാൻ ക്ഷണിച്ചിരിക്കുകയാണ്. അതായത്, സിനഡിന്റെ തീരുമാനമനുസരിച്ച് വിശുദ്ധകുർബ്ബാന അർപ്പിക്കുക. ഇത് കേവലം ചില നിയമങ്ങൾ പാലിയ്ക്കുന്ന പ്രശ്നമല്ല, മറിച്ച്, അതിലുപരി, സഭയുടെ ഐക്യത്തെ ബാധിക്കുന്ന ഒരു കാര്യമാണ്. വിശുദ്ധ പൗലോസിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പരിശുദ്ധ പിതാവ് പറയുന്നു: “സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തെ തച്ചുടയ്ക്കരുത്, അങ്ങനെയായാൽ തന്റെതന്നെ ന്യായവിധിയാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും.”(Cf. 1 കോറി 11 : 29). ഈ വാക്കുകൾ അദ്ദേഹത്തിന്റെ കല്പനകൂടിയായ സന്ദേശത്തിന്റെ

അർത്ഥത്തെക്കുറിച്ച് ഒരു സംശയത്തിനും ഇട നൽകുന്നില്ല. മാർപ്പാപ്പ വൈദികരെ അഭിസംബോധന ചെയ്തുകൊണ്ട് ഇങ്ങനെ ചോദിക്കുന്നു: "വൈദികരേ, നിങ്ങളുടെ തിരുപ്പട്ടത്തെയും അതിലൂടെ ഏറ്റെടുത്ത പ്രതിബദ്ധതയെയും ഓർക്കുക. നിങ്ങളുടെ സഭയുടെ പാതയിൽനിന്ന് നിങ്ങൾ വ്യതിചലിച്ചുപോകാതെ സിനഡിന്റെയും നിങ്ങളുടെ മെത്രാന്മാരുടെയും മേജർ ആർച്ചുബിഷപ്പിന്റെയും ഒപ്പം സഞ്ചരിക്കുക. നിങ്ങളുടെ സിനഡ് തീരുമാനിച്ച കാര്യങ്ങൾ നടപ്പിലാക്കുക."

വളരെ വ്യക്തമായ ഈ വാക്കുകളിൽ ആർക്കെങ്കിലും സംശയമോ എതിർപ്പോ എങ്ങനെയുണ്ടാകും? മുൻകാലങ്ങളിൽ മാർപ്പാപ്പയുടെ കത്തുകൾ നിരസിച്ചതിനെ ന്യായീകരിച്ചുകൊണ്ട് ആരൊക്കെയോ ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്: 'പരിശുദ്ധ പിതാവ് ഇവിടത്തെ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാതെ എഴുതിയതാണവ. അതായത് എറണാകുളം-അങ്കമാലി അതിരൂപതയിലെ മുഴുവൻ യാഥാർത്ഥ്യവും അറിയാതെ എഴുതിയതിനാൽ അവയിൽ ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. അതുമല്ലെങ്കിൽ അറിഞ്ഞുകൊണ്ടുതന്നെ അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണ് അദ്ദേഹം അവ അങ്ങനെ എഴുതിയത്.' തന്റെ സന്ദേശത്തിൽ മാർപാപ്പതന്നെ ഈ തെറ്റിദ്ധാരണകൾ തിരുത്തുന്നുണ്ട്. "നിങ്ങളെ ബോധ്യപ്പെടുത്താനായി വർഷങ്ങളായി മുന്നോട്ടുവച്ച കാരണങ്ങൾ ഞാൻ ശ്രദ്ധാപൂർവ്വം സമയമെടുത്ത് പഠിച്ചു." എന്തുകൊണ്ടാണ് നിങ്ങൾക്ക് ഒരു വീഡിയോ സന്ദേശം അയയ്ക്കാൻ മാർപാപ്പ തീരുമാനിച്ചത്? അദ്ദേഹംതന്നെ അത് വിശദീകരിക്കുന്നു. "കാരണം മാർപാപ്പ എന്താണ് ചിന്തിക്കുന്നതെന്ന് ഇനി ആർക്കും സംശയം വരാൻ ഇടയാകരുത്."

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ വൈദികരേ, സഭയോടുള്ള നമ്മുടെ സ്നേഹവും, റോമിലെ മെത്രാനായ ഫ്രാൻസിസ് മാർപാപ്പയോടുള്ള നമ്മുടെ സ്നേഹവും വിശ്വസ്തതയും വാക്കുകളിലൂടെ മാത്രമല്ല, മറിച്ച് ഉചിതമായ പ്രവർത്തികളിലൂടെയും നമുക്ക് പ്രകടിപ്പിക്കാൻ കഴിയുന്നതും പ്രകടിപ്പിക്കേണ്ടതുമായ സമയം വന്നുകഴിഞ്ഞു. സഹോദരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കാനും പഠിപ്പിക്കാനും ദൈവജനത്തെ നയിക്കാനും കർത്താവ് തന്റെ ശിഷ്യനായ പത്രോസിനെയും അവന്റെ പിൻഗാമികളെയും നിയോഗിച്ചുവെന്ന് നാം യഥാർത്ഥത്തിൽ വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ, മിശിഹായോടും അവന്റെ സഭയോടുമുള്ള സ്നേഹം ഒരു പ്രാദേശിക ആചാരത്തോടുള്ള അടുപ്പം ത്യജിക്കാൻ

നമ്മെ ശക്തരാക്കേണ്ടതാണ്. അത് നമുക്ക് എത്ര പ്രിയപ്പെട്ടതാണെങ്കിലും, ആഴത്തിൽ നമ്മിൽ വേരൂന്നിയതും ആത്മീയമായി ഉപയോഗപ്രദവുമാണെങ്കിലും പരിശുദ്ധപിതാവിനോടുള്ള വിശ്വസ്തതയുടെയും അനുസരണത്തിന്റെയും അടയാളമായി ഈ പ്രവർത്തി നമുക്ക് സന്തോഷത്തോടെ ചെയ്യാം. പരിശുദ്ധ പിതാവിനെയും സഭയെയും സ്നേഹിക്കുന്നവർ ഒഴികഴിവുകളും ഒരിക്കലും ന്യായീകരിക്കാൻ സാധിക്കാത്ത പിടിവാശിയും ഉപേക്ഷിച്ചുകൊണ്ട് അദ്ദേഹത്തെ അനുസരിക്കും.

ഈ അതിരൂപതയും അതിലെ അത്മായരും സമർപ്പിതരും വൈദികരും എപ്പോഴും മാർപാപ്പയോടും സഭയോടുമുള്ള സ്നേഹം പ്രഖ്യാപിച്ചിട്ടുണ്ട്. പരിശുദ്ധ പിതാവിന്റെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഈ സ്നേഹം ഉചിതമായും വ്യക്തമായും പ്രകടിപ്പിക്കേണ്ട സമയം വന്നിരിക്കുന്നു. തന്റെ സമൃദ്ധമായ കൃപയാൽ നമ്മുടെ ഉദാരമായ അനുസരണത്തിന് കർത്താവ് പ്രതിഫലം തരും.

മിശിഹാ നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ആർച്ചുബിഷപ്പ് സിറിൾ വാസിൽ എസ്. ജെ.
എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് വേണ്ടിയുള്ള പൊന്തിഫിക്കൽ ഡെലഗേറ്റ്

---

പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് സിറിൾ വാസിലിന്റെ ഈ കത്ത് 24-12-2023 ഞായറാഴ്ച അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും വിശുദ്ധ കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.

ബിഷപ്പ് ബോസ്ക്കോ പുത്തൂർ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ, എറണാകുളം-അങ്കമാലി അതിരൂപത

## സർക്കുലർ: 06/2023

**മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,**

സീറോമലബാർ ഹയരാർക്കിയുടെയും എറണാകുളം അതിരൂപതയുടെയും സ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ പൂർത്തിയായ ഈ അവസരത്തിൽ, നന്ദി പ്രദർശിപ്പിക്കാൻ കഴിയാത്തവിധം അത്രയധികം നന്മകളാണ് നല്ലവനായ ദൈവം സീറോമലബാർ സഭയ്ക്കും നമ്മുടെ അതിരൂപതയ്ക്കും നൽകിയിരിക്കുന്നത് എന്ന് പ്രാർത്ഥനാപൂർവ്വം നമുക്ക് അനുസ്മരിക്കാം.

ആരാധനക്രമ വിഷയങ്ങളുമായി ബന്ധപ്പെട്ട് നമ്മുടെ അതിരൂപത ഏറെ പ്രതിസന്ധികളിലൂടെയാണ് ഏതാനും വർഷങ്ങളായി കടന്നുപോയിക്കൊണ്ടിരിക്കുന്നത് എന്നു നിങ്ങൾക്കറിയാമല്ലോ. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റതു മുതൽ ഈ പ്രശ്നത്തിന് ഉചിതമായ പരിഹാരമുണ്ടാകാൻ ഞാൻ തീഷ്ണമായി പ്രാർത്ഥിക്കുകയും ആത്മാർത്ഥമായും തീവ്രമായും പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് സിറിൽ വാസിൽ പിതാവും ഞാനും നമ്മുടെ അതിരൂപതയിലെ അച്ചന്മാരും സന്ന്യസ്തരും അല്മായ സഹോദരങ്ങളുമായി രാപകൽ വിവിധ തലങ്ങളിൽ ദീർഘ സംഭാഷണങ്ങൾ നടത്തുകയുണ്ടായി. സിനഡ് തീരുമാന പ്രകാരമുള്ള വിശുദ്ധ കുർബാന അർപ്പണരീതി എങ്ങനെ ഫലപ്രദമായും സമാധാന അന്തരീക്ഷത്തിലും നമ്മുടെ അതിരൂപതയിൽ നടപ്പാക്കാം എന്നതായിരുന്നു ചർച്ചകളുടെ ലക്ഷ്യം. ഈ സംരംഭത്തിൽ പങ്കെടുത്ത ആർച്ചുബിഷപ്പ് സിറിൽ വാസിൽ പിതാവിനെയും സഹകരിച്ച ബഹുമാനപ്പെട്ട അച്ചന്മാരേയും സന്ന്യസ്തരേയും അല്മായ സഹോദരങ്ങളേയും ഞാൻ നന്ദിയോടെ ഓർക്കുന്നു.

ചർച്ചകളുടെ ഫലമായി നിർണായകമായ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ സാധിച്ചില്ല. സിനഡ് തീരുമാനപ്രകാരം നമ്മുടെ അതിരൂപത മുമ്പോട്ട് പോകണമെന്നാണ് പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെയും വത്തിക്കാൻ സെക്രട്ടറി ഓഫ് സ്റ്റേറ്റിന്റെയും ഫ്രാൻസിസ് മാർപാപ്പയുടെയും നിശ്ചയം എന്ന് വത്തിക്കാനിലേക്ക് തിരിച്ചു പോകുന്നതിനു മുമ്പ് പൊന്തിഫിക്കൽ ഡലഗേറ്റ് എന്നോട് പറയുകയുണ്ടായി.

ഈ പശ്ചാത്തലത്തിൽ, സിനഡ് തീരുമാനിച്ചതും, ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തതും നടപ്പാക്കാൻ നമ്മോട് ആവശ്യപ്പെട്ടതുംപോലെ നമ്മുടെ കർത്താവീശോമിശിഹായുടെ പിറവി തിരുനാളിന് (ഡിസംബർ 25) സിനഡ് തീരുമാനപ്രകാരമുള്ള കുർബാന അർപ്പണരീതി ആരംഭിക്കാൻ ശ്ലൈഹീക ശുശ്രൂഷയിൽ നിങ്ങളുടെ ജ്യേഷ്ഠസഹോദരനായ ഞാൻ വിനീതമായി നമ്മുടെ അതിരൂപതയിലെ അച്ചന്മാരോടും സന്ന്യസ്തരോടും അല്മായ സഹോദരങ്ങളോടും അഭ്യർത്ഥിക്കുകയും അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. സമാധാന അന്തരീക്ഷത്തിൽ ഇത് നടപ്പാക്കാൻ നിങ്ങൾ നടത്തുന്ന ആത്മാർത്ഥമായ ശ്രമങ്ങൾക്ക് നല്ലവനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നമ്മുടെ അതിരൂപതയുടെ ആസ്ഥാന ദേവാലയമായ സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്ക ഉൾപ്പെടെ അടഞ്ഞുകിടക്കുന്ന ദേവാലയങ്ങൾ എത്രയും വേഗം തുറന്ന് വിശുദ്ധ കുർബാനയും മറ്റു തിരുക്കർമ്മങ്ങളും നടത്താനാവശ്യമായ സാഹചര്യം ഒരുക്കാൻ ചുമതലപ്പെട്ട എല്ലാവരും ശ്രമിക്കേണ്ടതാണ്.

“അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം” (ലൂക്കാ 2:14). ഈശോയുടെ പിറവിയോടനുബന്ധിച്ച് വാനദൂതർ ആശംസിച്ച ഈ സമാധാനം നാം ഓരോരുത്തരുടേയും ഹൃദയത്തിലും നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും അതിരൂപതയിലും സമൂഹത്തിലും നിറയട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ പിറവി തിരുനാളിന്റെ അനുഗ്രഹങ്ങളും നന്മകളും ഏവർക്കും ആശംസിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവം,

**ബിഷപ് ബോസ്കോ പുത്തൂർ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത
23/12/2023

.............................................

N.B.: ഈ സർക്കുലർ 24/12/2023 ഞായറാഴ്ച അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കുന്നതിനായി നൽകിയത്.

# കച്ചേരിക്കാര്യം

## അറിയിപ്പ്

മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്ററായും മാർ ബോസ്കോ പുത്തൂർ പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും ചുമതല ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ, വിശുദ്ധ കുർബാനയിലും മറ്റും പ്രാർത്ഥനകളിലും അഭിവന്ദ്യ പിതാക്കന്മാരെ താഴെ പറയുംവിധം അനുസ്മരിക്കണം.

> ... നമ്മുടെ സഭയുടെ അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ പിതാവിനുവേണ്ടിയും, അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പിതാവിനുവേണ്ടിയും ...

ഫാ. വർഗീസ് പൊട്ടയ്ക്കൽ
പ്രോട്ടോ സിഞ്ചെല്ലൂസ്

08/12/2023

---

## നാമഹേതുകത്തിരുനാൾ

ജനുവരി 31-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന എറണാകളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ **മാർ ബോസ്കോ പുത്തൂർ പിതാവിന്** അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# ജൂബിലി മംഗളങ്ങൾ

## സുവർണ്ണജൂബിലി (1974-75 - 2024-25)




1) ഫാ. മാത്യു ഇടശ്ശേരി
2) ഫാ. പോൾ തേലക്കാട്ട്
3) മോൺസിഞ്ഞോർ ആന്റണി പെരുമാൻ
4) മോൺസിഞ്ഞോർ ആന്റണി നരികുളം
5) ഫാ. പോൾ കോട്ടയ്ക്കൽ (Sr.)
6) ഫാ. ഹോർമിസ് മൈനാട്ടി
7) ഫാ. ജോസഫ് തെക്കുംതല

## രജതജൂബിലി (1999-2000 - 2024-25)




1) ഫാ. തോമസ് കണ്ണാട്ട്
2) ഫാ. പോൾ കോട്ടയ്ക്കൽ (Jr.)
3) ഫാ. പീറ്റർ കോയിക്കര
4) ഫാ. ജോസഫ് (ജോമോൻ) കൈപ്രമ്പാട്ട്
5) ഫാ. ജോസഫ് (ബിജു) പ്ലായ്ക്കൽ
6) ഫാ. വർഗീസ് മൂഞ്ഞേലി (Sr.)
7) ഫാ. വർഗീസ് ആലുക്കൽ
8) ഫാ. പോൾ (ജോബി) പടയാട്ടിൽ
9) ഫാ. വർഗീസ് (ബൈജു) ഇടശ്ശേരി
10) ഫാ. ജോൺസൺ കക്കാട്ട്
11) ഫാ. പീറ്റർ തിരുതനത്തിൽ
12) ഫാ. തോമസ് (ജോഷി) കളപ്പറമ്പത്ത്
13) ഫാ. തോമസ് തറയിൽ

പൗരോഹിത്യസ്വീകരണത്തിന്റെ
**സുവർണ്ണ-രജത ജൂബിലി**
ആഘോഷിക്കുന്ന എല്ലാ വൈദികർക്കും
അതിരൂപതയുടെ മംഗളാശംസകളും പ്രാർത്ഥനയും
സ്നേഹപൂർവ്വം നേരുന്നു!!!

എറണാകുളം മിസ്സം



# നിര്യാതരായി



## ഫാ. ജോസ് പോൾ നെല്ലിശ്ശേരി

**ജനനം: 17-08-1941**
**തിരുപ്പട്ടം: 10-03-1967**
**മരണം: 27-12-2023**

ബഹുമാനപ്പെട്ട ജോസ് പോൾ നെല്ലിശ്ശേരി അച്ചൻ 1941 ആഗസ്റ്റ് 17-ാം തീയതി എളവൂർ കുന്നേൽ ഇടവകയിൽ നെല്ലിശ്ശേരി പരേതരായ കൊച്ചുപൗലോ-കുഞ്ഞന്നം ദമ്പതികളുടെ ഒൻപത് മക്കളിൽ ഒരാളായി ജനിച്ചു. താണ്ടു, സി. എൽഫിജിയ എസ്.എ.ബി.എസ്., സി. ലിസ്ബ എസ്.എ.ബി.എസ്., ത്രേസ്യാമ്മ, സി. ഡൊമിനിക് എസ്.എ.ബി., കുര്യാക്കോസ്, ബഞ്ചമിൻ, ഷാജി എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് ആലുവ-മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി 1967 മാർച്ച് 10-ാം തീയതി കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ ആലങ്ങാട്, കാഞ്ഞൂർ പള്ളികളിൽ സഹവികാരിയായും യോർദ്ദനാപുരം, കൊങ്ങോർപ്പിള്ളി, ശ്രീമൂലനഗരം, തൃക്കാക്കര എൻ.ജി.ഒ. ക്വാർട്ടേഴ്സ്, വൈക്കം നടേൽ, എളമക്കര, തൃപ്പൂണിത്തുറ, എറണാകുളം ബസിലിക്ക, കൊരട്ടി, കൈപ്പട്ടൂർ, പൂണിത്തുറ, കച്ചേരിപ്പടി എന്നിവിടങ്ങളിൽ വികാരിയായും ജോസ് പോൾ അച്ചൻ സേവനം ചെയ്തിട്ടുണ്ട്. തൃക്കാക്കര ഭാരത മാതാ കോളേജ് ബർസാർ, വിജോഭവൻ ഡയറക്ടർ, വൈക്കം വെൽഫെയർ സെന്റർ പ്രിൻസിപ്പാൾ, പൊങ്ങം നൈപുണ്യ കോളേജ് ഡയറക്ടർ, ഞാറയ്ക്കൽ മേരിമാതാ കോളേജ് അദ്ധ്യാപകൻ എന്നീ നിലകളിലും അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്.

വിവിധ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും അജപാലനശുശ്രൂഷകൾക്കു ശേഷം വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ബഹുമാന

പ്പെട്ട ജോസ് പോൾ അച്ചൻ, 82-ാം വയസ്സിൽ, 2023 ഡിസംബർ 27-ാം തീയതി, വാർദ്ധക്യസഹജമായ അസുഖങ്ങളാൽ അങ്കമാലി എൽ. എഫ്. ആശുപത്രിയിൽ വച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോസ് പോൾ നെല്ലിശ്ശേരി അച്ചന്റെ മൃതദേഹം 2023 ഡിസംബർ 28-ന് വൈകിട്ട് 5.00 മുതൽ 5.30 വരെ എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ പൊതുദർശനത്തിന് വച്ചു. തുടർന്ന്, 6.00 മണി മുതൽ പിറ്റേദിവസം (29/12/2023) ഉച്ചയ്ക്ക് 12.00 മണി വരെ എളവൂരിലുള്ള സഹോദരൻ നെല്ലിശ്ശേരി കുര്യാക്കോസിന്റെ ഭവനത്തിലും, തുടർന്ന്, എളവൂർ സെന്റ് ആന്റണീസ് പള്ളിയിലും പൊതുദർശനത്തിന് വച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാര ശുശ്രൂഷകളുടെ മൂന്നാം ഭാഗം ആരംഭിച്ചു. മൂഴിക്കുളം ഫൊറോനയുടെ പ്രീസ്റ്റ്-ഇൻ-ചാർജ് ബഹുമാനപ്പെട്ട ജോൺ തേക്കാനത്ത് അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. ജോസ് പോൾ അച്ചന്റെ ബാച്ചുകാരായ മോൺസിഞ്ഞോർ വർഗീസ് ഞാളിയത്ത്, ഫാ. സെബാസ്റ്റ്യൻ തോട്ടപ്പിള്ളി, എളവൂർ സെന്റ് മേരീസ് ഇടവകക്കാരായ ഫാ. ജോസഫ് കല്ലറയ്ക്കൽ, ഫാ. മാത്യു മണവാളൻ, ഫാ. ജോയ് ചക്യേത്ത് എന്നിവരാണ് മദ്ബഹയിൽ സഹകാർമ്മികരായത്.

അതിരൂപതയുടെ സിഞ്ചെല്ലൂസ് മോൺസിഞ്ഞോർ ആന്റണി പെരുമായൻ ആമുഖസന്ദേശം നൽകി. മോൺസിഞ്ഞോർ വർഗീസ് ഞാളിയത്ത് അച്ചനാണ് വിശുദ്ധ കുർബാന മദ്ധ്യേ വചനസന്ദേശം നൽകിയത്. ജോസ് പോൾ അച്ചന്റെ സഹോദരന്റെ ഭവനത്തിലും, ദേവാലയത്തിലും പൊതുദർശനത്തിന് വച്ചപ്പോൾ മാർ ആന്റണി കരിയിൽ, മാർ എഫ്രേം നരികുളം, മാർ ജോസ് പുത്തൻവീട്ടിൽ, മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ ജേക്കബ് മനത്തോടത്ത് എന്നീ പിതാക്കന്മാർ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

സമർത്ഥനായ ഒരു സാരഥിയായിരുന്നു ജോസ് പോൾ അച്ചൻ എന്ന് തന്റെ ആമുഖസന്ദശത്തിൽ മോൺസിഞ്ഞോർ ആന്റണി പെരുമായൻ അച്ചൻ സൂചിപ്പിച്ചു. പണ്ഡിതനും പ്രാസംഗികനും ഗായകനും അതിലുപരി നല്ലൊരു അജപാലകനുമായിരുന്നു അദ്ദേഹം. തന്റെ ആത്മകഥ എഴുതിയപ്പോൾ അദ്ദേഹം അതിനു നൽകിയ തലക്കെട്ട് ക്രിസ്തു

വിനെപ്രതി തടവുകാരൻ എന്നാണ്. ഈ ശീർഷകം കൊടുക്കാൻ അദ്ദേഹത്തിനെ പ്രേരിപ്പിച്ചത് ക്രിസ്തുവിനെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ബോദ്ധ്യങ്ങളായിരിക്കണം. സീറോമലബാർസഭയെക്കുറിച്ചും ഭരണകാര്യങ്ങളെക്കുറിച്ചും ആരാധനാക്രമത്തെക്കുറിച്ചും നല്ല അറിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. തന്റെ സഹോദര വൈദികരെയും തന്നോടൊപ്പം സേവനം ചെയ്തവരെയും സ്നേഹത്തോടും കരുതലോടും വളർത്താനും പ്രോത്സാഹിപ്പിക്കാനും ജോസ് പോൾ അച്ചൻ പരിശ്രമിച്ചു. അച്ചന്റെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന എല്ലാവർക്കും അതിരൂപതയുടെ സ്നേഹവും അനുശോചനവും മോൺസിഞ്ഞോർ ആന്റണി പെരുമായൻ അച്ചൻ നേർന്നു.

ജോസ് പോൾ നെല്ലിശ്ശേരി അച്ചനെ സർവജ്ഞാനി എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് മോൺസിഞ്ഞോർ വർഗീസ് ഞാളിയത്ത് അച്ചൻ തന്റെ വചനസന്ദേശം ആരംഭിച്ചത്. ഏത് വിഷയത്തെപ്പറ്റി വേണമെങ്കിലും അദ്ദേഹത്തിന് സംസാരിക്കാൻ പറ്റുമായിരുന്നു. അതിനുള്ള അറിവും രീതികളും അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നു. അദ്ദേഹം MA, LLB, MCL എന്നിവ തന്റെ സ്വതസിദ്ധമായ രീതിയിൽ പഠിച്ച് വിജ്ഞാനം നേടിയതാണ്. കാനോൻ നിയമത്തെ സംബന്ധിച്ചും ലിറ്റർജിയെ സംബന്ധിച്ചും പൊളിറ്റിക്സിനെ സംബന്ധിച്ചും ധനശാസ്ത്രത്തെപറ്റിയും അദ്ദേഹത്തിന് വേണ്ടവിധം അറിവുണ്ടായിരുന്നു. 82 വർഷങ്ങൾ ഈ ലോകത്തിൽ ജീവിച്ച്, 56 വർഷങ്ങൾ തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ച് അതിൽ 10 വർഷത്തോളം അതിരൂപതയിലെ മൂന്ന് ഫൊറോന പള്ളികളിൽ ശുശ്രൂഷ ചെയ്ത് 2015 മുതൽ എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ വിശ്രമജീവിതത്തിനായി വന്നു.

ഒരു ഇടവക എന്ന് പറയുന്നത് വ്യത്യസ്തരായ ജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു പ്രദേശമാണ്. ഒരു ഇടവക മറ്റൊരു ഇടവകയിൽ നിന്നും വ്യത്യസ്തമാണ്. അത് ജോസ് പോൾ അച്ചന് കൃത്യമായി അറിയാമായിരുന്നു. ബസിലിക്ക ഇടവകയിലെ ജനങ്ങളല്ല തൃപ്പൂണിത്തറയിൽ ഉള്ളത്. തൃപ്പൂണിത്തറ ഇടവകയിലെ ജനങ്ങളല്ല കൊരട്ടിയിൽ ഉള്ളത്. കൊരട്ടി ഇടവകയിലെ ജനങ്ങൾ അല്ല കച്ചേരിപ്പടിയിൽ ഉള്ളത്. ഇതൊക്കെ വളരെ കൃത്യമായിട്ടും വ്യക്തമായിട്ടും ജോസ് പോൾ അച്ചന് അറിയാമായിരുന്നു. അതുകൊണ്ടാണ് സേവനം ചെയ്ത ഇടവകകളിലെല്ലാം അദ്ദേഹത്തിന് വിജയിക്കാൻ സാധിച്ചത്. അദ്ദേഹത്തിന്

കൃത്യമായ ഒരു പോളിസി ഉണ്ടായിരുന്നു. ഒരു സ്ഥലത്തെ ജനങ്ങളെ അളക്കുന്നത് പോലെയും അവിടുത്തെ ജനങ്ങളെ കണക്കുകൂട്ടുന്നതു പോലെയും മറ്റൊരു സ്ഥലത്തെ ജനങ്ങളെ കണക്കുകൂട്ടരുത് എന്നതാണ്. ഈ നിലപാടാണ് അദ്ദേഹത്തെ തന്റെ സേവന രംഗങ്ങളിൽ വിജയിക്കാൻ സഹായിച്ചത്. താൻ സേവനം ചെയ്ത ഇടങ്ങളിലെ ജനങ്ങളെല്ലാം തന്നെ വ്യത്യസ്തരാണ് എന്നുള്ള ചിന്ത അദ്ദേഹത്തിന് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഒരു പ്രത്യേകത സത്യം, സ്നേഹം, നീതി എന്നിവയെ മുറുകെ പിടിച്ചു എന്നതാണ്. അതിന് എന്ത് വില കൊടുക്കാനും അദ്ദേഹം തയ്യാറായിരുന്നു. സത്യത്തിനും ന്യായത്തിനും വേണ്ടി ജീവിക്കുക അനീതിയെ ചോദ്യം ചെയ്യുക ധാർമികമായ ജീവിതം തന്റെ ഉത്തരവാദിത്തമാണ് എന്ന ബോധ്യത്തോടെ അതിനെ കണ്ടെത്തുക, ഇതൊക്കെ നെല്ലിശ്ശേരി അച്ചനിൽ സ്വായത്തമായ ബോധ്യങ്ങൾ ആയിരുന്നു. ഈ കാലഘട്ടത്തിൽ ജോസ് അച്ചന്റെ വിയോഗം ഒരിക്കലും നികത്താൻ പറ്റുന്ന ഒരു വിടവല്ല. ജോസ് പോൾ അച്ചന് കാനൻ നിയമത്തെക്കുറിച്ച് അറിവുള്ളതുകൊണ്ട് ലിറ്റർജിയെപ്പറ്റി വ്യക്തമായ ബോധ്യങ്ങൾ ഉണ്ടായിരുന്നു. കാര്യങ്ങളൊക്കെ എങ്ങനെ ആയിരിക്കണമെന്നും എങ്ങനെ ആയിരിക്കരുത് എന്നും കൃത്യമായ നിർദ്ദേശം അദ്ദേഹം തരുമായിരുന്നു. ഈ കാലഘട്ടത്തിൽ ദുഃഖിക്കുന്നവരോടൊപ്പം അവരുടെ വേദനകളിലൂടെ കടന്നുപോകുമ്പോൾ അവരെ പ്രോത്സാഹിപ്പിച്ചിരുന്ന അവരെ സഹായിച്ചിരുന്ന അവർക്കുവേണ്ടി എന്ത് ത്യാഗവും സഹിക്കാൻ തയ്യാറായിരുന്ന വ്യക്തിത്വമാണ് ജോസ് പോൾ അച്ചന് ഉണ്ടായിരുന്നത്. വെറുതെ പ്രതികരിക്കുകയല്ല ഓരോ കാര്യങ്ങൾ എടുത്ത് അതിന്റെ കാനോൻ നിയമവശങ്ങളും രീതികളും ഇപ്രകാരമാണെന്ന് കൃത്യമായി പറയാൻ കഴിവും അറിവും ഉള്ള വ്യക്തിത്വം ആയിരുന്നു ജോസ് പോൾ അച്ചന്റേത്.

'ഹു ഈസ് എ പ്രീസ്റ്റ്' എന്ന ചോദ്യത്തിന് ലക്കോഡയർ പറയുന്നത് ഇപ്രകാരമാണ്: "A priest is one who lives in the midst of the world but who is not in desire of the same world." ഈ ലോകത്തിൽ എല്ലാവിധ ദുഃഖങ്ങളുടെയും ദുരിതകളുടെയുംകൂടെ ജീവിക്കുന്ന വ്യക്തിത്വമാണ് പുരോഹിതന്റേത്. പക്ഷേ, ഈ ലോകത്തിലെ ദുഃഖങ്ങളെയും ദുരിതങ്ങളെയും മോഹങ്ങളെയും അതിജീവിക്കാൻ കഴിവുള്ള വ്യക്തികൂടി ആയിരിക്കണം പുരോഹിതൻ. ഒരു പുരോഹിതൻ താൻ ശുശ്രൂഷ ചെയ്യുന്ന ഇടവകയിലെ എല്ലാ ജനങ്ങൾക്കും വേണ്ടിയുള്ള വ്യക്തി

യാണ്. എല്ലാ ഇടവകക്കാർക്കും വേണ്ടിയുള്ള വ്യക്തിയാണ് പക്ഷേ, ഒരു കുടുംബത്തിന്റെ മാത്രം വ്യക്തിയല്ല. ഈ ബോധ്യം നെല്ലിശ്ശേരി അച്ചന് ഉണ്ടായിരുന്നു. അതുകൊണ്ടാണ് വിവിധ നാടുകളിൽ നിന്നും ആളുകൾ പ്രീസ്റ്റ്സ് ഹോമിൽ അദ്ദേഹത്തെ കാണാൻ വന്നുകൊണ്ടിരുന്നത്. ഞാൻ എല്ലാ ഇടവകക്കാർക്കുംവേണ്ടി ജീവിക്കേണ്ട വ്യക്തിയാണെന്നും ഒരു കുടുംബത്തിനും സ്വന്തമായ വ്യക്തിയല്ല എന്നുള്ള ബോധ്യം അച്ചനുണ്ടായിരുന്നു.

ലക്കോഡയർ തുടരുന്നത് ഇപ്രകാരമാണ്. ഒരു പുരോഹിതൻ എല്ലാ ദിവസവും രാവിലെ ബലിയർപ്പിക്കുന്നവനാണ്. ബലി അർപ്പിക്കുമ്പോൾ തന്റെ മുമ്പിൽ നിൽക്കുന്ന മനുഷ്യരുടെ വികാരവിചാരങ്ങൾ അറിയുന്നതുകൊണ്ട് ആ വികാരവിചാരങ്ങൾ മുഴുവനും തമ്പുരാന്റെ മുമ്പിൽ സമർപ്പിക്കാൻ കഴിവുള്ളവനാണ്. അതുകൊണ്ടും തീർന്നില്ല ലക്കോഡയർ പറയുന്നു ദൈവത്തിൽ നിന്നും കിട്ടുന്ന പ്രതീക്ഷകൾ ജനങ്ങളുമായി പങ്കുവയ്ക്കാൻ സാധിക്കുന്നവൻ കൂടിയായിരിക്കണം. ലക്കോഡയർ വിവരിക്കുന്ന ഈ മൂന്നു കാര്യങ്ങളും ജോസ് പോൾ അച്ചനിൽ ഉണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ 56 വർഷത്തെ പുരോഹിത ശുശ്രൂഷ അടുത്തുനിന്നും അകലെ നിന്നും നോക്കി കണ്ടിട്ടുള്ള എല്ലാവർക്കും കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. വിശുദ്ധ പത്രോസ് ശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിൽ അഞ്ചാം അധ്യായത്തിൽ രണ്ടും മൂന്നും വാക്യങ്ങളിൽ പറയുന്ന ചില കാര്യങ്ങളുണ്ട്: “നിങ്ങളെ ഏൽപിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെപ്രതി സൻമനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റെ മേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്, സന്മാതൃക നൽകിക്കൊണ്ടായിരിക്കണം” (1 പത്രോസ് 5:2– 3). ഇടയർക്കുള്ള ഈ നിർദ്ദേശം സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിയ വ്യക്തിയാണ് ജോസ് പോൾ നെല്ലിശ്ശേരിയച്ചൻ.

യേശു പറഞ്ഞു: “വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല” (യോഹന്നാൻ 14:6). വഴിയും സത്യവും ജീവനുമായ ഈശോയെ തന്റെ കൂടെ നിർത്തിക്കൊണ്ട് അല്ലെങ്കിൽ താൻ ഈശോയോട് കൂടെ നിന്നുകൊണ്ട് 56 വർഷക്കാലം തന്നെ ഏൽപ്പിച്ച ദൗത്യത്തിന്റെ പൂർത്തീകരണത്തിന്

വേണ്ടി ജോസ് പോൾ അച്ചൻ ശ്രമിച്ചു. ദൈവവചനം എപ്പോഴും നെല്ലിശ്ശേരി അച്ചന് പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായിരുന്നു. ദൈവവചനാധിഷ്ഠിത ജീവിതം നയിച്ച അദ്ദേഹം അനേകർക്ക് നന്മ ചെയ്ത് വഴിവിളക്കായി നിലകൊള്ളുന്നു.

മൃതദേഹസംസ്കാരശുശ്രൂഷയുടെ അവസാന ഭാഗത്ത് അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവാണ് മുഖ്യകാർമ്മികത്വം വഹിച്ചത്. മാർ തോമസ് ചക്യത്ത് പിതാവും സന്നിഹിതനായിരുന്നു. എളവൂർ സെന്റ് ആന്റണീസ് ഇടവകയിലെയും എറണാകുളം-അങ്കമാലി അതിരൂപതയിലെയും ഒരു പ്രമുഖ വൈദികനാണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നതെന്ന് മാർ ബോസ്കോ പിതാവ് സൂചിപ്പിച്ചു. എറണാകുളത്ത് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി വന്നതിനുശേഷം രണ്ട് പ്രാവശ്യം ബഹുമാനപ്പെട്ട ജോസ് പോൾ അച്ചനെ സന്ദർശിച്ച കാര്യം പിതാവ് ഓർമ്മിച്ചു. ക്രിസ്മസ് ആശംസിക്കാനായി പ്രീസ്റ്റ്സ് ഹോമിൽ ചെന്നപ്പോൾ അദ്ദേഹം വളരെ താല്പര്യപൂർവ്വമാണ് പിതാവുമായി സംസാരിച്ചത്. അടുത്തനാൾ വരെ ജോസ് പോൾ അച്ചൻ സോഷ്യൽ മീഡിയയിൽ സജീവമായിരുന്നു. ഇനി മാലാഖമാർ സ്വർഗീയ പിതാവിന്റെ പക്കലേക്ക് അച്ചനെ അനുഗമിക്കട്ടെ എന്ന പ്രാർത്ഥനയോടെ ബോസ്കോ പിതാവ് അനുശോചനങ്ങൾ നേർന്നു.

അനേകർക്ക് ക്രിസ്തുവിന്റെ സ്നേഹവും കരുണയും സമാധാനവും പകർന്നു നൽകിയ ജോസ് പോൾ അച്ചന് ദൈവം നിത്യശാന്തി നൽകട്ടെയെന്ന് പ്രാർത്ഥിക്കാം. ദൈവജനത്തിന് നല്ല ഇടയനും വൈദികർക്ക് ജ്യേഷ്ഠസഹോദരനും ആയിരുന്നു അദ്ദേഹം. വിശുദ്ധിയുടെ ആത്മീയാചാര്യനായിരുന്ന ബഹുമാനപ്പെട്ട ജോസ് പോൾ നെല്ലിശ്ശേരിയച്ചന് എറണാകുളം-അങ്കമാലി അതിരൂപത ആത്മശാന്തി നേരുന്നു!!!

■



**സി. സോജ FCC**

എസ്.എച്ച്. പ്രൊവിൻസ് എറണാകുളം

| | | |
|---|---|---|
| ജനനം | : | 30-06-1954 |
| വ്രതവാഗ്ദാനം | : | 24-05-1984 |
| മരണം | : | 25-12-2023 |



**സി. ലിസ്യൂ FCC**

എസ്.എച്ച്. പ്രൊവിൻസ് എറണാകുളം

| | | |
|---|---|---|
| ജനനം | : | 03-02-1936 |
| വ്രതവാഗ്ദാനം | : | 11-05-1959 |
| മരണം | : | 17-12-2023 |



**സി. ആൻ മേരി FCC**

എസ്.എച്ച്. പ്രൊവിൻസ് എറണാകുളം

| | | |
|---|---|---|
| ജനനം | : | 28-10-1941 |
| വ്രതവാഗ്ദാനം | : | 07-05-1963 |
| മരണം | : | 15-12-2023 |



**സി. മാഴ്സെല്ല കുരീക്കൽ വെമ്പിള്ളി SD**

സെന്റ് മേരീസ് പ്രൊവിൻഷ്യൽ ഹൗസ്.
ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 10-08-1944 |
| വ്രതവാഗ്ദാനം | : | 06-01-1968 |
| മരണം | : | 12-12-2023 |



**സി. സെലിൻ ട്രീസ കളപ്പറമ്പത്ത് SD**

സെന്റ് മേരീസ് പ്രൊവിൻഷ്യൽ ഹൗസ്.
ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 08-06-1947 |
| വ്രതവാഗ്ദാനം | : | 06-01-1971 |
| മരണം | : | 07-12-2023 |



**സി. ഗർവാസിയ CMC**

വിമലഭവൻ, തൃക്കാക്കര

| | | |
|---|---|---|
| ജനനം | : | 29-11-1929 |
| വ്രതവാഗ്ദാനം | : | 01-05-1958 |
| മരണം | : | 09-12-2023 |



**സി. മെറ്റിൽഡ MSJ**

നിർമ്മല പ്രൊവിൻസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 07-07-1932 |
| വ്രതവാഗ്ദാനം | : | 02-10-1952 |
| മരണം | : | 30-11-2023 |

---

# വാർത്തകളും വിശേഷങ്ങളും

## അബുദാബി മതാന്തര പ്രസ്താവനയിൽ മാർപാപ്പ ഒപ്പുവച്ചു

കാലാവസ്ഥ വ്യതിയാനത്തെ സംബന്ധിച്ച് യു.എ.ഇ. യിൽ നടന്ന ഉച്ചകോടിയിൽ വിവിധ മതനേതാക്കൾ ചേർന്ന് പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ ഫ്രാൻസിസ് മാർപാപ്പ ഒപ്പുവച്ചു. ഈ ആഗോള പ്രതി സന്ധിയെ സംയുക്തമായി നേരിടുന്നതിനുള്ള പൊതുപ്രതിബദ്ധത എല്ലാ മതങ്ങളും പ്രകടിപ്പിക്കുമെന്ന് പ്രസ്താവന വ്യക്തമാക്കുന്നു. മനുഷ്യ വംശത്തോടു മാത്രമല്ല ബലഹീനമായ പരിസ്ഥിതിയോടും പവിത്രമായ കടമയുള്ളവരാകാൻ നമ്മുടെ വിശ്വാസം നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. ആഗോളതാപനം 1.5 ഡിഗ്രി കുറയ്ക്കുവാൻ ആവശ്യമായ പരിവർത്തന നടപടികൾ ലോകം സ്വീകരിക്കേണ്ടതുണ്ട്. ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് ബദൽ ഇന്ധന മാർഗങ്ങളിലേക്ക് ലോകം മാറണം. മുറിവേറ്റ ഈ ലോകത്തെ സൗഖ്യമാക്കുന്നതിനും നമ്മുടെ പൊതുഭവനത്തിന്റെ ശോഭ സംരക്ഷിക്കുന്നതിനും നാം സഹകരണത്തോടെയും വേഗത്തിലും പ്രവർത്തിക്കണം - പ്രസ്താവന വിശദീകരിക്കുന്നു. ഉച്ചകോടിയിൽ മാർപാപ്പ നേരിട്ട് പങ്കെടുക്കും എന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും അനാരോഗ്യം മൂലം പങ്കെടുക്കുകയുണ്ടായില്ല.

## ആദ്യത്തെ ആഗോള ബാലദിനം 2024 മെയ് 25, 26

2024 മെയ് മാസത്തിൽ കുട്ടികൾക്കുവേണ്ടിയുള്ള ആദ്യത്തെ ലോക ബാലദിനം കത്തോലിക്കാസഭ ആഘോഷിക്കുമെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ദിവസമാണ് മാർപാപ്പ ബാലദിനം പ്രഖ്യാപിച്ചത്. വത്തിക്കാൻ സാംസ്കാരിക-വിദ്യാഭ്യാസ കാര്യാലയമാണ് ഈ ദിനാചരണം സംഘടിപ്പിക്കുക. ആഗോള യുവജനദിനംപോലെ കുട്ടികൾക്ക് വേണ്ടിയും ഒരു ദിനം വേണമെന്ന് 9 വയസ്സുള്ള അലസാന്ദ്രോ എന്ന ബാലൻ ആവശ്യപ്പെട്ടതനുസരിച്ചാണ് മാർപാപ്പ ഈ പ്രഖ്യാപനം നടത്തിയത് എന്ന് വത്തിക്കാൻ അറിയിച്ചു. ഈ ദിനാചരണത്തിനായി ലോകമെങ്ങും നിന്ന് ആയിരക്കണക്കിന് കുട്ടികൾ റോമിലേക്ക് എത്തുമെന്നാണ് വത്തിക്കാന്റെ പ്രതീക്ഷ. കഴിഞ്ഞവർഷം നടത്തിയ സമാനമായ ഒരു ദിനാഘോഷത്തിൽ 7500 കുട്ടികൾ 5 വൻകരകളിൽ നിന്നായി റോമിൽ എത്തിയിരുന്നു.

## മാർപാപ്പായുടെ പ്രതിനിധി എറണാകുളത്ത്

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മാർപാപ്പയുടെ പ്രതിനിധി ആർച്ച്ബിഷപ്പ് സിറിൽ വാസിൽ 2023 ഡിസംബർ 13-ന് എറണാകുളത്ത് എത്തി. വത്തിക്കാനിൽ ഫ്രാൻസിസ് പാപ്പായുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷമാണ് അദ്ദേഹം എറണാകുളത്തേയ്ക്ക് തിരിച്ചത്. പത്ത് ദിവസത്തോളം എറണാകുളം അരമനയിൽ താമസിച്ച ആർച്ച്ബിഷപ്പ് സിറിൽ വാസിൽ തന്റെ ദൗത്യനിർവ്വഹണത്തിന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കി 22-ന് തിരിച്ചുപോയി.



# കെ.സി.ബി.സി. സംസ്ഥാനതല ബൈബിൾ കലോത്സവത്തിൽ എറണാകുളം-അങ്കമാലി അതിരൂപത ഓവറോൾ കിരീടം നേടി

കെ.സി.ബി.സി. സംസ്ഥാന ബൈബിൾ കലോത്സവത്തിൽ ഇക്കുറിയും കിരീടം സ്വന്തമാക്കിയ എറണാകുളം-അങ്കമാലി അതിരൂപതാ ടീമംഗങ്ങളെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ബോസ്കോ പുത്തൂർ കലൂർ റിന്യൂവൽ സെന്ററിൽ നടന്ന പ്രത്യേക ചടങ്ങിൽ സമ്മാനം നൽകി ആദരിച്ചു. എറണാകുളം തേവര എസ്. എച്ച്. കോളേജിൽ ആണ് സംസ്ഥാനതല ബൈബിൾ കലോത്സവം ഈ വർഷം നടന്നത്. കേരളത്തിലുള്ള എല്ലാ കത്തോലിക്കാരൂപതകളും ബൈബിൾകലോത്സവത്തിൽ പങ്കെടുത്തു. രണ്ട് വർഷം കൂടുമ്പോഴാണ് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ നേതൃത്വത്തിൽ കെ. സി. ബി. സി. സംസ്ഥാനതല ബൈബിൾ കലോത്സവം സംഘടിപ്പിക്കുന്നത്. 188 പോയന്റ് നേടിയാണ് എറണാകുളം-അങ്കമാലി അതിരൂപത ഓവറോൾ കിരീടം നിലനിർത്തിയത്.



## ചരമവാർഷികം



### മാർ അഗസ്റ്റിൻ കണ്ടത്തിൽ

കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തയുടെ 68-ാം ചരമ വാർഷികം ജനുവരി 10-ാം തീയതി യാണ്. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥി ക്കണമെന്നോർമ്മിപ്പിക്കുന്നു. വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ ദിവ്യബലിയും പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും ഉണ്ടായിരി ക്കുന്നതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

---

## അതിരൂപതാ ഡയറക്ടറി

2024 - 25 വർഷത്തെ അതിരൂപതാ ഡയറക്ടറി പ്രസിദ്ധീ കരിക്കുവാൻ തയ്യാറെടുക്കുന്നു. തിരുത്തലുകൾ വരുത്തേ ണ്ടതായിട്ടുണ്ടെങ്കിൽ **ഫെബ്രുവരി 28 – ന്** മുമ്പായി അവ അതിരൂപതാ കച്ചേരിയിൽ എത്തിച്ചുതരണമെന്ന് താല്പ ര്യപ്പെടുന്നു. E-mail: directoryekm@gmail.com

ചാൻസലർ

# വിശ്വാസപരിശീലനകേന്ദ്രം

1. **സന്മാർഗബോധന പൊതുപരീക്ഷ – 2024 ജനുവരി 05 വെള്ളിയാഴ്ച:** സന്മാർഗബോധന വാർഷിക പരീക്ഷയ്ക്ക് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകളാണ് ഉപയോഗിക്കേണ്ടത്. 2024 ജനുവരി 4-ാം തീയതി ഫൊറോന കേന്ദ്രങ്ങളിൽ നിന്ന് ചോദ്യപേപ്പറുകൾ ലഭിക്കും. ചോദ്യപേപ്പറുകൾ വാങ്ങുമ്പോഴും, സ്കോളർഷിപ്പ് പേപ്പറുകൾ തിരികെ ഏല്പിക്കുമ്പോഴും ഫൊറോന സെക്രട്ടറിയുടെ പക്കലുള്ള രേഖയിൽ ഒപ്പിടേണ്ടതാണ്. അതിരൂപത മോറൽ എഡ്യുക്കേഷൻ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കാണ് ചോദ്യപേപ്പറുകൾ ലഭിക്കുകയുള്ളൂ. സ്കോളർഷിപ്പിന് അർഹതയുണ്ടാകുക അവർക്കു മാത്രമാണ്.

Std V, VII, IX, XI: സമയം രാവിലെ 10.00 മുതൽ 12.00 വരെ
Std IV, VI, VIII, X, XII: സമയം ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെ

2. **പത്താം ക്ലാസ്സ് & ഡിപ്ളോമ കുട്ടികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ:** 2024 ജനുവരി 28 ഞായർ: സമയം ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെ. പരീക്ഷയെ സംബന്ധിച്ചുള്ള മറ്റു വിവരങ്ങൾ സർക്കുലർ വഴി വികാരിച്ചന്മാരെയും പ്രധാനാധ്യാപകരെയും അറിയിക്കുന്നതാണ്.

3. **പ്രതിഭാസംഗമം – 2023 (ADVIKA 2K23):** കാറ്റിക്കിസം ഡിപ്ലോമ രണ്ടാംവർഷ കുട്ടികൾക്കുവേണ്ടി പ്രതിഭാസംഗമം (ADVIKA 2K23) നവംബർ 26-ാം തീയതി ഞായറാഴ്ച അതിരൂപതാകേന്ദ്രത്തിൽ നടത്തി. 16 ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികളാണ് ഇതിൽ പങ്കെടുത്തത്.

അതിരൂപതാതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട നാല് പ്രതിഭകൾ:

1. Bijoy Boby Kurishuveettil - St. George Basilica Angamaly, Angamaly Forane
2. Benzo Benno Manavalan - St. Antony`s Church, Elavoor, Moozhikulam Forane
3. Rosmin Shaju Areeckal - St. George Church, Munnoorpilly, Karukutty Forane
4. Sona Peter Kallumalekkudy - Sacred Heart Church, Aimury, Vallam Forane

എറണാകുളം-അങ്കമാലി അതിരൂപതയെ പ്രതിനിധീകരിച്ച് ഈ നാല് പ്രതിഭകളും സീറോമലബാർസഭയുടെ പ്രതിഭാ സംഗമത്തിൽ (2023 ഡിസംബർ 27, 28, 29 തീയതികളിൽ) പ്രശസ്തമാംവിധം പങ്കെടുത്തു.

4. **കാറ്റിക്കിസം ഫൊറോന ഡയറക്ടർമാരുടെ മീറ്റിംഗ്:** 2023 ഡിസംബർ 1-ാം തീയതി വെള്ളിയാഴ്ച നടത്തി.

5. **സോഷ്യൽ ഔട്ട് റീച്ച് & അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം:** അതത് ക്ലാസ്സ് ടീച്ചേഴ്സ് ഓരോ പ്രോഗ്രാമിന്റെയും റിപ്പോർട്ടും ഓരോ ഇടവകയും ചെലവിടുന്ന തുകയുടെ കണക്കും ജനുവരി 14-ാം തീയതിക്കകം വികാരിയച്ചന്റെ ഒപ്പോടുകൂടി ഫൊറോന സെക്രട്ടറിയുടെ പക്കൽ നൽകുമല്ലോ. സോഷ്യൽ ഔട്ട് റീച്ച് & അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമുകളുടെ മാർക്കുകൾ ജനുവരി 12-ാം തീയതിക്കകം കാറ്റികോർപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

6. **പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസപ്രഖ്യാപനം:** 2024 ഫെബ്രുവരി 04-ാം തീയതിയാണ് ഇടവകകളിൽ നടത്തേണ്ടത് (വചനദീപം, പേജ് 57 ഉം 81 ഉം കാണുക).

7. **കാറ്റിക്കിസം ടീച്ചേഴ്സിന്റെ ഫൊറോനതല മീറ്റ്:** അതത് ഫൊറോനകളുടെ സാഹചര്യം കണക്കിലെടുത്ത് നടത്തിവരുന്നു.

8. 2023 ഡിസംബർ മാസത്തിൽ നടന്ന പരിപാടികൾ:

| | | |
|---|---|---|
| 03 ഞായർ | : | എലൈവ് (കിഴക്കമ്പലം ഫൊറോന) - സെന്റ് ജോസഫ് ചർച്ച്, ചുണങ്ങംവേലി. |
| 09 ശനി | : | എൻലൈറ്റ് (തൃപ്പൂണിത്തുറ ഫൊറോന) - സെന്റ് ജെയിംസ് ചർച്ച്, പൂണിത്തുറ. |
| 10 ഞായർ | : | എലൈവ് (ഇടപ്പള്ളി ഫൊറോന) - സെന്റ് ജോസഫ് ചർച്ച്, കളമശ്ശേരി. |

എലൈവ് & എൻലൈറ്റ് നടത്താൻ സൗകര്യങ്ങൾ ഒരുക്കിത്തന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിൽ അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

## ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

### 2024 ജനുവരി – ഫെബ്രുവരി

**വിവാഹഒരുക്ക ധ്യാനം (MPR)**

ജനുവരി 02-04 (കാലടി)
ജനുവരി 08-10 (കലൂർ)
ജനുവരി 16-18 (കാലടി)
ജനുവരി 22-24 (കലൂർ)
ജനുവരി 30-01 (കാലടി)
ഫെബ്രുവരി 05-07 (കലൂർ)
ഫെബ്രുവരി 20-22 (കാലടി)
ഫെബ്രുവരി 27-29 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** (Contact: 8078334522)

ജനുവരി 05-07

**ദമ്പതി ധ്യാനം** (Contact: 8078334522)

ജനുവരി 11-14

**യൂദിത്ത് ഷൈൻ സിംഗിൾ പാരന്റിംഗ് ധ്യാനം**
(Contact: 9400929111)

ജനുവരി 19-21

**കുടുംബധ്യാനം**

ജനുവരി 19-21 കണ്ടനാട്

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| നവം. 24 | മാർ ലൂയിസ് ബുക്ക് സെന്റർ |
| നവം. 28 | 1. സെന്റ് മൈക്കിൾസ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ്<br>2. വിയാനി പ്രിന്റിങ്ങ്സ്, എറണാകുളം |
| നവം. 30 | 1. ഭാരത മാതാ കോളേജ് എഡ്യുക്കേഷണൽ ട്രസ്റ്റ്<br>2. റിന്യൂവൽ സെന്റർ |
| ഡിസം. 07 | സഹൃദയ വെസ്കോ ക്രെഡിറ്റ് |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| നവം. 21 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| നവം. 23 | 1. നൈപുണ്യ കോളേജ്, പൊങ്ങം<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| നവം. 29 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ഡിസം. 01 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഡിസം. 07 | 1. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി<br>2. ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ഡിസം. 11 | നൈപുണ്യ കോളേജ്, പൊങ്ങം |
| ഡിസം. 12 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| ഡിസം. 14 | സെന്റ് റാഫേൽസ് സ്കൂൾ, എഴുപുന്ന |
| ഡിസം. 15 | കാത്തോലിക് സെന്റർ, ആലുവ |
| ഡിസം. 16 | നൈപുണ്യ കോളേജ്, പൊങ്ങം |
| ഡിസം. 19 | വെൽഫെയർ സെന്റർ, വൈക്കം |
| ഡിസം. 21 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

## എറണാകുളം-അങ്കമാലി അതിരൂപതാ സ്ഥാപന ശതാബ്ദി ഭിന്നശേഷിദിനാചരണം

ഭിന്നശേഷിക്കാർക്കായി എ.ഐ, വിർചൽ റിയാലിറ്റി സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള നൂതന തെറാപ്പി ഉപകരണങ്ങളുടെ പ്രദർശനവും അറിവുകളുമായി എറണാകുളം-അങ്കമാലി അതിരൂപതാ സ്ഥാപന ശതാബ്ദിയോടനുബന്ധിച്ചുള്ള ഭിന്നശേഷി ദിനാചരണം സംഘടിപ്പിച്ചു. സഹൃദയയുടെ ആഭിമുഖ്യത്തിൽ, എറണാകുളം ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, ഇൻക്ലൂസിസ് ഓർഗ് ഫൗണ്ടേഷൻ, പുനർജീവ ടെക്നോളജി സൊല്യൂഷൻസ്, ഇടപ്പള്ളി സെന്റ് ജോർജ്ജ് ഫൊറോനാ പള്ളി, എം.എ.ജെ. ഹോസ്പിറ്റൽ എന്നിവരുടെ സഹകരണത്തോടെ ഇടപ്പള്ളി സെന്റ് ജോർജ് പാരീഷ് ഹാളിലാണ് ഭിന്നശേഷി സംഗമം സംഘടിപ്പിച്ചത്.

## സ്തനാർബുദ സാധ്യതാ പരിശോധനാ പദ്ധതി

സഹൃദയ, കൊച്ചി ഡി ലാബ്സുമായി സഹകരിച്ച് നടപ്പാക്കുന്ന ആശാദീപം സ്തനാർബുദ സാധ്യതാ പരിശോധന പദ്ധതിയുടെ ഉദ്ഘാടനം സംസ്ഥാന കർഷകക്ഷേമ കാർഷിക വികസന വകുപ്പു മന്ത്രി പി. പ്രസാദ് നിർവഹിച്ചു. സഹൃദയ സ്വയം സഹായ സംഘങ്ങൾ, കുടുംബ കൂട്ടായ്മകൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ പരമാവധി സ്ത്രീകൾക്ക് വേദനാരഹിതവും വേഗത്തിലുള്ളതുമായ ഈ പരിശോധനാ പദ്ധതിയുടെ ഗുണഫലം എത്തിക്കാനാണ് പദ്ധതി. പറവൂർ റീജിയണൽ ഓഫീസിലും പൊന്നുരുന്നിയിലും കാലടി സെന്റ് ജോർജ് ഓഡിറ്റോറിയത്തിലും കിഴക്കമ്പലം സെന്റ് ആന്റണീസ് എൽ.പി. സ്കൂൾ ഹാളിലും കാർഡിനൽ നഗർ പാരീഷ് ഹാളിലും ബ്രസ്റ്റ് കാൻസർ സ്ക്രീനിംഗ് ക്യാമ്പും ക്ലാസും സംഘടിപ്പിച്ചു

## സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം

നീലീശ്വരം, ചൂണ്ടി, പള്ളിപ്പുറം, പീച്ചാനിക്കാട്, കെടാമംഗലം, തോപ്പിൽ, അങ്കമാലി, പാറത്തെറ്റ, തുരുത്തിപ്പുറം, നീണ്ടൂർ, മരുത്തോർവട്ടം, പൂണിത്തുറ, കാഞ്ഞൂർ, കവരപറമ്പ്, വെണ്ണല, നെടുവന്നൂർ, ഞാറക്കൽ,

എളങ്കുന്നപ്പുഴ, പുതുവൈപ്പ്, കച്ചേരിപ്പടി, ചുള്ളി ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

**ആരോഗ്യ ബോധവൽക്കരണ ക്ലാസ്, ക്രെഡിറ്റ് ക്യാമ്പ്**

സഹൃദയയുടെയും ആലങ്ങാട് സെന്റ് മേരീസ് പള്ളി വുമൺസ് വെൽഫെയർ സർവ്വീസസിന്റെയും നേതൃത്വത്തിൽ ആലങ്ങാട് സെന്റ് മേരീസ് പാരീഷ് ഹാളിൽ ആരോഗ്യ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

ഇല്ലിത്തോാട്, മലയാറ്റൂർ, കാലടി, എന്നീ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന പുലരി, സ്നേഹ, നവജ്യോതി, ഐശ്വര്യം, എന്നി സ്വയം സഹായ സംഘങ്ങളുടെയും പുതിയകാവ്, കണ്ടനാട് എന്നി ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഉദയ, എയ്ഞ്ചൽ, ഐശ്വര്യ, ചൈതന്യ എന്നീ സ്വയം സഹായ സംഘങ്ങളുടെയും ചെമ്മനത്തുകര, ടി.വി.പുരം എന്നീ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന പൂർണിമ, മൈത്രി എന്നി സ്വയം സഹായ സംഘങ്ങളുടെയും പള്ളിപ്പുറം ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന വിമല, മിഥുനം എന്നീ സ്വയം സഹായ സംഘങ്ങളുടെയും കുറുമശ്ശേരി, ഓൾഡ് കുത്തിയതോട്, കിടങ്ങൂർ എന്നീ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഐശ്വര്യ, മിത്ര, അക്ഷയ, തേജസ് എന്നീ സ്വയം സഹായ സംഘങ്ങളുടെയും നോർത്ത് കിടങ്ങൂർ, താബോർ, മൂന്നാംപറമ്പ് എന്നീ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന കരുണ, നവജ്യോതി, സംഗീത എന്നീ സ്വയം സഹായ സംഘങ്ങളുടെയും ക്രെഡിറ്റ് ക്യാമ്പ് നടത്തി. കോക്കുന്ന് ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന പുതിയ സ്വയം സഹായ സംഘങ്ങൾക്ക് വേണ്ടിയുള്ള ശാക്തീകരണ ക്ലാസ്സ് നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് മരുന്നുവിതരണം**

സഹൃദയയുടേയും ചുണങ്ങുംവേലി സെന്റ് ജോസഫ് ചർച്ച് സഹൃദയ ഫെഡറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ, ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയുടെ സഹകരണത്തോടെ ചുണങ്ങംവേലിയിലും, സഹൃദയയുടേയും തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോന പള്ളി സി.എൽ.സി. യുടെയും സംയുക്താഭിമുഖ്യത്തിൽ ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയുടെ സഹകരണത്തോടെ തൃപ്പൂണിത്തുറയിലും, സഹൃദയയുടെയും

പുഷ്പഗിരി ഫാത്തിമ മാതാ ഇടവകയുടെയും സംയുക്താഭിമുഖ്യ ത്തിൽ, ചൂണ്ടി കാർമൽ ആശുപത്രിയുടെ സഹകരണത്തോടെ പുഷ്പ ഗിരിയിലും, സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നു വിതരണവും സംഘടിപ്പിച്ചു.

**കൊന്ത നിർമ്മാണ പരിശീലനം**

കൊരട്ടി-ശാന്തിപുരം വില്ലേജിൽ 22 അംഗങ്ങൾക്ക് സഹൃദയയുടെ നേതൃത്വത്തിൽ കൊന്ത നിർമ്മാണ പരിശീലനം നൽകി.

**ജെ.എൽ.ജി. കൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ.എൽ.ജി. കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക്) നവംബർ 2023 സ്വയംതൊഴിൽ വിപുലീകരണത്തിനായി 78,80000/- രൂപ ലോൺ നൽകി.

**ജെ.എൽ.ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി. താന്നിപ്പുഴ, അയ്യമ്പുഴ, കോട്ടക്കാവ്, സെബിപുരം, കോക്കുന്ന്, കൊല്ലക്കോട്, ഇല്ലിത്തോട്, കണ്ടനാട് ചുള്ളി, കൊതവറ, പള്ളുരുത്തി, ഞാറല്ലൂർ, തവളപ്പാറ, കണ്ടനാട്, കൂടാലപ്പാട് ആലങ്ങാട്, പുഷ്പഗിരി എളംകുന്നപുഴ, കീഴ്മാട് എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ ചേർത്തല, വൈക്കം എറണാകുളം, പറവൂർ അങ്കമാലി, കാലടി എന്നി മേഖലകളിലെ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 70 സംഘങ്ങളിലെ 469 അംഗ ങ്ങൾക്ക് സ്വയംതൊഴിൽ വിപുലീകരണത്തിനായി 2023 ഡിസംബർ മാസത്തിൽ 251,50,000/- രൂപ വായ്പയായി വിതരണം ചെയ്തു.

**മാലിന്യ സംസ്കരണ സംവിധാനം**

സഹൃദയ ടെക്കിന്റെ സാങ്കേതിക സഹായത്തോടെ എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ സ്ഥാപിച്ച മാലിന്യ സംസ്കരണ സംവി ധാനത്തിന്റെ ഉദ്ഘാടനം നഗരസഭാ മേയർ അഡ്വ. എം. അനിൽകുമാർ

നിർവഹിച്ചു. ദിവസേന 10 കിലോഗ്രാം ഭക്ഷണമാലിന്യം സംസ്കരിക്കുന്നതിനു ശേഷിയുള്ള ബയോബിന്നുകളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ ഗ്ലാസ്, പേപ്പർ, പ്ലാസ്റ്റിക്ക്, മെറ്റൽ, ഇ-വേസ്റ്റ് തുടങ്ങിയവ തരം തിരിച്ചു ശേഖരിക്കുന്നതിനുള്ള സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്.

**ഊർജ്ജ സംരക്ഷണ ദിനാചരണം**

സഹൃദയ സ്വയം സഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ എനർജി മാനേജ്മെന്റ് സെന്റർ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, ലൈഫ് സ്റ്റൈൽ ഫോർ എൻവയോൺമെന്റ്, എന്നിവരുടെ സഹകരണത്തോടെ സഹൃദയ ടെക്ക് ഊർജ സംരക്ഷണ ദിനാചരണം കവരപ്പറമ്പ് പാരിഷ് ഹാളിൽ സംഘടിപ്പിച്ചു.

**സഹൃദയ ഭക്ഷ്യവസ്തു നിർമാണ യൂണിറ്റ്**

സഹൃദയയുടെ നേതൃത്വത്തിൽ വിജോപുരം ബനാന വില്ലേജിൽ ഭക്ഷ്യവസ്തു നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ഭക്ഷ്യമേഖലയിൽ മഞ്ഞൾ, മുളക്, മല്ലി എന്നിവ വൃത്തിയായി പൊടിച്ച്, പാക്കറ്റുകളിലാക്കി സഹൃദയ ഹെൽത്ത് ആൻഡ് കെയർ മാർട്ട് വഴി ജനങ്ങളിലേക്ക് നേരിട്ടെത്തിക്കുന്നു. ഗോതമ്പുപൊടി, അരിപ്പൊടി, കമ്പം പൊടി, ശുദ്ധമായ വെളിച്ചെണ്ണ എന്നിവയും ലഭ്യമാകുന്നതാണ്.

**എബിലിറ്റി ഫെസ്റ്റ്**

പുത്തൻപള്ളി ഇടവകയിൽ സഹൃദയയുടെ നേതൃത്വത്തിൽ എബിലിറ്റി ഫെസ്റ്റ് സംഘടിപ്പിച്ചു.

**ക്രിസ്മസ് ആഘോഷം**

സഹൃദയ സംഘങ്ങൾ, ട്രാൻസ്ജെൻഡർ പ്രോജക്റ്റ്, സ്റ്റാഫംഗങ്ങൾ തുടങ്ങിയവരുടെ ആഭിമുഖ്യത്തിൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947**

- **Overseas Education**
  - Apply For Germany- Aupair, FSJ, Ausbildung
  - Start Applying for Australia - February 2024 Intake
  - IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**
  - ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു.

- **Talent Track Meet**
  - ടാലന്റ് ട്രാക്ക് വിദ്യാർത്ഥികൾക്കും ആനിമേറ്റേഴ്സിനുമായി എല്ലാ വർഷവും സംഘടിപ്പിക്കുന്ന സംഗമം 2024 ജനുവരി 13-ന് കലൂർ റിന്യൂവൽ സെന്റർ സിസ്റ്റർ റാണിമരിയ ഹാളിൽ നടത്തപ്പെടുന്നു. Ms. Gaby Kuipers കുട്ടികളോട് സംവദിക്കും. വികാരിയച്ചന്മാരും വിദ്യാർത്ഥികളും ആനിമേറ്റേഴ്സും ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 9072919144**

- **പ്രോഗ്രാമുകൾ - ഡിസംബർ 2023**

1. ഇറ്റാലിയൻ കോഴ്സ് (A1, A2) പുതിയ ബാച്ചുകൾ
2. സ്പാനിഷ് കോഴ്സ് (A1 & A2) ഓൺലൈൻ പുതിയ ബാച്ചുകൾ
3. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & ഹൈസ്കൂൾ ക്ലാസ്സുകൾ തുടരുന്നു (2023-2024)

4. KAS കോച്ചിംഗ് ക്ലാസ്സിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2023-2024)
5. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs - JANUARY**

- UGC NET/JFR PAPER I & PAPER II (Batch for 2024 June exam)
- BANK (IBPS, PO, CLERK, SO) (new admission all Mondays)
- SSC (CGL, CHSL, MTS) (new admission all Mondays)
- C MAT, K-MAT (admission for next Exam)
- PSC - LDC 2024 (new admission all Mondays)
- IELTS - Regular class (all Mondays new batch)
- PTE (Pearson Test of English) (all Mondays new batch)
- Tuition - Science and Maths classes for Std. 8, 9, 10
- SET

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

### ഡിസംബർ 2023

04-06 പാലാരിവട്ടം പി. ഒ. സി. യിൽ കെ. സി. ബി. സി യോഗത്തിൽ പങ്കെടുത്തു.

06 ദൈവദാസൻ മോൺസിഞ്ഞോർ ജോസഫ് കണ്ടത്തിൽ അച്ചന്റെ നാമകരണനടപടികളുമായി ബന്ധപ്പെട്ട ഹിസ്റ്റോറിക്കൽ കമ്മീഷൻ റിപ്പോർട്ട് സ്വീകരിച്ചു.

07 അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്നുള്ള രാജി മാർപാപ്പ സ്വീകരിച്ചതിനെത്തുടർന്ന് പ്രസ്തുത സ്ഥാനം പുതിയ അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവിന് കൈമാറി.

## ബിഷപ്പ് ബോസ്കോ പുത്തൂർ

### ഡിസംബർ 2023

07 എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു.

08 അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിനെയും അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവിനെയും സന്ദർശിച്ചു. തൃശ്ശൂരിലെയും എടക്കുന്നിലെയും വൈദികമന്ദിരങ്ങളിലെ ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ചു.

09 ലിസി ഹോസ്പിറ്റലിന്റെ ബോർഡ് യോഗത്തിൽ പങ്കെടുത്തു.

11 തൃക്കാക്കര സി.എം.സി. മഠാംഗമായ സി. ഗർവ്വാസിയയുടെ മൃതസംസ്കാരകർമ്മങ്ങളുടെ അവസാനഭാഗത്ത് കാർമ്മികത്വം വഹിച്ചു.
വിജോഭവൻ വൈദികമന്ദിരത്തിലെ ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ചു.

12 ആലോചനാസമിതിയുടെ യോഗത്തിൽ പങ്കെടുത്തു.

13 പേപ്പൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് സിറിൾ വാസിൽ പിതാവിനെ നെടുമ്പാശ്ശേരി എയർപോർട്ടിൽ സ്വീകരിച്ചു.

വൈകുന്നേരം സിറിൾ വാസിൽ പിതാവുമൊരുമിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസ് സന്ദർശിച്ചു.

17 മലയാറ്റൂർ മിണ്ടാമഠം സന്ദർശിച്ചു.

കൈപ്ര കൃപാസദൻ മഠത്തിൽ സി. ലിസ്യൂ എഫ്.സി.സി. യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21 രാവിലെ ചുണങ്ങംവേലി എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസിൽ സി. ജൊവാനയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ, സീറോമലബാർ ഹയരാർക്കി സ്ഥാപന ശതാബ്ദി ആഘോഷങ്ങളുടെ സമാപനദിവ്യബലിയിലും ആഘോഷങ്ങളിലും പങ്കെടുത്തു.

വൈകുന്നേരം പാലാരിവട്ടം പി. ഒ. സി. യിൽ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

22 പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് സിറിൾ വാസിൽ പിതാവിനെ എയർപോർട്ടിൽ നിന്ന് യാത്രയാക്കി.

ലിസി ആശുപത്രിയിൽ ഡോക്ടേഴ്സുമൊരുമിച്ച് ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

തൃക്കാക്കര വിജോഭവനിൽ ബഹുമാനപ്പെട്ട വൈദികർക്ക് ക്രിസ്മസ് ആശംസകൾ നേർന്നു.

തൃക്കാക്കര മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളുടെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

താന്നിപ്പുഴ ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിന് സമാപനസന്ദേശം നൽകി.

23 ഉച്ചയ്ക്ക് അരമനയിലെ സ്റ്റാഫംഗങ്ങളോടൊപ്പം ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

വിവിധ മഠങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വന്നവർക്ക് ക്രിസ്മസ് ആശംസകൾ നേർന്നു.

24 രാവിലെ എടക്കുന്ന് പ്രീസ്റ്റ് ഹോമിൽ ബഹുമാനപ്പെട്ട വൈദികർക്ക് ക്രിസ്മസ് ആശംസകൾ നേർന്നു.

ഉച്ചയ്ക്ക് പൊതി പ്രീസ്റ്റ് ഹോമിൽ ബഹുമാനപ്പെട്ട വൈദികർക്ക് ക്രിസ്മസ് ആശംസകൾ നേർന്നു.

കളമശ്ശേരി സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസിൽ അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിനെയും ചുണങ്ങംവേലി നിവേദിതയിൽ അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവിനെയും സന്ദർശിച്ച് ക്രിസ്മസ് ആശംസകൾ നേർന്നു.

24 രാത്രി അരമന ചാപ്പലിൽ തിരുപിറവിയുടെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

25 അതിരൂപതയിലെ സെന്റ് വിൻസന്റ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ എറണാകുളം നോർത്തിൽ പാവപ്പെട്ടവർക്ക് പ്രഭാതഭക്ഷണം നൽകുന്ന പരിപാടിയിൽ പങ്കെടുക്കുകയും ആശംസകൾ അറിയിക്കുകയും ക്രിസ്മസിനോടനുബന്ധിച്ചുള്ള ഭക്ഷണവിതരണം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

മഞ്ഞപ്രയിൽ ബഹുമാനപ്പെട്ട മാത്യു കിലുക്കൻ അച്ചന്റെ വന്ദ്യമാതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

26 മറ്റൂരിൽ കല്ലുങ്ങൽ പൗലോസ് ഭാര്യ അച്ചാമ്മയുടെ മൃതദേഹത്തിങ്കൽ (ഭവനത്തിൽ) ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

തുറവുങ്കരയിൽ ബഹുമാനപ്പെട്ട ജോഷി വേഴപ്പറമ്പിൽ അച്ചന്റെ വന്ദ്യപിതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

29 എളവൂർ സെന്റ് ആന്റണീസ് ദേവാലയത്തിൽ ബഹുമാനപ്പെട്ട ജോസ് പോൾ നെല്ലിശ്ശേരി അച്ചന്റെ മൃതസംസ്കാരകർമ്മങ്ങളുടെ അവസാനഭാഗത്ത് കാർമ്മികത്വം വഹിച്ചു.

30 ചുണങ്ങംവേലി എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസിൽ സി. ഔറേലിയ-യുടെ മൃതസംസ്കാരകർമ്മങ്ങളുടെ അവസാനഭാഗത്ത് കാർമ്മികത്വം വഹിച്ചു.

പുത്തൻപള്ളി പള്ളിയുടെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനത്തിൽ സംബന്ധിച്ചു.

31 കെ. സി. ബി. സി. സംസ്ഥാന ബൈബിൾ കലോത്സവത്തിൽ കിരീടം സ്വന്തമാക്കിയ എറണാകുളം-അങ്കമാലി അതിരൂപതാ ടീമംഗങ്ങളെ കലൂർ റിന്യൂവൽ സെന്ററിൽ നടന്ന പ്രത്യേക ചടങ്ങിൽ സമ്മാനം നൽകി ആദരിച്ചു.

* * * * *



RNI No. 3421/57
Date of Publication: 01-01-2024
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org